RAMADAN SPECIAL ISSUE

www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 20 | 2017 MAY 27 | ₹15


## റമദാൻ: സലഫുകളുടെ മാതൃക

## വിശുദ്ധമാസവും വേദഗ്രന്ഥങ്ങളും



# വിശുദ്ധ ക്വുർആൻ
# മാനവർക്ക് മാർഗദീപം

**MSM**



# 21-ാമത് ക്വുർആൻ വിജ്ഞാന പരീക്ഷ

**2017 ജൂൺ 11**

സിലബസ്
മുഹമ്മദ് അമാനി മൗലവിയുടെ ക്വുർആൻ വിവരണം
ജുസ്അ് 30 (അധ്യായം 78 - 114), മുഖവുര

- ഇന്ത്യക്കകത്തും വിദേശത്തും പരീക്ഷാ കേന്ദ്രങ്ങൾ
- റാങ്ക് ജേതാക്കൾക്ക് ക്യാഷ് പ്രൈസ്

MSM KERALA, EKP Complex, Kallai Road, Calicut 02
Contact: +91 8156812292
www.msmkerala.co.in/qvp17

WISDOM
GLOBAL ISLAMIC MISSION

നേർപഥം
വാരിക

0020 / 2017 മെയ് 27 / 1438 റമദാൻ 1 / പുസ്തകം 01 / ലക്കം 20



# റമദാൻ സലഫുകളുടെ മാതൃക

ശമീർ മദീനി / 10



# വിശുദ്ധമാസവും വേദഗ്രന്ഥങ്ങളും

മെഹബൂബ് മദനി ഒറ്റപ്പാലം/ 40

**മുഖമൊഴി**

ധന്യമായ ദിനരാത്രങ്ങൾ / 05
എഡിറ്റർ

**ക്വുർആൻ പഠനം**

ക്വുർആൻ അവതരിച്ച മാസം/ 43
അബൂ അമീൻ

**ഓർമ**

ഗതകാല നോമ്പോർമകൾ / 47
പി.എൻ.അബ്ദുല്ലത്തീഫ് മദനി

**ലേഖനങ്ങൾ**

പ്രവാചകൻ (സ്വ) പഠിപ്പിച്ച നോമ്പ്/15
അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി

സ്ത്രീ സംബന്ധമായ വ്രത നിയമങ്ങൾ/18
ഫദ്ലുൽ ഹഖ് ഉമരി ആമയൂർ

റിയ്യാൻ കവാടത്തിലെ വിരുന്നുകാരാവാൻ /20
കെ.സി.മുഹമ്മദ് നജീബ്

നോമ്പിന്റെ മഹത്ത്വം / 22
മുഹമ്മദ് സ്വാദിക് മദീനി

**ലേഖനങ്ങൾ**

റമദാൻ: സ്ത്രീകൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ / 25
അബ്ദുൽ മാലിക് സലഫി മൊറയൂർ

പിശാചുക്കൾ ചങ്ങലകളിൽ ബന്ധിക്കപ്പെട്ടിട്ടും തിന്മകളോ? /27
അൻവർ അബൂബക്കർ

സ്ഥിരപ്പെട്ട സുന്നത്ത് നോമ്പുകൾ/28
ദുൽക്കർ ഷാൻ അലനല്ലൂർ

ക്വുർആനിലെ കഥകൾ ഒരു പഠനം/30
അശ്റഫ് എകരൂൽ

ക്വുർആൻ വരുത്തിയ വിപ്ലവം /35
നാസിർ ബാലുശ്ശേരി

ക്വുർആൻ വ്യാഖ്യാനത്തിന്റെ രീതിശാസ്ത്രം/37
അബൂബക്കർ സലഫി

ക്വുർആൻ പഠനത്തിന്റെ ശ്രേഷ്ഠത/44
സഅ്ഫർ സാദിഖ് മദീനി

ചില നോമ്പുകാർ ഇങ്ങനെയാണ് / 48
ശമീർ മുണ്ടേരി

ക്വുർആൻപാരായണം : ചില മര്യാദകൾ/50
മുഹമ്മദ് ജാസിം

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Managing Editor: Nasir Balusseri I Editor: Usman Palakkazhi
Chief Editor: Anil Primrose I Web Editor: Haseeb Elayur I Design & Layout: Elan Creativo
Cover: Riyas K I mail@nerpatham.com I www.nerpatham.com

## വായനക്കാർ എഴുതുന്നു




# ഹദീഥ് നിഷേധികൾ എങ്ങനെ നോമ്പനുഷ്ഠിക്കും?

ഹദീഥ് നിഷേധവുമായി ബന്ധപ്പെട്ട് ഡോ.അശ്റഫ് മൗലവി എഴുതിയ ലേഖനം കാലികപ്രസക്തവും പഠനാർഹവുമാണ്. വിശ്വാസ കാര്യങ്ങളാണെങ്കിലും കർമപരമായ കാര്യങ്ങളാണെങ്കിലും പൂർണമായ രീതിയിൽ പ്രാവർത്തികമാക്കണമെങ്കിൽ പ്രവാചക ചര്യ പിൻപറ്റൽ അനിവാര്യമാണ്. ഹദീഥ് നിഷേധികൾക്ക് എങ്ങനെ സകാത്ത് കൊടുക്കാൻ കഴിയും? എത്ര കാശുണ്ടെങ്കിൽ, എത്ര സ്വർണമുണ്ടെങ്കിൽ, കാർഷികോൽപന്നങ്ങൾ എത്രയുണ്ടെങ്കിലാണ് സകാത്ത് നിർബന്ധമായിത്തീരുന്നത്? എത്രയാണ് സകാത്തായി കൊടുക്കേണ്ടത്? ഇതൊന്നും ക്വുർആനിൽ വിശദീകരിക്കുന്നില്ലല്ലോ. നോമ്പിന്റെ വിശദാംശങ്ങൾ ക്വുർആനിൽ ഇല്ലാത്ത സ്ഥിതിക്ക് ഇവർക്ക് എങ്ങനെ നോമ്പ് നോൽക്കാൻ കഴിയും?

ഹദീഥ് നിഷേധം വാസ്തവത്തിൽ അല്ലാഹുവിനെ നിഷേധിക്കൽ കൂടിയാണ്. പ്രവാചകനെ അനുസരിച്ച് അദ്ദേഹത്തെ പിൻപറ്റി ജീവിക്കൽ ഒരു സത്യവിശ്വാസിയുടെ ബാധ്യതയാണ്. പ്രവാചകനെ ഒഴിവാക്കി അല്ലാഹുവിനെ അനുസരിക്കുക സാധ്യമല്ല. ലോകരുടെ മാതൃകാ പുരുഷനാണ് അദ്ദേഹം. അല്ലാഹു പറയുന്നു: "തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്....."(33:21)

വിശ്വാസികൾ പ്രവാചകനെ അനുസരിക്കേണ്ടതിന്റെ അനിവാര്യതയിലേക്ക് വെളിച്ചം വീശുന്ന നിരവധി വചനങ്ങൾ വിശുദ്ധ ക്വുർആനിൽ കാണാം.

"(നബിയേ) പറയുക : നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ, പറയുക: നിങ്ങൾ നിങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിക്കുവിൻ. ഇനി അവർ പിന്തിരിഞ്ഞുകളയുന്ന പക്ഷം അല്ലാഹു സത്യനിഷേധികളെ സ്നേഹിക്കുന്നതല്ല; തീർച്ച" (3:31-32).

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. അല്ലാഹുവിന്റെ ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാവുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണുവേണ്ടത്). അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനവും" (4: 59).

"അല്ലാഹുവിന്റെ ഉത്തരവ് പ്രകാരം അനുസരിക്കപ്പെടുവാൻ വേണ്ടിയല്ലാതെ നാം ഒരു ദൂതനെയും അയച്ചിട്ടില്ല..." (4:64).

"ആർ അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുന്നുവോ അവർ അല്ലാഹു അനുഗ്രഹിച്ചവരായ പ്രവാചകന്മാർ, സത്യസന്ധൻമാർ, രക്തസാക്ഷികൾ, സച്ചരിതന്മാർ എന്നിവരോടൊപ്പമായിരിക്കും. അവർ എത്ര നല്ല കൂട്ടുകാർ" (4:69).

പ്രവാചകനെ അനുസരിക്കൽ വിശ്വാസിയുടെ ബാധ്യതയാകുമ്പോൾ അനുസരിക്കാതിരിക്കൽ അവിശ്വാസത്തിന്റെ ലക്ഷണവും പരലോക ശിക്ഷക്കു വിധേയമാക്കുന്നതുമാണ്.

ഉന്നതമായ സ്വഭാവ ഗുണങ്ങളുള്ള വ്യക്തിയായിട്ടാണ് വിശുദ്ധ ക്വുർആൻ പ്രവാചകനെ പരിചയപ്പെടുത്തിയിരിക്കുന്നത്. അൽപം പോലും തിന്മ കലർന്നിട്ടില്ലാത്ത ആ സ്വഭാവ വിശുദ്ധി മാനവരാശിക്ക് എന്നും മാതൃകയാണ്. ക്വുർആൻ പറയുന്നു:"തീർച്ചയായും നീ മഹത്തായ സ്വഭാവത്തിലാകുന്നു" (68:4).

അറബി വംശജരിലേക്ക് മാത്രമായുള്ള ദൈവദൂതനായിരുന്നില്ല മുഹമ്മദ് നബി(സ്വ) എന്നും ലോകജനതയിലേക്ക് ആകമാനം നിയോഗിക്കപ്പെട്ട ദൂതനായിരുന്നു അദ്ദേഹമെന്നും വിശുദ്ധ ക്വുർആൻ പലയിടങ്ങളിലായി വ്യക്തമാക്കിയിട്ടുണ്ട്.

"നിന്നെ മനുഷ്യർക്കാകമാനം സന്തോഷവാർത്ത അറിയിക്കുവാനും താക്കീത് നൽകുന്നവനും ആയിക്കൊണ്ട് തന്നെയാണ് നാം അയച്ചിട്ടുള്ളത്. പക്ഷേ, മനുഷ്യരിൽ അധികപേരും അറിയുന്നില്ല" (34:28).

മുഹമ്മദ് നബി(സ്വ)യുടെ ആഗമനം മാനവരാശിക്ക് അനുഗ്രഹമാണ് എന്നാണ് ക്വുർആൻ പറയുന്നത്. സ്രഷ്ടാവ് ആഗ്രഹിക്കുന്ന മാർഗത്തിൽ ജീവിക്കേണ്ട മനുഷ്യന് ആ മാർഗം ഏതെന്ന് കാണിച്ചുകൊടുക്കൽ ഏറ്റവും വലിയ അനുഗ്രഹം തന്നെയാണല്ലോ.

"...എന്റെ അനുഗ്രഹം ഞാൻ നിങ്ങൾക്ക് പൂർത്തിയാക്കിത്തരുവാനും നിങ്ങൾ സൻമാർഗം പ്രാപിക്കുവാനും വേണ്ടിയാണിതെല്ലാം. നമ്മുടെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് ഓതിക്കേൾപിച്ച് തരികയും നിങ്ങളെ സംസ്കരിക്കുകയും നിങ്ങൾക്ക് വേദവും വിജ്ഞാനവും പഠിപ്പിച്ചുതരികയും നിങ്ങൾക്കറിവില്ലാത്തത് നിങ്ങൾക്കറിയിച്ചു തരികയും ചെയ്യുന്ന നിങ്ങളുടെ കൂട്ടത്തിൽ നിന്നുതന്നെയുള്ള ഒരു ദൂതനെ നിങ്ങളിലേക്ക് നാം നിയോഗിച്ചത് (വഴി നിങ്ങൾക്ക് ചെയ്ത അനുഗ്രഹം) പോലെത്തന്നെയാകുന്നു ഇതും"(2:150-151).

**-ഫസീന, അത്തോളി**

മുഖമൊഴി

# ധന്യമായ ദിനരാത്രങ്ങൾ

ഇസ്‌ലാമിലെ നിർബന്ധമായ കർമാനുഷ്ഠാനങ്ങളിൽ പെട്ടതാണ് ഒരുമാസത്തെ വ്രതാനുഷ്ഠാനം. പ്രഭാതം മുതൽ പ്രദോഷം വരെ അന്നപാനീയങ്ങളിൽ നിന്നും വികാരപൂർത്തീകരണത്തിൽ നിന്നും വിട്ടുനിൽക്കുക വഴി ജീവിത വിശുദ്ധി കൈവരിക്കുക എന്നതാണ് ഇസ്‌ലാം വ്രതാനുഷ്ഠാനം കൊണ്ട് വിവക്ഷിക്കുന്നത്. ദൈവമാർഗത്തിൽ പ്രവർത്തിക്കുവാനുള്ള സഹനവും ത്യാഗസന്നദ്ധതയും വളർത്തിയെടുക്കുന്ന വ്രതാനുഷ്ഠാനം വിവിധ രൂപങ്ങളിൽ എല്ലാ മത സമൂഹങ്ങളിലും നിലനിന്നിരുന്നതായി കാണാൻ കഴിയും.

മുൻസമുദായങ്ങളിലേതിൽ നിന്ന് വ്യത്യസ്തമായി ക്ലിപ്തമായ ഒരു കാലയളവിലാണ് ഇസ്‌ലാമിൽ വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നത്. അന്ത്യനാൾ വരെയുള്ള മനുഷ്യർക്കെല്ലാമായുള്ള മാർഗദർശനവുമായി അവതരിപ്പിക്കപ്പെട്ട വിശുദ്ധ ക്വുർആനിന്റെ അവതരണം മൂലം ധന്യമായ റമദാൻ മാസത്തിൽ വ്രതമനുഷ്ഠിക്കുവാനാണ് മുസ്‌ലിം കൽപിക്കപ്പെട്ടിരിക്കുന്നത്. വിശുദ്ധ ക്വുർആൻ പറയുന്നത് കാണുക: "ജനങ്ങൾക്ക് മാർഗദർശനമായിക്കൊണ്ടും, നേർവഴി കാണിക്കുന്നതും സത്യവും അസത്യവും വേർതിരിക്കുന്നതുമായ സുവ്യക്ത തെളിവുകളായിക്കൊണ്ടും വിശുദ്ധ ക്വുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു റമദാൻ. അതുകൊണ്ട് നിങ്ങളിൽ ആർ ആ മാസത്തിൽ സന്നിഹിതരാണോ അവർ ആ മാസം വ്രതമനുഷ്ഠിക്കേണ്ടതാണ്" (2:185).

വ്രതാനുഷ്ഠാനം ദോഷബാധയെ സൂക്ഷിക്കുന്നതിന് വിശ്വാസികളെ സജ്ജമാക്കുന്നു. ദൈവഹിതത്തെ മാത്രം മാനിച്ചുകൊണ്ട് ആഹാരപാനീയങ്ങൾ വെടിയുകയും വികാരങ്ങൾ നിയന്ത്രിക്കുകയും ചെയ്യുന്ന ഒരാളിൽ ദൈവബോധവും സൂക്ഷ്മതയും വർധിക്കുമെന്ന കാര്യത്തിൽ സംശയമില്ല. താൻ സദാ ദൈവത്താൽ നിരീക്ഷിക്കപ്പെടുന്നുണ്ടെന്ന ബോധം മാത്രമാണല്ലോ രഹസ്യവും പരസ്യവുമായി ഭക്ഷണപാനീയങ്ങൾ ഉപയോഗിക്കുന്നതിൽ നിന്നും ലൈംഗികബന്ധത്തിൽ നിന്നും ഒഴിഞ്ഞുനിൽക്കാൻ അവനെ പ്രേരിപ്പിക്കുന്നത്.

പരലോകബോധമില്ലായിരുന്നുവെങ്കിൽ രഹസ്യമായെങ്കിലും അവൻ തിന്നുകയും കുടിക്കുകയും വികാരപൂർത്തീകരണം സാധിക്കുകയും ചെയ്യുമായിരുന്നു. ഇതു ചെയ്യാതെ ഒരു മാസക്കാലം തുടർച്ചയായി ഉപവസിക്കുന്ന ഒരാളിൽ ദൈവബോധവും സൂക്ഷ്മതയും വളർന്നുവരികയും ജീവിതത്തിൽ ഉടനീളം ദോഷബാധയെ സൂക്ഷിക്കുവാൻ അയാൾ സന്നദ്ധനാവുകയും ചെയ്യുമെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ടാണ് വ്രതാനുഷ്ഠാനം നിർബന്ധമാക്കിക്കൊണ്ടുള്ള കൽപനയിൽ 'നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടിയത്രെ അത്' എന്ന് വിശുദ്ധ ക്വുർആൻ പറഞ്ഞിരിക്കുന്നത്.

വ്യക്തിപരമായ ത്യാഗമനോഭാവവും സേവനസന്നദ്ധതയും അർപ്പണബോധവും നോമ്പുകാരനിൽ വളർന്നുവരുന്നു. അതോടൊപ്പം തന്നെ അവനിൽ സാമൂഹ്യബോധവും സമസൃഷ്ടിസ്നേഹവും വള ർത്താനും വ്രതാനുഷ്ഠാനത്തിന് സാധിക്കും. വിശപ്പിന്റെ വേദന അനുഭവിച്ചറിയുന്ന നോമ്പുകാരന് പട്ടിണിപ്പാവങ്ങളോട് സ്വാഭാവികമായും ദീനാനുകമ്പ വളർന്നുവരുന്നു. ഏതു പിശുക്കനെയും വ്രതം ഉദാരനാക്കുകയും പാവപ്പെട്ടവരെ പരിഗണിക്കുന്നവരാക്കി മാറ്റുകയും ചെയ്യുന്നു. അതോടൊപ്പം തന്നെ റമദാനിലെ വ്രതം ദരിദ്രനെയും ധനികനെയും ഐക്യപ്പെടുത്തുന്നു. പകലിൽ അനുഭവിക്കുന്ന വിശപ്പും ദാഹവും ഇരുവർക്കും ഒരേപോലെയാണല്ലോ. ഇത് വൈകാരികസമത്വത്തിന് നിമിത്തമാവുകയും ഇസ്‌ലാമിക സമൂഹത്തിന്റെ കെട്ടുറപ്പിനത് കാരണമാവുകയും ചെയ്യുന്നു.

വ്യക്തിയെ സ്വയംനിയന്ത്രണത്തിന് പാത്രമാക്കുകയും മ്ലേഛമായ സ്വഭാവങ്ങളിൽ നിന്ന് മുക്തമാക്കുകയും ചെയ്യുകയാണ് വ്രതാനുഷ്ഠാനത്തിൻെറ ലക്ഷ്യമെന്ന് പറഞ്ഞുവല്ലോ. ഈ ലക്ഷ്യത്തിനു തകുന്ന രീതിയിലായിരിക്കണം ഒരാൾ വ്രതമനുഷ്ഠിക്കേണ്ടത്. അവൻ ചീത്ത വാക്കുകളിൽ നിന്നും പ്രവൃത്തികളിൽ നിന്നും പൂർണമായി മുക്തനായിരിക്കണം. അതില്ലാത്ത നോമ്പ് വ്യർഥമാണ്. പ്രവാചകൻ(സ) പറഞ്ഞു: "ആര് വ്രതാനുഷ്ഠാനത്തോടൊപ്പം അസത്യഭാഷണവും അനാശാസ്യ പ്രവർത്തനങ്ങളും കൈവെടിയുന്നില്ലയോ അവൻ തന്റെ ഭക്ഷണപാനീയങ്ങൾ ഉപേക്ഷിക്കുന്നതിൽ അല്ലാഹുവിന് താൽപര്യമില്ല."



അബ്ദുൽ അളീം ബദവി അൽഖലഫി

# നോമ്പിന്റെ കർമശാസ്ത്രം

**ഇ**സ്‌ലാമിന്റെ പഞ്ച സ്തംഭങ്ങളിലൊന്നായ നോമ്പ് ഇസ്‌ലാമിക ശരീഅത്തിലെ നിർബന്ധ ശാസനകളിൽ പെട്ട ഒന്നാണ്.

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾക്കു മുമ്പുള്ളവർക്ക് നോമ്പ് നിർബന്ധമാക്കപ്പെട്ടതു പോലെ നിങ്ങൾക്കും നോമ്പ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ സൂക്ഷ്മാലുക്കളായിത്തീരുന്നതിനു വേണ്ടിയത്രെ അത്. എണ്ണപ്പെട്ട ഏതാനും ദിവസങ്ങളിൽ മാത്രം. നിങ്ങളിലാരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്താൽ മറ്റു ദിവസങ്ങളിൽ അത്രയും എണ്ണം നോമ്പുകൾ വീട്ടേണ്ടതാണ്. ഞെരുക്കത്തോടെയല്ലാതെ നോമ്പെടുക്കാൻ സാധിക്കാത്തവർ ഒരു ദരിദ്രനുള്ള ഭക്ഷണം പ്രായശ്ചിത്തമായി നൽകേണ്ടതാണ്. എന്നാൽ ആരെങ്കിലും സ്വയം താൽപര്യമെടുത്ത് കൂടുതൽ നന്മ ചെയ്യുന്നുവെങ്കിൽ അതു ഗുണകരം തന്നെ, നിങ്ങൾ നോമ്പനുഷ്ഠിക്കുന്നതാകുന്നു കാര്യം നന്നായി മനസ്സിലാക്കുന്നുവെങ്കിൽ നിങ്ങൾക്കു നല്ലത്. ജനങ്ങൾക്ക് മാർഗദർശകമായിക്കൊണ്ടും നേർവഴി കാണിക്കുന്നതായും സത്യാസത്യങ്ങളെ വിവേചിച്ചു കാണിക്കുന്നതുമായ വ്യക്തമായ തെളിവുകളും കൊണ്ട് വിശുദ്ധ ക്വുർആൻ അവതീർണമായ മാസമാകുന്നു റമദാൻ. അതുകൊണ്ട് നിങ്ങളിൽ ആരാണോ ആ മാസത്തിൽ സന്നിഹിതരായത് അവരെല്ലാം വ്രതമെടുക്കേണ്ടതാണ്, വല്ലവരും രോഗിയാവുകയോ യാത്രപോവുകയോ ചെയ്താൽ പകരം അത്രയും എണ്ണം നോമ്പ് (പിന്നീട്) വീട്ടേണ്ടതാണ്. നിങ്ങൾക്ക് എളുപ്പമുണ്ടാവണമെന്നാണ് അല്ലാഹു ഉദ്ദേശിക്കുന്നത്, ഞെരുക്കം ഉണ്ടാക്കാൻ അവൻ ഉദ്ദേശിക്കുന്നില്ല. നിങ്ങൾ ആ എണ്ണം പൂർത്തിയാക്കുവാനും നിങ്ങൾക്ക് വഴികാണിച്ചു തന്നതിന്റെ പേരിൽ അല്ലാഹുവിന്റെ മഹത്ത്വം പ്രകീർത്തിക്കുവാനും വേണ്ടിയത്രെ (അങ്ങിനെ കൽപിച്ചിരിക്കുന്നത്)" (അൽബക്വറ: 183-185).

ഇബ്നു ഉമർ(റ) നിവേദനം. നബി(സ്വ)പറഞ്ഞു: "ഇസ്‌ലാം സ്ഥാപിതമായിരിക്കുന്നത് അഞ്ചു കാര്യങ്ങളിന്മേലാണ്: 'അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ല, മുഹമ്മദ് നബി(സ്വ) അല്ലാഹുവിന്റെ ദൂതനാകുന്നു' എന്ന സത്യസാക്ഷ്യ വചനം, നമസ്‌കാരം മുറപോലെ നിർവഹിക്കൽ, സകാത്ത് നൽകൽ, ഹജ്ജ് നിർവഹിക്കൽ, നോമ്പ് നോൽക്കൽ എന്നിവയാണവ" (ബുഖാരി, മുസ്‌ലിം).

**റമദാനിലെ നോമ്പിന്റെ ശ്രേഷ്ഠത**

അബൂഹുറയ്റ(റ) നിവേദനം. നബി(സ്വ) പറഞ്ഞു : "വിശ്വാസത്തോടെയും പ്രതിഫലേച്ഛയോടെയും ആരെങ്കിലും റമദാനിലെ നോമ്പ് അനുഷ്ഠിച്ചാൽ അവന്റെ മുൻകാല പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്. വിശ്വാസത്തോടെയും പ്രതിഫലേച്ഛയോടെയും ആരെങ്കിലും ലൈലതുൽ ക്വദ്റിൽ രാത്രി നമസ്കരിച്ചാൽ അവന്റെ മുൻകഴിഞ്ഞ പാപങ്ങളെല്ലാം പൊറുക്കപ്പെടുന്നതാകുന്നു" (ബുഖാരി, മുസ്‌ലിം).

അബൂഹുറയ്റ(റ) നിവേദനം. നബി(സ്വ) പറഞ്ഞു: "അല്ലാഹു ഇപ്രകാരം പറഞ്ഞിരിക്കുന്നു: 'മനുഷ്യന്റെ മുഴുവൻ കർമങ്ങളും അവനുള്ളതാകുന്നു. നോമ്പൊഴികെ. അത് എനിക്കുള്ളതാണ്. ഞാൻ അതിന് പ്രതിഫലം നൽകുകയും ചെയ്യും. നോമ്പ് ഒരു പരിചയാണ്. അതിനാൽ നിങ്ങളിലൊരാളും നോമ്പിന്റെ ദിനത്തിൽ അസഭ്യം പറയുകയോ കലഹിക്കുകയോ ചെയ്യരുത്. ആരെങ്കിലും തന്നോട് ചീത്ത പറയുകയോ കലഹിക്കുകയോ ചെയ്താൽ 'ഞാൻ നോമ്പുകാരനാണെ'ന്ന് അവൻ പറയട്ടെ. മുഹമ്മദിന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെ സത്യം, നോമ്പെടുക്കുകവഴി നോമ്പുകാരന്റെ വായിൽനിന്നുന്ന ഗന്ധം അന്ത്യനാളിൽ അല്ലാഹുവിന്റെയടുക്കൽ കസ്തൂരിയെക്കാൾ സുഗന്ധമുള്ളതായിരിക്കും. നോമ്പുകാരന് രണ്ട് സന്തോഷങ്ങളുണ്ട്. ഒന്ന് നോമ്പ് തുറക്കുമ്പോഴും മറ്റൊന്ന് അല്ലാഹുവിനെ കണ്ടുമുട്ടുമ്പോഴും" (ബുഖാരി, മുസ്‌ലിം).

സഅ്‌ലുബ്നു സഅ്ദ്(റ) നിവേദനം. നബി(സ്വ) അരുളി: "റയ്യാൻ എന്നു പേരുള്ള ഒരു കവാടം സ്വർഗത്തിലുണ്ട്. അത് നോമ്പുകാർക്കുള്ളതാണ്. അന്ത്യനാളിൽ നോമ്പുകാർ അതിലൂടെ പ്രവേശിക്കുന്നതാണ്. നോമ്പുകാരല്ലാതെ അവരോടൊപ്പം (അതിലൂടെ) ആരും പ്രവേശിക്കുന്നതല്ല. (ആ കവാടത്തിന്റെയടുത്ത് നിന്നും) ഇപ്രകാരം വിളിച്ചുപറയപ്പെടും: 'എവിടെ നോമ്പുകാർ?' അങ്ങനെ അവർ മാത്രം പ്രവേശിക്കും. അവർ പ്രവേശിച്ചു കഴിഞ്ഞാൽ ആ കവാടം അടക്കപ്പെടും. പിന്നീട് ഒരാളെയും അതിലൂടെ കടത്തിവിടുകയില്ല"(ബുഖാരി, മുസ്‌ലിം).

*മാസപ്പിറവി ദൃശ്യമാകുന്നതോടെയാണ് നോമ്പ് നിർബന്ധമാവുന്നത്:*

അബൂഹുറയ്റ(റ) നിവേദനം. നബി(സ്വ) പറഞ്ഞു: "മാസപ്പിറവി കാണുന്നതു പ്രകാരം നിങ്ങൾ നോമ്പ് അനുഷ്ഠിക്കുകയും മാസം കണ്ടാൽ നിങ്ങൾ നോമ്പ് മുറിക്കുകയും ചെയ്യുക. മേഘംമൂലമോ മറ്റോ കാണാൻ കഴിയാതെ പോയാൽ നിങ്ങൾ മാസം മുപ്പതായി ഗണിക്കുക" (ബുഖാരി, മുസ്‌ലിം).

*പിറവി ഉറപ്പിക്കേണ്ടത് എങ്ങനെ?*

നീതിമാനായ ഒരാളെങ്കിലും മാസപ്പിറവി കണ്ടുവെന്ന് സാക്ഷ്യപ്പെടുത്തുകവഴിയോ ശഅ്ബാൻ മുപ്പതു പൂർത്തിയാക്കൽ വഴിയോ ആണ് റമദാൻ സ്ഥിരപ്പെടുന്നത്.

ഇബ്നു ഉമർ(റ) നിവേദനം: "ജനങ്ങൾ മാസപ്പിറവി കാണാൻ ഒരുമിച്ചുകൂടുകയും അങ്ങനെ ഞാൻ പിറവി ദർശിക്കുകയും നബി(സ്വ)യെ അറിയിക്കുകയും ചെയ്തു. അതനുസരിച്ച് നബി(സ്വ) നോമ്പ് എടുക്കുകയും നോമ്പ് പിടിക്കാൻ ആളുകളോട് നിർദേശിക്കുകയും ചെയ്തു" (അബൂദാവൂദ്).

ആകാശം മേഘാവൃതമായതിനാലോ മറ്റോ പിറവി ദർശിക്കാതിരിക്കുകയാണെങ്കിൽ ശഅ്ബാൻ മുപ്പതായി ഗണിക്കുകയും പിന്നീട് നോമ്പ് തുടങ്ങുകയും ചെയ്യേണ്ടതാണ്. അബൂഹുറയ്റ(റ)വിൽ നിന്നു മുകളിൽ ഉദ്ധരിച്ച ഹദീഥിൽ നിന്ന് അത് വ്യക്തമാണ്.

ആർക്കെല്ലാമാണ് റമദാനിലെ നോമ്പ് നിർബന്ധം?

പ്രായപൂർത്തിയായ, ബുദ്ധിയും ആരോഗ്യവുമുള്ള ഓരോ വിശ്വാസിക്കും നോമ്പ് നിർബന്ധമാണ്. ആർത്തവകാരികളും പ്രസവാനന്തരം രക്തസ്രാവമുള്ളവരും നോമ്പെടുക്കേണ്ടതില്ലെന്നതിന് താഴെ പറയുന്ന ഹദീഥ് രേഖയാണ്:

അബൂസഈദുൽ ഖുദ്‌രി(റ) നിവേദനം. നബി (സ്വ) പറഞ്ഞു: "സ്ത്രീകൾ ആർത്തവ-പ്രസവ സമയങ്ങളിൽ നമസ്കാരവും നോമ്പും പിടിക്കാൻ പാടില്ലല്ലോ, അതാണ് അവർക്ക് മതത്തിലുള്ള കുറവ്" (മുസ്‌ലിം).

അവർ അത്തരം സമയങ്ങളിൽ നോമ്പ് അനുഷ്ഠിച്ചാൽ അത് മതിയാവുകയില്ല. കാരണം ആർത്തവ-പ്രസവ രക്ത സ്രാവങ്ങളിൽ നിന്നു ശുദ്ധിയായിരിക്കുക എന്നത് നോമ്പിന്റെ നിബന്ധനകളിൽ പെട്ടതാണ്.

ആഇശ(റ) പറഞ്ഞു: "ഞങ്ങൾക്ക് നബി(സ്വ)യുടെ കാലത്ത് ആർത്തവമുണ്ടായാൽ നോമ്പ് പിന്നീട് നോറ്റുവീട്ടുവാൻ ഞങ്ങളോട് കൽപിക്കുമായിരുന്നു. നമസ്കാരം വീട്ടാൻ കൽപിക്കാറുണ്ടായിരുന്നില്ല"(ബുഖാരി).

*വൃദ്ധന്മാരും വൃദ്ധകളും രോഗശമനത്തിൽ പ്രതീക്ഷയില്ലാത്തവരും ചെയ്യേണ്ടത്:*

പ്രായാധിക്യത്താലോ മറ്റോ നോമ്പനുഷ്ഠിക്കാൻ സാധിക്കാത്തവർ ഓരോ നോമ്പിനും പകരമായി ഓരോ ദരിദ്രർക്കുള്ള ഭക്ഷണം നൽകിയാൽ മതിയാകുന്നതാണ്.

"ഞെരുക്കത്തോടെയല്ലാതെ നോമ്പെടുക്കാൻ സാധിക്കാത്തവർ പകരമായി ഒരു ദരിദ്രനുള്ള ഭക്ഷണം പ്രായശ്ചിത്തമായി നൽകേണ്ടതാണ്" (2:184) എന്ന ആയത്തിൽ നിന്നും അതാണ് വ്യക്തമാകുന്നത്.

അത്വാഅ്(റ) പറയുന്നു: 'ഞെരുക്കത്തോടെയല്ലാതെ നോമ്പെടുക്കാൻ സാധിക്കാത്തവർ ഒരു ദരിദ്രനുള്ള ഭക്ഷണം പ്രായശ്ചിത്തമായി നൽകേണ്ടതാണ്' എന്ന സൂക്തം ഇബ്നു അബ്ബാസ്(റ) പാരായണം ചെയ്യുകയും അതിലെ വിധി ദുർബലപ്പെടുത്തപ്പെട്ടിട്ടില്ലെന്ന് പറയുകയും ചെയ്യാറുണ്ടായിരുന്നു. അതായത്, കിഴവന്മാരും കിഴവികളും നോമ്പ് എടുക്കാൻ കഴിയില്ലെന്ന് കണ്ടാൽ ഓരോ നോമ്പിനും പകരമായി ഓരോ ദരിദ്രർക്കുള്ള ഭക്ഷണം നൽകിയാൽ മതിയാകുന്നതാണ്" (ബുഖാരി).

*ഗർഭിണികളും മുലയൂട്ടുന്നവരും:*

ഗർഭിണികളും മുലയൂട്ടുന്ന സ്ത്രീകളും നോമ്പു മുഖേന തങ്ങൾക്കോ കുട്ടികൾക്കോ പ്രയാസം വരുമെന്നു ഭയപ്പെട്ടാൽ നോമ്പ് ഒഴിവാക്കാവുന്നതും പകരം പ്രായശ്ചിത്തം നൽകാവുന്നതുമാണ്. പിന്നീട് വീട്ടേണ്ടതില്ല.

ഇബ്നു അബ്ബാസ്(റ)വിൽ നിന്ന് നിവേദനം: "ഗർഭിണികൾ തങ്ങളെക്കുറിച്ചോ മുലയൂട്ടുന്നവർ കുട്ടികളെക്കുറിച്ചോ ഭയപ്പെടുന്നുവെങ്കിൽ അവർക്ക് നോമ്പ് ഒഴിവാക്കാവുന്നതും പകരം പ്രായശ്ചിത്തം മാത്രം നൽകിയാൽ മതിയാകുന്നതുമാണ്, പിന്നീട് വീട്ടേണ്ടതില്ല" (ത്വബ്രി).

**നോമ്പിന്റെ ഘടകങ്ങൾ**

*നിയ്യത്ത്*: 'കർമങ്ങൾക്കെല്ലാം പ്രതിഫലം നിൽകപ്പെടുക ഉദ്ദേശ്യശുദ്ധിക്കനുസരിച്ചു മാത്രമാണ്' എന്ന് നബി(സ്വ) ഓർമപ്പെടുത്തിയിട്ടുണ്ട്.

റമദാനിലെ നോമ്പിന് ഓരോ ദിവസവും പ്രഭാതോദയത്തിനു മുമ്പു തന്നെ നിയ്യത്ത് ചെയ്യേണ്ടതാണ്. ഹഫ്സ(റ) നിവേദനം. നബി(സ്വ) പറഞ്ഞു: "പ്രഭാതോദയത്തിന് മുമ്പായി നിയ്യത്ത് ചെയ്യാത്തവരുടെ നോമ്പ് സാധുവല്ല" (അബൂദാവൂദ്, തിർമിദി).

*നോമ്പ് മുറിയുന്ന കാര്യങ്ങളിൽ നിന്നും പ്രഭാതോദയം മുതൽ സൂര്യാസ്തമയം വരെ വിട്ടുനിൽക്കൽ:*

അല്ലാഹു പറയുന്നു: "ഇനി മുതൽ നിങ്ങൾക്ക് അവരുമായി ബന്ധം പുലർത്താവുന്നതാണ്, നിങ്ങൾക്ക് അല്ലാഹു അവരിലൂടെ വിധിച്ചത് നിങ്ങൾ തേടിക്കൊള്ളുക. പ്രഭാതത്തിന്റെ വെളുത്ത ഇഴകൾ രാത്രിയുടെ കറുത്ത ഇഴകളിൽ നിന്നും വ്യക്തമാകുന്നതുവരെ നിങ്ങൾ അന്നപാനീയങ്ങൾ ഉപയോഗിക്കുകയും ചെയ്യുക. പിന്നീട് (പ്രഭാതമായാൽ) രാത്രിവരെ നിങ്ങൾ നോമ്പ് പൂർത്തിയാക്കുകയും ചെയ്യുക" (അൽബക്വറ: 187).

**നോമ്പ് മുറിയുന്ന കാര്യങ്ങൾ**

*മനഃപൂർവം അന്നപാനീയങ്ങൾ ഉപയോഗിക്കൽ:*

മറന്നുകൊണ്ട് തിന്നുകയോ കുടിക്കുകയോ ചെയ്താൽ പിന്നീട് നോമ്പ് നോറ്റു വീട്ടുകയോ പ്രായശ്ചിത്തം നൽകുകയോ ചെയ്യേണ്ടതില്ല. മറിച്ച് അയാളുടെ നോമ്പ് പരിപൂർണമാണ്.

അബൂഹുറയ്റ(റ) നിവേദനം: "ആരെങ്കിലും നോമ്പുകാരനായിരിക്കെ മറന്നുകൊണ്ട് തിന്നുകയോ കുടിക്കുകയോ ചെയ്താൽ അവൻ നോമ്പ് പൂർത്തിയാക്കിക്കൊള്ളട്ടെ, അവനെ ഭക്ഷിപ്പിച്ചതും കുടിപ്പിച്ചതും അല്ലാഹുവാണ്" (ബുഖാരി,മുസ്‌ലിം,ഇബ്നുമാജ).

*കരുതിക്കൂട്ടി ഛർദിക്കൽ:*

അബൂഹുറയ്റ(റ) നിവേദനം. നബി(സ്വ) പറഞ്ഞു: "ഉണ്ടാക്കി ഛർദിക്കുന്നവൻ നോമ്പ് വീണ്ടും എടുക്കട്ടെ. മനഃപൂർവമല്ലാതെ ഛർദിക്കുന്നവൻ നോമ്പ് പിന്നീട് പിടിക്കേണ്ടതില്ല" (അബൂദാവൂദ്).

സ്ത്രീകൾക്ക് മാസമുറയോ പ്രസവാനന്തര രക്തസ്രാവമോ ഉണ്ടാവൽ (നോമ്പ് തുറക്കുന്നതിനു തൊട്ടു മുമ്പാണെങ്കിലും).

ഇണചേരൽ, അതുമുഖേന നോമ്പ് നഷ്ടപ്പെടുത്തുന്നവർ താഴെ പറയുന്ന പ്രായശ്ചിത്തവും കൂടി നൽകേണ്ടതാണ്.

അബൂ ഹുറയ്റ(റ) നിവേദനം: ഞങ്ങൾ നബി(സ്വ)യുടെ അടുത്തായിരിക്കെ ഒരു വ്യക്തി കടന്നുന്ന് പറഞ്ഞു: 'പ്രവാചകരേ, ഞാൻ നശിച്ചിരിക്കുന്നു.' അവിടുന്ന് ചോദിച്ചു: 'എന്തുപറ്റി?' അയാൾ പറഞ്ഞു: 'ഞാൻ നോമ്പുകാരനായിരിക്കെ ഭാര്യയുമായി ലൈംഗികബന്ധം പുലർത്തി.' അപ്പോൾ നബി(സ്വ) ചോദിച്ചു: 'നിനക്ക് ഒരു അടിമയെ മോചിപ്പിക്കുവാൻ കഴിയുമോ?' അയാൾ പറഞ്ഞു: 'ഇല്ല.' അപ്പോൾ നബി(സ്വ) ചോദിച്ചു: 'നിനക്ക് രണ്ടു മാസം തുടർച്ചയായി നോമ്പെടുക്കാൻ കഴിയുമോ?' 'കഴിയില്ല'- അയാൾ മറുപടി പറഞ്ഞു. നബി(സ്വ) വീണ്ടും ചോദിച്ചു: 'നിനക്ക് അറുപത് ദരിദ്രർക്ക് ഭക്ഷണം നൽകാൻ കഴിയുമോ?' അയാൾ പറഞ്ഞു: 'ഇല്ല.' അങ്ങനെ നബി(സ്വ)യും അനുയായികളും പള്ളിയിൽ തന്നെ




യിരിക്കെ ഒരു കുട്ടനിറയെ ഈന്തപ്പഴം നബി(സ്വ)യുടെ മുന്നിൽ കൊണ്ടുവരപ്പെട്ടു. നബി(സ്വ) ചോദിച്ചു: 'എവിടെ ആ ചോദ്യകർത്താവ്?' അദ്ദേഹം പറഞ്ഞു: 'ഞാനിതാ.' നബി(സ്വ) പറഞ്ഞു: 'ഈ കുട്ടയിലുള്ള ഈന്തപ്പഴം എടുത്തു നീ ദരിദ്രർക്ക് വിതരണം ചെയ്യുക.' അയാൾ പറഞ്ഞു: 'എന്നെക്കാളും ദരിദ്രനോ പ്രവാചകരേ? ഈ രണ്ടു കുന്നുകൾക്കിടയിൽ എന്നെക്കാൾ ദരിദ്രനായി വേറെ ആരുമില്ല.' അപ്പോൾ നബി(സ്വ) തന്റെ അണപ്പല്ലുകൾ കാണുന്നതുവരെ ചിരിച്ചു. എന്നിട്ടു പറഞ്ഞു: 'എങ്കിൽ നീയും നിന്റെ കുടുംബവും ഭക്ഷിച്ചു കൊള്ളുക" (ബുഖാരി, മുസ്‌ലിം).

**നോമ്പുകാരൻ പുലർത്തേണ്ട മര്യാദകൾ**

*അത്താഴം:* അനസ്(റ) നിവേദനം. നബി(സ്വ) പറഞ്ഞു: "നിങ്ങൾ അത്താഴം കഴിക്കുക, നിശ്ചയമായും അതിൽ അനുഗ്രഹമുണ്ട്" (ബുഖാരി, മുസ്‌ലിം).

അൽപം വെള്ളംമാത്രമെ കുടിക്കുന്നുള്ളൂ എങ്കിൽ പോലും അത്താഴം കഴിച്ചവനായി മാറുന്നതാണ്.

ഇബ്നു ഉമർ(റ) നിവേദനം: "നിങ്ങൾ അൽപം വെള്ളം കുടിച്ചുകൊണ്ടെങ്കിലും അത്താഴം കഴിക്കുക" (അൽജാമിഅ്, ഇബ്നുഹിബ്ബാൻ).

*അത്താഴം പരമാവധി പിന്തിപ്പിക്കുന്നതാണ് സുന്നത്ത്:*

സൈദ് ബിൻ ഥാബിത്(റ) നിവേദനം: "ഞങ്ങൾ നബി(സ്വ)യോടൊന്നിച്ച് അത്താഴം കഴിക്കുകയും സുബ്ഹി നമസ്കരിക്കുകയും ചെയ്തു. അപ്പോൾ അനസ്(റ) ചോദി ച്ചു: 'അത്താഴത്തിനും ബാങ്കിനുമിടയിൽ എത്ര സമയം ഉണ്ടായിരുന്നു?' സൈദ്(റ) പറഞ്ഞു: 'അമ്പത് ആയത്തുകൾ പാരായണം ചെയ്യുവാനുള്ളത്ര സമയം" (ബുഖാരി, മുസ്ലിം).

അത്താഴം കഴിച്ചുകൊണ്ടിരിക്കെ ബാങ്കുവിളിച്ചാൽ കയ്യിലെടുത്ത ഭക്ഷണ സാധനങ്ങൾ മുഴുവനാക്കാവുന്നതാണ്

അബൂഹുറയ്റ(റ) നിവേദനം. നബി(സ്വ) പറയുന്നു: "നിങ്ങളിലാരെങ്കിലും ഭക്ഷണം കഴിച്ചുകൊണ്ടിരിക്കെ ബാങ്ക്വിളിക്കുന്നതു കേട്ടാൽ ആവശ്യമുള്ളത് കഴിക്കുന്നതിനു മുമ്പ് നിർത്തേണ്ടതില്ല" (അബൂദാവൂദ്, ഹാകിം).

*നോമ്പിന്റെ അന്തഃസത്തയോട് നിരക്കാത്ത വിനോദങ്ങൾ, അശ്ലീല സംസാരങ്ങൾ എന്നിവ ഒഴിവാക്കൽ:*

നബി(സ്വ) പറഞ്ഞു: "നോമ്പ് ദിവസത്തിൽ ആരും മ്ലേഛമായി സംസാരിക്കുകയോ ബഹളമുണ്ടാക്കുകയോ കലഹിക്കുകയോ ചെയ്യരുത്. വല്ലവനും കലഹവും ചീത്തയുമായി ആരെയെങ്കിലും നേരിട്ടാൽ ഞാൻ നോമ്പുകാരനാണെന്നു പറഞ്ഞു ഒഴിഞ്ഞുമാറട്ടെ" (അബൂദാവൂദ. ഹാകിം).

"വ്യാജ വാക്കുകൾ പറയുന്നതും അതനുസരിച്ചു പ്രവർത്തിക്കുന്നതും വെടിയാത്തവർ അന്ന പാനീയങ്ങൾ വെടിഞ്ഞ് പട്ടിണികിടക്കണമെന്ന് അല്ലാഹുവിന് യാതൊരു ആവശ്യവുമില്ല" (ബുഖാരി, അബൂദാവൂദ്).

*ദാനധർമങ്ങൾ വർധിപ്പിക്കുകയും ക്വുർആൻ പഠിക്കുകയും ചെയ്യൽ:*

ഇബ്നു അബ്ബാസ്(റ) നിവേദനം: "നബി(സ്വ) അങ്ങേയറ്റം ഔദാര്യശീലനായിരുന്നു. റമദാൻ സമാഗതമാവുകയും ജിബ്രീൽ വന്നു ക്വുർആൻ പഠിപ്പിക്കുകയും ചെയ്യാൻ ആരംഭിച്ചാൽ അവിടുന്ന് കൂടുതൽ ഔദാര്യം കാണിക്കുമായിരുന്നു. ജിബ്രീലിനെ കാണുന്ന വേളകളിൽ നബി(സ്വ) കാറ്റുപോലെ നിലക്കാതെ ധർമം ചെയ്യുമായിരുന്നു" (ബുഖാരി, മുസ്ലിം).

*നോമ്പ് തുറക്കുവാൻ തിടുക്കം കാണിക്കൽ:*

സഹ്ൽബിൻ സഅദ് (റ) നിവേദനം. നബി(സ്വ) പറഞ്ഞു: "നോമ്പ് തുറക്കാൻ തിടുക്കം കാണിക്കുന്ന കാലമത്രയും ജനങ്ങൾ നന്മയിൽ തന്നെയായിരിക്കും" (ബുഖാരി, മുസ്ലിം).

*താഴെ പറയുന്ന ഹദീഥിൽ വന്നതു പോലെ നോമ്പുതുറക്കൽ:*

അനസുബ്നു മാലിക്(റ) നിവേദനം: "നബി(സ്വ) നമസ്കരിക്കുന്നതിന് മുമ്പു തന്നെ ഏതാനും ഈത്തപ്പഴങ്ങൾ കൊണ്ട് നോമ്പ് തുറക്കുമായിരുന്നു. അതില്ലെങ്കിൽ കാരക്ക കൊണ്ടും അതുമില്ലെങ്കിൽ അൽപം വെള്ളം കുടിച്ചുകൊണ്ടുമായിരുന്നു നോമ്പു തുറക്കാറുണ്ടായിരുന്നത്" (സ്വഹീഹുൽ ജാമിഅ്, അബൂദാവൂദ്).

*നോമ്പ് തുറക്കുന്ന സമയത്തുള്ള പ്രാർഥന:*

മർവാൻ (റ) നിവേദനം: "നബി(സ്വ) നോമ്പു തുറക്കുമ്പോൾ 'ധമനികളിലെല്ലാം വെള്ളമെത്തി. ദാഹം മാറുകയും ചെയ്തു, അല്ലാഹു ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ (ഈ നോമ്പിന്റെ) പ്രതിഫലം സ്ഥിരപ്പെട്ടുകഴിഞ്ഞു' എന്ന് പ്രാർഥിക്കാറുണ്ടായിരുന്നു" (സ്വഹീഹുൽ ജാമിഅ്, അബൂദാവൂദ്).

*നോമ്പുകാരന് ചെയ്യാവുന്ന സംഗതികൾ:*

*ശരീരം തണുപ്പിക്കാൻ കുളിക്കൽ:*

അബ്ദുറഹ്മാനുബ്നു അബീബക്കർ(റ) ചില സ്വഹാബിമാരിൽ നിന്നും നിവേദനം: നബി(സ്വ) 'അർജ്' എന്ന സ്ഥലത്തുവെച്ച് ദാഹമോ ഉഷ്ണമോ കാരണമായി തന്റെ ശരീരത്തിൽവെള്ളം കോരി ഒഴിക്കുന്നത് ഞാൻ കാണുകയുണ്ടായി" (അബൂദാവൂദ്).

*അമിതമാക്കാതെ കൊപ്ലിക്കലും മൂക്കിൽ വെള്ളം കയറ്റി ചീറ്റലും:*

നോമ്പുകാരനല്ലെങ്കിൽ നന്നായി മൂക്കിൽ വെള്ളം കയറ്റി ചീറ്റാമെന്ന് അബൂദാവൂദ് റിപ്പോർട്ട് ചെയ്യുന്നുണ്ട്.

*വികാരം ഒതുക്കി നിർത്താൻ കഴിയുന്നവർ പത്നിമാരെ ചുംബിക്കൽ:*

ആഇശ (റ) നിവേദനം: നബി(സ്വ) നോമ്പുകാരനായിരിക്കെ തന്റെ പത്നിമാരെ ചുംബിക്കാറുണ്ടായിരുന്നു. പക്ഷേ, അവിടുന്ന് നിങ്ങളിൽ വെച്ച് മറ്റാരെക്കാളും തന്റെ വികാരം നിയന്ത്രിക്കുവാൻ കഴിവുള്ളയാളായിരുന്നു" (ബുഖാരി, മുസ്ലിം).

*ജനാബത്തുകാരനായി തന്നെ പ്രഭാതംവരെ കഴിച്ചു കൂട്ടൽ:*

ഉമ്മുസലമ(റ)യിൽ നിന്നും ആഇശ(റ)യിൽ നിന്നും നിവേദനം: "നബി(സ്വ) നോമ്പു കാലങ്ങളിൽ രാത്രി തന്റെ ഭാര്യമാരുമായി ബന്ധം പുലർത്തിയ കാരണത്താൽ വലിയ അശുദ്ധിയോടു കൂടിത്തന്നെ ഫജ്ർ വരെ കഴിച്ചുകൂട്ടാറുണ്ടായിരുന്നു. പിന്നീട് കുളിച്ച് നോമ്പ് എടുക്കുകയും ചെയ്യും" (ബുഖാരി, മുസ്ലിം).

*പല്ലുതേക്കൽ, സുഗന്ധം ഉപയോഗിക്കൽ, എണ്ണ പുരട്ടൽ, ഇഞ്ചക്ഷൻ, കണ്ണിൽ തുള്ളിമരുന്ന് ഉപയോഗിക്കൽ:*

മുകളിൽ പറഞ്ഞ സംഗതികളെല്ലാം ഇസ്ലാമിന്റെ അടിസ്ഥാനനിയമ പ്രകാരം അനുവദനീയമാണ്. വല്ലതും നിഷിദ്ധമായിരുന്നുവെങ്കിൽ നബി(സ്വ) അതു വിട്ടു കളയുമായിരുന്നില്ല.

അല്ലാഹു പറയുന്നു: "നിങ്ങളുടെ രക്ഷിതാവ് മറന്നു പോവുന്നവനല്ല" (19:64) ●

ശമീർ മദനി

കവർ സ്റ്റോറി



# റമദാൻ: സലഫുകളുടെ മാതൃക

മഹത്ത്വമേറിയ പുണ്യമാസമാണ് പരിശുദ്ധ റമദാൻ. ക്വുർആൻ അടക്കമുള്ള പലവേദ ഗ്രന്ഥങ്ങളും അവതീർണമായത് റമദാനിലാണ്.

വാഥില(റ) നബി(സ)യിൽ നിന്ന് ഉദ്ധരിക്കുന്നു: "ഇബ്‌റാഹീം നബി(അ)യുടെ ഏടുകൾ അവതരിപ്പിക്കപ്പെട്ടത് റമദാനിന്റെ ആദ്യ രാത്രിയിലാണ്. തൗറാത്ത് അവതരിപ്പിക്കപ്പെട്ടതാകട്ടെ റമദാനിന്റെ ആറ് ദിനരാത്രങ്ങൾക്ക് ശേഷവും. ഇഞ്ചീൽ അതീർണമായത് റമദാനിന്റെ പതിമൂന്ന് രാവുകൾ പിന്നിട്ട ശേഷവും സബൂർ അവതരിപ്പിക്കപ്പെട്ടത് റമദാനിന്റെ പതിനെട്ട് ദിനങ്ങൾക്ക് ശേഷവും. ക്വുർആൻ അവതരിപ്പിക്കപ്പെട്ടതാകട്ടെ റമദാനിന്റെ ഇരുപത്തിനാല് രാവുകൾ പിന്നിട്ട ശേഷവുമാണ്" (ഇമാം അഹ്മദ് തന്റെ മുസ്നദിലും അൽബാനി സിൽസിലഃ അസ്സ്വഹീഹയിലും ഉദ്ധരിച്ചത്).

തെറ്റുകുറ്റങ്ങളും പാകപ്പിഴവുകളും എപ്പോൾ സംഭവിച്ചാലും റബ്ബിലേക്ക് പശ്ചാത്തപിച്ച് മടങ്ങി പാപമോചനം തേടുന്നവനാണ് സത്യവിശ്വാസി. കാരുണ്യവാനായ അല്ലാഹു അതിനുള്ള ധാരാളം അവസരങ്ങളും പ്രോത്സാഹനങ്ങളും നൽകിയിട്ടുമുണ്ട്. വിശിഷ്യ വിശുദ്ധ റമദാൻ അതിനുള്ള അവസരമാണ്.

അപ്രകാരം തന്നെ നരക കവാടങ്ങൾ കൊട്ടിയടക്കപ്പെടുകയും സ്വർഗ കവാടങ്ങൾ തുറക്കപ്പെടുകയും മലക്കുകൾ നന്മയിലേക്ക്

ക്ഷണിക്കുകയും ചെയ്യുന്ന വിശിഷ്ട ദിനരാത്രങ്ങളാണ് പരിശുദ്ധ റമദാനിന്റെത്. നരകമോചനവും സ്വർഗ പ്രവേശനവും സാധ്യമാക്കുന്ന മഹത്തായ രാവുകൾ. ആയിരം മാസത്തെക്കാൾ ഉത്തമമായ ലൈലത്തുൽ ക്വദ്ർ അഥവ നിർണയത്തിന്റെ രാവും വിശുദ്ധ റമദാനിലാണ്.

ഇത്തരത്തിലുള്ള ധാരാളം മഹത്ത്വങ്ങൾ നിറഞ്ഞ പുണ്യങ്ങളുടെ പൂക്കാലമാണ് റമദാൻ എന്ന് മനസ്സിലാക്കിയ നബി(സ്വ)യും സ്വഹാബത്തും അവരുടെ ശിഷ്യഗണങ്ങളും റമദാനിനെ ഏറെ കൊതിച്ച് പ്രതീക്ഷയോടെ കാത്തിരുന്നതായി അവരുടെ ചരിത്രങ്ങൾ നമ്മോട് പറയുന്നു. റമദാനിലെ വിലപ്പെട്ട ഒരോ നിമിഷവും പരമാവധി നന്മകളധികരിപ്പിച്ച് ഉപയോഗപ്പെടുത്തുവാൻ സച്ചരിതരായ മുൻഗാമികൾ ഏറെ ശ്രദ്ധിച്ചിരുന്നു. കളി-തമാശകളൊക്കെ അവസാനിപ്പിച്ച് കാര്യഗൗരവത്തോടുകൂടി റമദാനിനെ വരവേൽക്കുവാനും പരമാവധി സൽകർമങ്ങളിൽ വ്യാപൃതരാകുവാനും സലഫുകൾ ശ്രദ്ധിച്ചിരുന്നത് പോലെ നാമും ശ്രദ്ധിക്കേണ്ടതുണ്ട്. അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ! ആമീൻ.

**ക്വുർആനിനോടൊപ്പം**

ക്വുർആൻ പാരായണം ചെയ്തും പഠനം നടത്തിയും അതിന്റെ കൽപനാനിർദേശങ്ങളും വിധിവിലക്കുകളും ഗ്രഹിച്ച് ജീവിതത്തിൽ പ്രാവർത്തികമാക്കിയും ക്വുർആനുമായി നിരന്തരം ബന്ധപ്പെട്ടു കൊണ്ടിരിക്കേണ്ടവരാണ് സത്യവിശ്വാസികൾ. അല്ലാത്തപക്ഷം ക്വുർആനിനെ കയ്യൊഴിച്ചവരായി മാറുകയും അത്തരക്കാർക്കെതിരിൽ റബ്ബിന്റെ കോടതിയിൽ നബി(സ്വ) എതിർസാക്ഷി പറയുകയും ചെയ്യും. അല്ലാഹു പറയുന്നു: "(അന്ന്) റസൂൽ പറയും: എന്റെ രക്ഷിതാവേ, തീർച്ചയായും എന്റെ ജനത ഈ ക്വുർആനിനെ അഗണ്യമാക്കി തള്ളിക്കളഞ്ഞിരിക്കുന്നു"(25:30).

ക്വുർആൻ പാരായണത്തിനും പഠനത്തിനും പ്രയോഗവൽക്കരണത്തിനുമൊക്കെ സലഫുകൾ ഏറെ ശ്രദ്ധിച്ചിരുന്നു. റമദാൻ മാസത്തിൽ അവർ ക്വുർആനുമായി ഒരു പ്രത്യേക ബന്ധം വെച്ചുപുലർത്തി. പരമകാരുണികന്റെ മഹത്തായ അനുഗ്രഹമായ വിശുദ്ധ ക്വുർആൻ അവതീർണമായ മാസമെന്ന നിലയിൽ അതിനുള്ള നന്ദിയും കടപ്പാടും അറിയിക്കുന്ന വിധത്തിലായിരുന്നു ക്വുർആനുമായി അവരുടെ സമ്പർക്കം.

നബി(സ്വ)ക്ക് ജിബ്‌രീൽ(അ) എല്ലാ വർഷവും ക്വുർആൻ ഓതിക്കൊടുക്കുകയും നബി(സ്വ)യുടെ പാരായണം ഒത്തുനോക്കുകയും ചെയ്യുമായിരുന്നു. രാത്രിയിലായിരുന്നു ആ പാരായണം ഒത്തുനോക്കലെന്ന് ഇബ്നുഅബ്ബാസ്(റ)ന്റെ ഹദീഥിൽ പരാമർശിക്കുന്നുണ്ട്. മറ്റ് ജോലിത്തിരക്കുകളിൽനിന്നൊഴിഞ്ഞ് ഏകാഗ്ര മനസ്സോടെ ക്വുർആനിന്റെ ആശയം ഗ്രഹിച്ച്കൊണ്ടുള്ള പാരായണത്തിന് ഉചിതമായ സമയവും രാത്രിയാണെന്നാണ് ക്വുർആൻ നൽകുന്ന സൂചനയും. അല്ലാഹു പറയുന്നു: "തീർച്ചയായും രാത്രിയിൽ എഴുന്നേറ്റു നമസ്കരിക്കൽ കൂടുതൽ ശക്തമായ ഹൃദയസാന്നിധ്യം നൽകുന്നതും വാക്കിനെ കൂടുതൽ നേരെ നിർത്തുന്നതുമാകുന്നു"(73:6). (വിശദ വിവരങ്ങൾക്ക് ഇബ്നുറജബ്(റഹി)യുടെ ലത്വാഇഫുൽ മആരിഫ് കാണുക. പേജ്: 183).

സലഫുകളുടെ ചരിത്രം പരിശോധിച്ചാൽ റമദാനിലെ രാത്രികളെ അവർ ക്വുർആൻ പരായണം കൊണ്ടു ധന്യമാക്കിയിരുന്നതായി കാണാൻ കഴിയും. ജാഹിലിയ്യത്തിലും ഇസ്‌ലാമിലും ജീവിക്കാൻ അവസരം ലഭിച്ചവരിൽപെട്ട കൂഫക്കാരനായ പണ്ഡിതനാണ് ഇമാം അസ്‌വദ്ബ്നു യസീദ് അന്നഖഈ. മുആദ് ബ്നു ജബൽ(റ), ബിലാൽ(റ), ഇബ്നുമസ്ഊദ്(റ), ആഇശ(റ), ഹുദൈഫ(റ) തുടങ്ങി പല സ്വഹാബികളെയും നേരിൽകണ്ട് അവരിൽനിന്ന് അറിവ് നേടുകയും ചെയ്ത വ്യക്തിയാണദ്ദേഹം. വലിയ ഭക്തനും ആബിദുമായിരുന്ന അദ്ദേഹം റമദാനിൽ ഓരോ രണ്ട് ദിവസം കൂടുമ്പോഴും ക്വുർആൻ പൂർണമായും ഓതിത്തീർക്കുമായിരുന്നത്രെ! റമദാനല്ലാത്തപ്പോൾ ആറ് ദിവസങ്ങളിലായിരുന്നു അദ്ദേഹം ക്വുർആൻ ഓതിത്തീർത്തിരുന്നത്. (ഇമാം ദഹബിയുടെ സിയറു അഅ്‌ലാമിന്നുബലാഅ് വാള്യം 4, പേജ് 50 മുതൽ).

ഇമാം മാലിക്(റഹി), സുഫ്‌യാനുഥൗരി(റഹി) പോലുള്ളവർ റമദാൻ ആസന്നമായിക്കഴിഞ്ഞാൽ മറ്റു ചർച്ചകളിൽനിന്ന് പരമാവധി ഒഴിവായി ക്വുർആൻ പാരായണത്തിൽ ശ്രദ്ധിച്ചിരുന്നു. മനഃപാഠം ഓതുന്നതിന് പകരം മുസ്ഹഫിൽ നോക്കിത്തന്നെ പാരായണം ചെയ്യാനും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. കാരണം നോക്കി ഓതുമ്പോൾ കണ്ണുകൂടി ആ പുണ്യകർമത്തിൽ പങ്കുചേരുകയാണല്ലോ ചെയ്യുന്നത്.

സലഫുകൾ റമദാനിൽ ധാരാളമായി ക്വുർആൻ ഓതി പൂർത്തീകരിച്ചിരുന്നതായുള്ള റിപ്പോർട്ടുകൾ കാണുമ്പോൾ സ്വാഭാവികമായും ഒരു സംശയം ചിലരുടെയുള്ളിൽ ഉയർന്നേക്കാം: മൂന്ന് ദിവസത്തെക്കാൾ കുറവിൽ ക്വുർആൻ ഓതിത്തീർക്കുന്നത് വിരോധിച്ച് കൊണ്ടുള്ള (ഫത്ഹുൽ ബാരി വാള്യം 9, പേജ് 97) ഹദീഥുകൾക്കെതിരാവില്ലേ സലഫുകളുടെ ഈ രീതിയെന്ന്. ഹാഫിള് ഇബ്നു റജബ് അതിന് ഒരു വിശദീകരണം നൽകുന്നതിങ്ങനെയാണ്: "അതായത് വിലക്ക് വന്നിട്ടുള്ളത് സ്ഥിരമായി മൂന്ന് ദിവസത്തെക്കാൾ കുറഞ്ഞ സമയംകൊണ്ട് ക്വുർആൻ ഓതിത്തീർക്കുന്നതിനാണ്. എന്നാൽ റമദാൻ പോലുള്ള ഉൽകൃഷ്ട സമയങ്ങളിലും ലൈലത്തുൽക്വദ്റ് പ്രതീക്ഷിക്കുന്ന രാവുകളിലും മക്ക പോലുള്ള പവിത്രസ്ഥലങ്ങളിലും ഇതിനെക്കാൾ അധികരിപ്പിക്കുന്നതുകൊണ്ട് ദോഷമില്ല. എന്ന് മാത്രമല്ല അത്തരം അവസരങ്ങൾ പരമാവധി ഉപയോഗപ്പെടുത്തുകയാണ് വേണ്ടത്. ഇമാം അഹ്മദ്, ഇസ്ഹാക്വ് മുതലായവർ അഭിപ്രായപ്പെട്ടതും ഇങ്ങനെയാണ്. സലഫുകളുടെ പ്രവൃത്തിയും ഇതാണറിയിക്കുന്നത്" (ലത്വാഇഫുൽ മആരിഫ്, പേജ്: 183).

**രാത്രി നമസ്കാരം**

ഏകാഗ്ര മനസ്സുമായി രാത്രിയുടെ അന്ത്യയാമങ്ങളിൽ പടച്ചറബ്ബിന്റെ തിരുസന്നിധിയിൽ പ്രാർഥനാ നിരതരാവുക എന്നത് പരലോകവിജയം തേടുന്ന സത്യവിശ്വാസികളുടെ ഒരു സൽഗുണമാണ്. എല്ലാ ആ



ഗ്രഹങ്ങളും ആവശ്യങ്ങളും ആവലാതികളും കാരുണ്യവാനായ റബ്ബിന്റെ മുന്നിൽ ഇറക്കിവെച്ച് ആശ്വാസം നേടാൻ പറ്റിയ അസുലഭാവസരമാണ് സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം രാത്രി നമസ്കാരത്തിന്റെ സമയം. അല്ലാഹു പറയുന്നു: രാത്രിയിൽ നിന്ന് അൽപഭാഗമെ അവർ ഉറങ്ങാറുണ്ടായിരുന്നുള്ളൂ. രാത്രിയുടെ അന്ത്യവേളകളിൽ അവർ പാപമോചനം തേടുന്നവരായിരുന്നു" (51:17-18).

സലഫുസ്സ്വാലിഹുകൾ രാത്രി നമസ്കാരത്തിന്റെ കാര്യം സദാ ശ്രദ്ധിച്ചിരുന്നു. റമദാനിലാകട്ടെ മറ്റ് സൽകർമങ്ങളിൽ പ്രത്യേകം ശ്രദ്ധചെലുത്തിയിരുന്നത് പോലെ രാത്രി നമസ്കാരത്തിന്റെ കാര്യത്തിലും അവർ ഏറെ ശ്രദ്ധാലുക്കളായിരുന്നു.

അബൂ ഉഥ്മാനിന്നഹ്ദി(റ) പറയുന്നു: "ഞാൻ ഏഴ് ദിവസം അബൂഹുറയ്റ(റ)വിന്റെ അടുക്കൽ അതിഥിയായിക്കൂടി. അപ്പോൾ അദ്ദേഹവും ഭാര്യയും ഭൃത്യനും രാത്രിയെ മൂന്നായി ഭാഗിച്ച് ഒരോരുത്തരായി ഊഴം നിശ്ചയിച്ച് രാത്രി നമസ്കാരം നിർവഹിക്കുകയും മറ്റെ ആളെ വിളിച്ചുണർത്തുകയും ചെയ്യുമായിരുന്നു" (സിയറു അഅ്ലാമിന്നുബലാഅ്, വാള്യം 2, പേജ് 609).

രാത്രി നമസ്കാരം ഒഴിവാക്കി ഉറങ്ങാൻ കിടന്നാൽ അവർക്ക് ഉറക്കം വരാറുണ്ടായിരുന്നില്ലത്രെ! ശദാദുബ്നു ഔസ്(റഹി) തന്റെ വിരിപ്പിലേക്ക് കിടന്നാൽ ചട്ടിയിലിട്ട ധാന്യമണിയെപോലെ അസ്വസ്ഥനാകുമായിരുന്നു. അന്നേരം അദ്ദേഹം പറയും: 'അല്ലാഹുവേ, നരകം എന്നെ ഉറങ്ങാൻ അനുവദിക്കുന്നില്ല.' അങ്ങനെ എഴുന്നേറ്റ് പോയി അദ്ദേഹം നമസ്കരിക്കും. സത്യവിശ്വാസികളെക്കുറിച്ച് അല്ലാഹു പറഞ്ഞത് ഇവിടെ സ്മരണീയമാണ്: "ഭയത്തോടും പ്രത്യാശയോടുംകൂടി തങ്ങളുടെ രക്ഷിതാവിനോട് പ്രാർഥിക്കുവാനായി, കിടന്നുറങ്ങുന്ന സ്ഥലങ്ങൾ വിട്ട് അവരുടെ പാർശ്വങ്ങൾ അകലുന്നതാണ്. അവർക്ക് നാം നൽകിയതിൽ നിന്ന് അവർ ചെലവഴിക്കുകയും ചെയ്യും"(32:16).

സാഇബ് ഇബ്നു യസീദ്(റ) പറയുന്നു: "ഉമർ(റ) ഉബയ്യുബ്നുകഅ്ബി(റ)നോടും തമീമുദ്ദാരി(റ)യോടും റമദാനിൽ ജനങ്ങൾക്ക് ഇമാമായി നിന്ന് നമസ്കാരിക്കാൻ കൽപിക്കുകയുണ്ടായി. അങ്ങനെ നൂറുകണക്കിന് ആയത്തുകൾ ഇമാം ഓതും. അങ്ങനെ നിർത്തത്തിന്റെ ദൈർഘ്യം കാരണം ജനങ്ങൾ വടിയിൽ ഊന്നുമായിരുന്നു. പ്രഭാതത്തോടടുത്തല്ലാതെ ഞങ്ങൾ പിരിഞ്ഞുപോകാറുണ്ടായിരുന്നില്ല"(ബൈഹകി). ഇമാം മാലിക്(റഹി) മുവത്വയിൽ ഉദ്ധരിക്കുന്നതായി ഇബ്നുഹജർ രേഖപ്പെടുത്തുന്നു: "രാത്രി നമസ്കാരം കഴിഞ്ഞ് പിരിയുമ്പോൾ സ്വഹാബികൾ സമയം വൈകി സുബ്ഹ് ആയിപ്പോകുമോ എന്ന് ഭയന്ന് അത്താഴ ഭക്ഷണം കഴിക്കാൻ ധൃതിപ്പെടുമായിരുന്നു'' (ഫത്ഹുൽ ബാരി, വാള്യം 4, പേജ് 137).

റമദാനിലെ രാത്രിനമസ്കാരം സുദീർഘമായി ക്വുർആൻ പാരായണം ചെയ്തുകൊണ്ടാണ് സലഫുകൾ നിർവഹിച്ചിരുന്നത്. അങ്ങനെ മൂന്ന് തവണയിലധികം റമദാനിലെ രാത്രിനമസ്കാരത്തിലൂടെ മാത്രം അവർ കുർആൻ ഓതി പൂർത്തിയാക്കുമായിരുന്നു. റമദാനിൽ വിശ്വാസികൾ രാപകൽ ഭേദമന്യെ ധർമസമരത്തിലാണ്. ഇബ്നു റജബ്(റഹി) പറയുന്നു: "തീർച്ചയായും സത്യവിശ്വാസികൾക്ക് റമദാനിൽ സ്വന്തത്തോടുള്ള രണ്ട് തരം ജിഹാദ് നിർവഹിക്കേണ്ടതുണ്ട്. അതായത്, പകലിൽ വ്രതത്തിന്റെ പേരിലുള്ള ധർമസമരം. രാത്രിയിലെ ജിഹാദ് രാത്രി നമസ്കാരത്തിന്റെ കാര്യത്തിലും. ആരെങ്കിലും ഈ രണ്ട് ജിഹാദും ശരിയായ രൂപത്തിൽ ക്ഷമയോടും സഹനമവലംബിച്ചും പൂർത്തീകരിച്ചാൽ കണക്കറ്റ പ്രതിഫലമായിരിക്കും അയാൾക്ക് കിട്ടുക" (ലത്വാഇഫുൽ മആരിഫ്, പേജ് 183).

രാത്രിനമസ്കാരം നമുക്ക് നഷ്ടപ്പെടുന്നത് പലതരത്തിലുള്ള നമ്മുടെ ദുശ്ശീലങ്ങൾ കാരണമായും അതിന്റെ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധയും ഗൗരവവും നാം കൽപിക്കാത്തതുകൊണ്ടുമാണ്. രാത്രിനമസ്കാരം നഷ്ടപ്പെടാതിരിക്കാൻ ചില കാര്യങ്ങൾ നാം ശ്രദ്ധിക്കേണ്ടതുണ്ട്. ബാഹ്യവും ആന്തരികവുമായ പല കാരണങ്ങളാലും ഈ മഹത്തായ കർമം നിർവഹിക്കാൻ സാധിക്കാതെ വരുമത്രെ! ബാഹ്യമായ കാരണങ്ങളിൽ പ്രധാനപ്പെട്ടവ നാലെണ്ണമാണ്.

1. ഭക്ഷണ-പാനിയങ്ങൾ അധികരിപ്പിക്കുക. (അങ്ങനെ വരുമ്പോൾ ഉറക്കവും അലസതയും ഉണ്ടാവുകയും രാത്രി നമസ്കാരം പ്രയാസകരമായി തോന്നുകയും ചെയ്യും. അതിനാൽ അമിത ഭോജനം ഒഴിവാക്കുക).

2. ഉപകാരശൂന്യമായ കാര്യങ്ങളിൽ ഏർപെട്ട് മനസ്സിനെയും ശരീരത്തെയും ക്ഷീണിപ്പിക്കുകവഴി രാത്രി നമസ്കാരത്തിന് സാധിക്കാതെ വരുന്നു. (അതിനാൽ പകലിൽ ഏർപെടുന്ന പ്രവൃത്തികളെ കുറിച്ച് ബോധവാന്മാരാവുക).

3. പകൽ സമയത്തെ കഠിനാധ്വാനം രാത്രി നമസ്കാരത്തിന് തടസ്സമായേക്കും. (അതിനാൽ ഉച്ചയുറക്കം

ഒഴിവാക്കാതിരിക്കുക).

4. പകലിൽ തെറ്റുകുറ്റങ്ങൾ ചെയ്യുന്നവർക്ക് രാത്രി നമസ്കാരത്തിന് സൗഭാഗ്യം ലഭിക്കില്ല.

*ആന്തരികമായ നാല് കാരണങ്ങൾ:*

1. മറ്റുള്ളവരോട് അസൂയയും പകയും വിദ്വേഷവും വെച്ച് പുലർത്തുക.

2. അമിതമോഹങ്ങളും മനക്കോട്ടകളുമായി ജീവിതാന്ത്യത്തെക്കുറിച്ചുള്ള ഓർയില്ലാതെ ജീവിക്കുക.

3. രാത്രി നമസ്കാരത്തിന്റെ മഹത്ത്വവും പ്രാധാന്യവും മനസ്സിലാക്കാതിരിക്കുക.

4. പടച്ചറബ്ബിനോടുള്ള സ്നേഹവും നമസ്കാരത്തിലൂടെ താൻ ലോകരക്ഷിതാവായ അല്ലാഹുവിനോടാണ് സംഭാഷണത്തിലേർപ്പെടുന്നതെന്നുള്ള ബോധ്യവുമില്ലാതിരിക്കുക.

ഇത്തരക്കാർക്കൊന്നും രാത്രി നമസ്കാരം നിർവഹിക്കാൻ സാധിക്കില്ല. അതിനുള്ള സന്മനസ്സും ക്ഷമയും അവർക്കുണ്ടാകില്ല.

**ഉദാരമനസ്കതയും സൽകർമങ്ങളും**

നന്മകളുടെ അവസരങ്ങളൊന്നും പാഴാക്കാതെ പരമാവധി ഉപയോഗപ്പെടുത്തി സൽകർമങ്ങളിൽ മത്സരിച്ച് മുന്നേറേണ്ടവരാണ് സത്യവിശ്വാസികൾ. അല്ലാഹു പറയുന്നു: നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനവും, ആകാശഭൂമികളോളം വിശാലമായ സ്വർഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക. ധർമനിഷ്ഠപാലിക്കുന്നവർക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതത്രെ അത്" (3:133).

"....അതിനാൽ നല്ല കാര്യങ്ങളിലേക്ക് നിങ്ങൾ മത്സരിച്ച് മുന്നേറുക. അല്ലാഹുവിങ്കലേക്കത്രെ നിങ്ങളുടെയെല്ലാം മടക്കം....." (5:48).

ഒരു നന്മ മറ്റു പല നന്മകൾക്കും പ്രേരണയും പ്രചോദനവുമായിരിക്കും. തിന്മയാകട്ടെ അതിന് നേർ വിപരീതവും. അതിനാൽ തെറ്റ് സംഭവിച്ച് പോയാൽ ഉടനടി പശ്ചാത്താപ മനസ്സുമായി റബ്ബിലേക്ക് മടങ്ങുകയും നന്മകൾ അധികരിപ്പിക്കാൻ ശ്രമിക്കുകയും വേണം. അത് തിന്മയെ മായ്ച്ച് കളയും. അല്ലാഹു പറയുന്നു: "...തീർച്ചയായും സൽകർമങ്ങൾ ദുഷ്കർമങ്ങളെ നീക്കികളയുന്നതാണ്. ചിന്തിച്ചു ഗ്രഹിക്കുന്നവർക്ക് ഒരു ഉൽബോധനമാണത്" (11:114).

നന്മകളിൽ മറ്റാരെക്കാളും മുൻപന്തിയിലായിരുന്ന നബി(സ്വ) റമദാനിൽ അടിച്ചുവീശുന്ന കാറ്റു കണക്കെ നന്മയുമായി മുന്നേറുമായിരുന്നു. ഇബ്നുഅബ്ബാസ്(റ) പറയുന്നു: "നബി(സ്വ) ജനങ്ങളിൽ വെച്ച് ഏറ്റവും നന്മയുടെ ഔദാര്യവാനായിരുന്നു. റമദാനിൽ ആയിരുന്നു അവിടുന്ന് ഏറ്റവും ഔദാര്യവാനാവുക. ഓരോ റമദാനിലും ജിബ്രീൽ(അ) നബി(സ്വ)യെ വന്ന് കാണുകയും നബി(സ്വ) ക്വുർആൻ ഓതി പാരായണം ഒത്തുനോക്കുകയും ചെയ്യുമായിരുന്നു. ജിബ്രീലിനെ കണ്ട് കഴിഞ്ഞാൽ നബി(സ്വ) നന്മകളുടെ അത്യുദാരനാകും, അടിച്ച് വീശുന്ന കാറ്റിനെക്കാൾ" (ബുഖാരി,മുസ്ലിം).

ഇമാം ശഫിഇൗ(റഹി) പറഞ്ഞതായി ഇബ്നു റജബ്(റഹി) ഉദ്ധരിക്കുന്നു: "റമദാനിൽ ഉദാരത അധികരിപ്പിക്കുന്നത് ഞാൻ ഇഷ്ടപ്പെടുന്നു; പ്രവാചകൻ(സ്വ)യെ പിൻപറ്റുന്നതിനാലും ജനങ്ങൾ കൂടുതൽ ആവശ്യക്കാരാണ് എന്നതിനാലും. കാരണം ഭൂരിഭാഗമാളുകളും നോമ്പും മറ്റുമായി വ്യാപൃതരാകുന്നതിനാൽ മറ്റ് കാലങ്ങളിലേതുപോലെ അവർക്ക് ജോലി ചെയ്യാൻ സാധിക്കുകയില്ല" (ലത്വാഇഫുൽ മആരിഫ്, പേജ് 183).

ഇബ്നു ഉമർ(റ) പാവപ്പെട്ടവരുടെ കൂടെ നോമ്പുതുറക്കാൻ ശ്രദ്ധിച്ചിരുന്നു. ഇബ്നു ശിഹാബുസ്സുഹ്രി(റഹി) റമദാൻ ആസന്നമായാൽ ക്വുർആൻ പാരായണവും സാധുക്കളെ ഭക്ഷിപ്പിക്കലും തന്നെയാണ് കാര്യമായി ചെയ്തിരുന്നത്. ദാനധർമങ്ങളോടൊപ്പം നോമ്പുതുറപ്പിക്കുവാനും സലഫുകൾ ശ്രദ്ധിച്ചിരുന്നു. നബി(സ്വ) പറയുന്നു: "ആരെങ്കിലും ഒരു നോമ്പുകാരനെ നോമ്പുതുറപ്പിച്ചാൽ നോമ്പുകാരന്റെ സമാനമായ പ്രതിഫലം അയാൾക്കുമുണ്ടാകുന്നതാണ്. നോമ്പുകാരന്റെ പ്രതിഫലത്തിൽ നിന്ന് യാതൊന്നും കുറയാതെ തന്നെ" (അഹ്മദ്, തിർമുദി).

**ഭക്ഷണം നിയന്ത്രിക്കൽ**

വ്രതത്തിന്റെ ദിനങ്ങളാണ് റമദാനിലെങ്കിലും പലർക്കും തീറ്റയും കുടുംബ ചെലവും ഏറുന്നതും റമദാനിലാണ്. എന്നാൽ സലഫുൾ റമദാനിനെ തീറ്റയുടെ അവസരമായി കണ്ടിരുന്നില്ല. മുഹമ്മദ് ബ്നു അംറ്(റഹി) റമദാനിൽ രണ്ടുനേരം മാത്രമാണ് ഭക്ഷണം കഴിച്ചിരുന്നത്.( സിയറു അഅ്ലാമിന്നുബലാഅ് വാള്യം 11, പേജ് 464).

ഇബ്നു ഉമർ(റ) പാവപ്പെട്ടവരുടെ കൂടെ നോമ്പുതുറക്കാൻ ശ്രദ്ധിച്ചിരുന്നു. ഇബ്നു ശിഹാബുസ്സുഹ്രി(റഹി) റമദാൻ ആസന്നമായാൽ ക്വുർആൻ പാരായണവും സാധുക്കളെ ഭക്ഷിപ്പിക്കലും തന്നെയാണ് കാര്യമായി ചെയ്തിരുന്നത്. ദാനധർമങ്ങളോടൊപ്പം നോമ്പുതുറപ്പിക്കുവാനും സലഫുകൾ ശ്രദ്ധിച്ചിരുന്നു. നബി(സ്വ) പറയുന്നു: "ആരെങ്കിലും ഒരു നോമ്പുകാരനെ നോമ്പു തുറപ്പിച്ചാൽ നോമ്പുകാരന്റെ സമാനമായ പ്രതിഫലം അയാൾക്കുമുണ്ടാകുന്നതാണ്. നോമ്പുകാരന്റെ പ്രതിഫലത്തിൽ നിന്ന് യാതൊന്നും കുറയാതെ തന്നെ."

**നാവിനെ സൂക്ഷിക്കലും സംസാരം കുറക്കലും**

കേവലം വിശപ്പും ദാഹവും സഹിക്കുന്നതിലുപരി ജീവിതത്തെ കൃത്യമായി പാകപ്പെടുത്തലും നിയന്ത്രിക്കലുമാണ് വ്രതാനുഷ്ഠാനം. നാവിനെയും പ്രവർത്തനങ്ങളെയും നിയന്ത്രിക്കാതെയുള്ള നോമ്പ് ഫലശൂന്യമാണെന്നാണ് നബി(സ്വ) പഠിപ്പിക്കുന്നത്. അബൂഹുറയ്റ(റ) നിവേദനം. നബി(സ്വ) പറയുന്നു: "വല്ലവനും വ്യാജവാക്കുകളും അതിന്റെ പ്രവർത്തനങ്ങളും ഉപേക്ഷിക്കുന്നില്ലെങ്കിൽ അയാൾ തന്റെ അന്ന-പാനിയങ്ങൾ ഒഴിവാക്കുന്നതിൽ അല്ലാഹുവിന് യാതൊരു ആവശ്യവുമില്ല" (ബുഖാരി).

ഉമർ(റ) ഇപ്രകാരം പറയാറുണ്ടായിരുന്നുവത്രെ: "വ്രതം എന്നത് അന്ന-പാനീയങ്ങളിൽ നിന്ന് ഒഴിവാകൽ മാത്രമല്ല. പ്രത്യുത, കളവിൽനിന്നും അനാവശ്യങ്ങളിൽ നിന്നും കള്ളസത്യങ്ങളിൽ നിന്നും നിരർഥക കാര്യങ്ങളിൽ നിന്നൊക്കെയുമുള്ള ഒഴിവാകൽ കൂടിയാണ്" (ഇബ്നു അബീശൈബ). ഇപ്രകാരം തന്നെ അലി(റ)വിൽ നിന്നും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്.



നോമ്പുള്ളപ്പോഴും ഇല്ലാത്തപ്പോഴും വാക്കുകളും പ്രവർത്തനങ്ങളും ഒരുപോലെയായി പോകാതിരിക്കാൻ സലഫുകൾ ശ്രദ്ധിക്കുകയും ഉപദേശിക്കുകയും ചെയ്യാറുണ്ട്. അനാവശ്യ സംസാരങ്ങളിലും മറ്റും ഏർപെട്ട് പോകുമെന്ന് കരുതി നമസ്കാരത്തിന് മാത്രമല്ലാതെ പുറത്ത് വരാത്തവരും അവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു.

ത്വൽഖ്ബ്നു ഖൈസ്(റഹി) തന്റ വ്രതനാളുകളിൽ നമസ്കാരത്തിനല്ലാതെ പുറത്തിറങ്ങാറില്ല (ഇബ്നു അബീ ശൈബ). മുജാഹിദ് (റ) പറയുന്നു: 'രണ്ട് കാര്യങ്ങൾ ആരെങ്കിലും സൂക്ഷിച്ചാൽ അയാളുടെ നോമ്പ് സുരക്ഷിതമായി; പരദൂഷണവും കളവുമത്രെ അത്' (ഇബ്നു അബീശൈബ).

**സലഫുകളും സമയ വിനിയോഗവും**

സമയത്തിന് യാതൊരു വിലയും കൽപിക്കാത്ത വിധത്തിൽ ജീവിക്കാൻ ജീവിതത്തിന്റെ അർഥവും ലക്ഷ്യവും തിരിച്ചറിഞ്ഞ വിശ്വാസികൾക്ക് സാധിക്കില്ല. സമയംകൊല്ലികളായ അനാവശ്യവൃത്തികളിൽ ഏർപെട്ട് തുലക്കാൻ മാത്രം തുഛമായ ഈ ജീവിതത്തിൽ വിശ്വാസിക്ക് സമയം ഉണ്ടാകില്ല. റമദാൻ പോലുള്ള നന്മകളുടെ അതിവിശിഷ്ടമായ സമയവും സന്ദർഭങ്ങളും നഷ്ടപ്പെടുത്തുക എന്നത് ഒരിക്കലും ഉണ്ടായിക്കൂടാ. പക്ഷേ, നമ്മിൽ പലരുടെയും പ്രവർത്തനങ്ങൾ വിലയിരുത്തിയാൽ റമദാനിലായിരിക്കും കൂടുതൽ സമയം പഴായിപ്പോകുന്നത് എന്ന് കാണാൻ കഴിയും.

എന്നാൽ സലഫുകൾ സമയത്തെക്കുറിച്ച് വ്യക്തമായ ബോധമുള്ളവരായിരുന്നു. ഹസനുൽ ബസ്വരി(റഹി) പറയുന്നു:

"മനുഷ്യപുത്രാ! നീ ചില ദിവസങ്ങളാണ്. ഒരു ദിവസം കഴിഞ്ഞാൽ നിന്റെ അൽപഭാഗം നഷ്ടമായി. ആദമിന്റെ പുത്രാ! പകൽ നിന്റെ അതിഥിയാണ്. അതിനോട് നീ മാന്യമായി പെരുമാറുക. നീ നല്ല നിലയിൽ വർത്തിച്ചാൽ അത് നിന്നെക്കുറിച്ച് നല്ലത് പറഞ്ഞ് കൊണ്ട് യാത്രയാകും. ഇനി നീ അതിനോട് മോശമായാണ് സമീപിച്ചതെങ്കിൽ നിന്നെ ആക്ഷേപിച്ച് കൊണ്ടായിരിക്കും അത് യാത്രപറയുക. രാത്രിയും അങ്ങനെ തന്നെയാണ്. ഐഹിക ജീവിതം മൂന്ന് ദിനങ്ങളാണ്: ഒന്ന് ഇന്നലെ, അത് കഴിഞ്ഞ് പോയി. രണ്ട് നാളെ, അത് നിനക്ക് കിട്ടിക്കൊള്ളണമെന്നില്ല. ശേഷിക്കുന്നത് ഇന്നാണ്, അതിനാൽ അതിനെ നീ ഉപയോഗപ്പെടുത്തി കർമനിരതനാവുക".

ഇബ്നു മസ്ഊദ് (റ) പറയുന്നു: "കർമങ്ങൾ അധികരിപ്പിക്കാതെ എന്റെ ആയുസ്സിൽ കുറവ് വരുത്തി കടന്ന് കളഞ്ഞ ദിവസത്തിന്റെയത്ര ഖേദം മറ്റൊന്നിലുമുണ്ടായിട്ടില്ല." ഇബ്നുൽ ഖയ്യിം(റഹി) പറയുന്നു:

"സമയം പാഴാക്കൽ മരണത്തെക്കാൾ ഗുരുതരമാണ്. കാരണം, സമയം പാഴാക്കൽ നിന്നെ അല്ലാഹുവിൽ നിന്നും പരലോകത്തെതൊട്ടും വേർപെടുത്തുന്നു. എന്നാൽ മരണമാകട്ടെ ദുനിയാവിൽ നിന്നും അതിന്റെ ആളുകളിൽ നിന്നുമാണ് വേർപെടുത്തുന്നത്."

അതിനാൽ സമയം നഷ്ടപ്പെട്ട് പോകാതെ സൂക്ഷിക്കുക. അലസത വെടിഞ്ഞ് കർമനിരതരായി റബ്ബിന്റെ പ്രീതി കരസ്ഥമാക്കാൻ ആത്മാർഥമായി മുന്നിട്ടിറങ്ങുക. റബ്ബ് അനുഗ്രഹിക്കട്ടെ! ആമീൻ.

ലേഖനം

അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി



# പ്രവാചകൻ (സ്വ) പഠിപ്പിച്ച നോമ്പ്

***നോ**മ്പിന്റെ നിർവചനം:* നോമ്പു മുറിക്കുന്ന കാര്യങ്ങൾ വെടിഞ്ഞുകൊണ്ട് പ്രഭാതം മുതൽ സൂര്യാസ്തമയം വരെ മനസ്സിനെയും ശരീരത്തെയും പിടിച്ചുനിർത്തിക്കൊണ്ട് അല്ലാഹുവിന് വേണ്ടി നിർവഹിക്കുന്ന മഹത്തായ ഒരാരാധനയാണ് നോമ്പ്.

*നോമ്പിന്റെ ഇസ്‌ലാമികവിധി:* ഇസ്‌ലാമിന്റെ അടിസ്ഥാന സ്തംഭങ്ങളായ ഇസ്‌ലാം കാര്യങ്ങളിൽ ഒന്നാണ് നോമ്പ്. ബുദ്ധിയും ആരോഗ്യവുമുള്ള, പ്രായപൂർത്തിയായ എല്ലാ വിശ്വാസികൾക്കും അത് നിർബന്ധമാണ്. അല്ലാഹു പറയുന്നു:"സത്യവിശ്വാസികളേ, നിങ്ങൾക്ക് മുമ്പുള്ളവർക്ക് നോമ്പ് നിർബന്ധമാക്കപ്പെട്ടിരുന്ന പോലെ നിങ്ങൾക്കും നോമ്പ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ സൂക്ഷ്മത പാലിക്കുന്നവരായേക്കാം" (വി. ക്വുർആൻ 2:183).

പ്രവാചകൻ(സ്വ) പറയുന്നു: "ഇസ്‌ലാം അഞ്ച് കാര്യങ്ങളിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. അല്ലാഹുവല്ലാതെ ആരാധ്യനില്ലെന്നും മുഹമ്മദ് നബി(സ്വ) അല്ലാഹുവിന്റെ ദൂതനാണെന്നും സാക്ഷ്യം വഹിക്കൽ, നമസ്‌കാരം കൃത്യതയോടെ നിർവഹിക്കൽ, സകാത് (നിർബന്ധ ദാനം) നൽകൽ, റമദാൻ മാസം നോമ്പനുഷ്ഠിക്കൽ, കഴിവുള്ളവർ ഹജ്ജ്കർമം നിർവഹിക്കൽ എന്നിവയത്രെ അത്" (മുസ്‌ലിം).

### റമദാൻ മാസത്തിന്റെ പ്രത്യേകതകൾ

*1. ക്വുർആൻ അവതരിച്ച മാസം:* "ജനങ്ങൾക്ക് മാർഗദർശനമായിക്കൊണ്ടും നേർവഴി കാട്ടുന്നതും സത്യവും അസത്യവും വേർതിരിച്ചു കാണിക്കുന്നതുമായ സുവ്യക്ത തെളിവുകളായിക്കൊണ്ടും വിശുദ്ധ ക്വുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു റമദാൻ..." (2:285).

2. ആയിരം മാസത്തെക്കാൾ ശ്രേഷ്ഠമായ ലൈലത്തുൽ ക്വദ്ർ ഉൾക്കൊള്ളുന്ന മാസം: "തീർച്ചയായും നാം ഇതിനെ (ക്വുർആനിനെ) നിർണയത്തിന്റെ രാത്രിയിൽ അവതരിപ്പിച്ചിരിക്കുന്നു. നിർണയത്തിന്റെ രാത്രി എന്നാൽ എന്താണെന്ന് നിനക്കറിയാമോ? നിർണയത്തിന്റെ രാത്രി ആയിരം മാസത്തെക്കാൾ ഉത്തമമാകുന്നു" (97:1-3).

3. നോമ്പുകാരന്റെ പ്രാർഥനക്ക് പ്രത്യേകം ഉത്തരം ലഭിക്കുന്നു: നബി(സ്വ) പറഞ്ഞു:"മൂന്ന് വിഭാഗത്തിന്റെ പ്രാർഥനക്ക് ഉത്തരം ലഭിക്കുകതന്നെ ചെയ്യും: നോമ്പുകാരന്റെ പ്രാർഥന, മർദിതന്റെ പ്രാർഥന, യാത്രക്കാരന്റെ പ്രാർഥന എന്നിവയത്രെ അത് (ബൈഹകി).

4. പിശാചുക്കൾ ബന്ധിക്കപ്പെടുന്നു, സ്വർഗകവാടങ്ങൾ തുറക്കപ്പെടുന്നു, നരകകവാടങ്ങൾ അടക്കപ്പെടുന്നു. (ബുഖാരി).

5. തെറ്റുകളിൽനിന്നു സംരക്ഷണം ലഭിക്കുന്നു: നബി(സ്വ) പറയുന്നു: "യുവ സമൂഹമേ, നിങ്ങൾക്ക് വിവാഹംകഴിക്കാൻ ആവശ്യമായ കഴിവ് എത്തിക്കഴിഞ്ഞാൽ ഉടനെ നിങ്ങൾ വിവാഹിതരാവുക. അത് നിങ്ങളുടെ കണ്ണുകളെ താഴ്ത്തുന്നു, ജനനേന്ദ്രിയത്തെ സംരക്ഷിക്കുന്നു. അതിന് കഴിയാത്തവർ നോമ്പ് അനുഷ്ഠിക്കട്ടെ. അത് അവന്നൊരു കാവലാണ്" (ബുഖാരി, മുസ്‌ലിം).

6. നോമ്പ് ഒരുപരിചയാണ്: നബി(സ്വ) പറയുന്നു: "നോമ്പ് ഒരു പരിചയാണ്. അടിമ അതുകൊണ്ട് നരകത്തെ തടുക്കുന്നു"(അഹ്മദ്).

7. നോമ്പ് സ്വർഗപ്രവേശനം നൽകുന്നു: അബൂഉമാമ(റ) നബി(സ്വ)യോട് ചോദിച്ചു:"സ്വർഗ പ്രവേശനത്തിന് വഴിയൊരുക്കുന്ന ഒരു കാര്യം എനിക്ക് അറിയിച്ച് തരണം." നബി(സ്വ) പറഞ്ഞു: "നീ നോമ്പനുഷ്ഠിക്കുക. അതിനു തുല്യമായി മറ്റൊന്നുമില്ല" (നസാഇ).

8. നോമ്പും ക്വുർആനും അടിമകൾക്കു വേണ്ടി ശുപാർശ പറയുന്നതാണ് (അഹ്മദ്).

9. നോമ്പുകാർക്ക് സ്വർഗപ്രവേശനത്തിന് പ്രത്യേകം കവാടം ഉണ്ടായിരിക്കും: നബി (സ്വ) പറഞ്ഞു: "സ്വർഗത്തിന് റയ്യാൻ എന്ന ഒരു കവാടമുണ്ട്. അതിലൂടെ നോമ്പുകാർ മാത്രമായിരിക്കും പ്രവേശിക്കുക"(ബുഖാരി).

10. നോമ്പിന് കണക്കില്ലാത്ത പ്രതിഫലം ലിക്കുന്നു. (തുർമുദി).

11. നോമ്പ് മനുഷ്യനിൽ സൂക്ഷ്മതാബോധമുണ്ടാക്കും (വി. ക്വുർആൻ 2:183).

12. നോമ്പ് അല്ലാഹുവിന് വേണ്ടി മാത്രമായി ചെയ്യാൻ കഴിയുന്ന ആരാധനയാണ്.

13. നോമ്പ് മുൻപാപങ്ങൾ പൊറുക്കപ്പെടുവാൻ കാരണമാണ്. നബി(സ്വ) പറയുന്നു: "ആരെങ്കിലും വിശ്വാസത്തോടും പ്രതിഫലേഛയോടുംകൂടി നോമ്പനുഷ്ഠിച്ചാൽ അവന്റെ കഴിഞ്ഞ പാപങ്ങൾ പൊറുക്ക പ്പെടുന്നതാണ് (ബുഖാരി).

**നോമ്പ് നിയമമാക്കപ്പെട്ടവർ**

1. പ്രായപൂർത്തിയായ, ബുദ്ധിയും ആരോഗ്യവുമുള്ളവർക്ക് നോമ്പനുഷ്ഠിക്കൽ നിർബന്ധമാണ്.

2. പ്രായപൂർത്തിയാവാത്ത കുട്ടികൾക്ക് നോമ്പ് നിർബന്ധമില്ല; എങ്കിലും അവരെ പരിശീലിപ്പിക്കേണ്ടതാണ്.

3. ആരോഗ്യമില്ലാത്ത വൃദ്ധർക്കും ശമനം തീരെ പ്രതീക്ഷയില്ലാത്ത രോഗികൾക്കും ഇളവ് നൽകപ്പെട്ടിട്ടുണ്ട്. അവർ ഓരോ നോമ്പിനും ഓരോ അഗതിക്ക് വീതം ഭക്ഷണം പ്രായശ്ചിത്തം നൽകേണ്ടതാണ്.

4. ശമനം പ്രതീക്ഷയുള്ള രോഗിക്കും നോമ്പ് ഒഴിവാക്കാം; പിന്നീട് നോറ്റുവീട്ടൽ നിർബന്ധമാണ്.

5. യാത്രക്കാർ വളരെ ബുദ്ധിമുട്ടി നോമ്പനുഷ്ഠിക്കണമെന്നില്ല. അവർ പിന്നീട് നോറ്റു വീട്ടിയാൽ മതി.

6, ഗർഭിണികളും മുലയൂട്ടുന്ന മാതാക്കളും വിഷമിച്ച് നോറ്റുകൊള്ളണമെന്നില്ല പിന്നീട് നോറ്റു വീട്ടിയാൽ മതി.

7. ആർത്തവകാരികളും പ്രസവരക്തമുള്ളവരും നോമ്പനുഷ്ഠിക്കൽ നിഷിദ്ധമാണ്.

**നോമ്പിന്റെ മര്യാദകൾ**

1. നിർബന്ധ നോമ്പിന് പ്രഭാതത്തിന് മുമ്പായി നിയ്യത്ത് ചെയ്യേണ്ടതാണ്. നിയ്യത്ത് എന്നാൽ മനസ്സിൽ കരുതലാണ്. നിയ്യത്ത് ചൊല്ലിപ്പറയൽ സുന്നത്തല്ല.

2. അത്താഴം കഴിക്കുക; കഴിവതും പിന്തിച്ച് കഴിക്കാൻ ശ്രമിക്കുക.

3. ഭക്ഷണ പാനീയങ്ങൾ എന്നപോലെ ചീത്തവാക്കും പ്രവൃത്തിയും ചിന്തയും ഒഴിവാക്കുക.

4. സമയമായാൽ ഉടനെ നോമ്പ് തുറക്കുക.

**നോമ്പ് നഷ്ടപ്പെടുത്തുന്ന കാര്യങ്ങൾ**

1, സംയോഗം: റമദാനിന്റെ പകലിൽ ഭാര്യാഭർതൃ ബന്ധത്തിലേർപ്പെട്ടാൽ നോമ്പ് ദുർബലപ്പെടും.അത് നോറ്റുവീട്ടുന്നതോടൊപ്പം ഭാരിച്ച പ്രായശ്ചിത്തവും നിർബന്ധമാണ്. (ഒന്നുകിൽ വിശ്വാസിയായ ഒരടിമയെ മോചിപ്പിക്കുക, അല്ലെങ്കിൽ രണ്ട് മാസം തുടർച്ചയായി നോമ്പ് നോൽക്കുക, അതുമല്ലെങ്കിൽ അറുപത് അഗതികൾക്ക് ഭക്ഷണം നൽകുക എന്നതാണ് പ്രായശ്ചിത്തം).

2. തിന്നുകയോ കുടിക്കുകയോ ചെയ്യൽ.

3, ശരീര പോഷണത്തിന് ഇഞ്ചക്ഷൻ എടുക്കൽ.

4. കരുതിക്കൂട്ടി ഛർദിക്കൽ.

5. സ്വയംഭോഗം ചെയ്യൽ.

6. ആർത്തവരക്തമോ പ്രസവരക്തമോ പുറപ്പെടൽ.

(മേൽപറഞ്ഞ കാര്യങ്ങൾ നോമ്പുമുറിക്കുന്നവയാണ് എന്ന് അറിഞ്ഞുകൊണ്ടും മനഃപൂർവവും പ്രവർത്തിക്കുമ്പോൾ മാത്രമെ നോമ്പ് മുറിയുകയുള്ളൂ).

ഇവക്കെല്ലാം പുറമെ നോമ്പുകാരനാണ് എന്ന ബോധത്തോടെ സദാ കഴിഞ്ഞുകൂടാൻ ശ്രമിക്കുകയും വേണം. നബി(സ്വ) പറയുന്നത് കാണുക: "വല്ലവനും ചീത്തവാക്കും പ്രവൃത്തിയും ഒഴിവാക്കുന്നില്ലെങ്കിൽ അവൻ പട്ടിണികിടക്കണമെന്ന് അല്ലാഹുവിന്ന് യാതൊരാവശ്യവുമില്ല" (ബുഖാരി).

**നോമ്പുകാലവും പുണ്യകർമങ്ങളും**

ക്വുർആൻ പാരായണം, പഠനം, ദിക്റ്, തസ്ബീഹ്, പ്രാർഥന എന്നിവ അധികരിപ്പിക്കൽ, രാത്രി ദീർഘമായി നമസ്കരിക്കൽ, പള്ളിയിൽ ഇഅ്തികാഫ് ഇരിക്കൽ, ദാനധർമം അധികരിപ്പിക്കൽ നോമ്പു കാരനെ നോമ്പുതുറപ്പിക്കൽ, ഉംറചെയ്യൽ, മറ്റു സൽ

കർമങ്ങൾ വർധിപ്പിക്കൽ എന്നിവയിൽ കൂടുതൽ ശ്രദ്ധ പുലർത്താൻ ശ്രമിക്കണം.

റമദാൻ അവസാനത്തെ പത്തിൽ 'അല്ലാഹുമ്മ ഇന്നക അഫുവ്വുൻ തുഹിബ്ബുൽ അഫ്‌വ ഫഅ്ഫു അന്നീ' (അല്ലാഹുവേ, നീ പാപമോചനം നൽകുന്നവനും പാപമോചനം ഇഷ്ടപ്പെടുന്നവനുമാണ്. എന്റെ പാപങ്ങൾ നീ എനിക്ക് പൊറുത്തുതരമേണമേ) എന്ന് കൂടുതൽ പ്രാർഥിക്കുന്നത് ഉത്തമമാണ്.

അവസാനത്തെ പത്തിലാണ് ആയിരംമാസത്തെക്കാൾ ശ്രേഷ്ഠതയുള്ള ലൈലത്തുൽ ക്വദ്ർ ഉൾക്കൊള്ളുന്നത്. 'ലൈലത്തുൽ ക്വദ്ർ ഇന്ന ദിവസമാണ് എന്ന് എനിക്കു മനസ്സിലാകുകയാണ് എങ്കിൽ അന്ന് ഞാൻ എന്താണ് കൂടുതലായി പ്രാർഥിക്കേണ്ടത്' എന്ന് ആഇശ(റ) നബി(സ്വ) യോട് ചോദിച്ച പ്പോൾ മേൽകൊടുത്ത പ്രാർഥന നിർവഹിക്കുവാനാണ് പറഞ്ഞത്. നബി(സ്വ) അവസാനത്തെ പത്ത് സമാഗതമായാൽ തന്റെ അരയുടുപ്പ് മുറുക്കിയുടുക്കുകയും കുടുംബത്തെ വിളിച്ചുണർത്തുകയും രാത്രിമുഴുവനും (ആരാധനയിൽ) മുഴുകി ജീവസ്സുറ്റതാക്കുകയും ചെയ്യുമായിരുന്നു. (ബുഖാരി).

അത്കൊണ്ട് ഒരായുഷ്കാലം മുഴുവനും ആരാധനയിൽ മുഴുകിയാൽ കിട്ടുന്നത്ര പുണ്യം ഒരു രാത്രി കൊണ്ട് നേടാൻ കഴിയുന്ന ലൈലത്തുൽ ക്വദ്റിലെ പുണ്യം നേടാൻ നാമും കച്ചമുറുക്കിയൊരുങ്ങുക.

**നോമ്പും തിരുത്തേണ്ട ധാരണകളും**

റമദാനിന്റെ രാത്രികളിൽ ഭാര്യാഭർതൃ ബന്ധത്തിലേർപ്പെടുക, സുബ്ഹിക്ക് മുമ്പായി രാത്രിയിൽ തന്നെ കുളിക്കാൻ കഴിയാതിരിക്കുക, നോമ്പിന്റെ പകലിൽ പല്ല് തേക്കുക, മുങ്ങിക്കുളിക്കുക, ഇഞ്ചക്ഷൻ എടുക്കുക, കണ്ണിൽ സുറുമ പോലുള്ളവ ഉപയോഗിക്കുക, രക്തപരിശോധന നടത്തുക, ഭക്ഷണം രുചി നോക്കുക, ഉറക്കത്തിൽ സ്ഖലനം നടക്കുക എന്നിവയൊന്നും നോമ്പിനെ ദുർബലപ്പെടുത്തുകയില്ല.

**നോമ്പു തുറക്കൽ**

സമയമായാലുടനെ നോമ്പു തുറക്കുക എന്നതാണ് നബിചര്യ. നോമ്പുകാരൻ നോമ്പുതുറക്കുന്നതിനു മുമ്പായി നടത്തുന്ന പ്രാർഥനക്ക് പ്രത്യേകം ഉത്തരം ലഭിക്കുന്നതാണ് എന്ന് പ്രവാചകൻ പറഞ്ഞിട്ടുള്ളതിനാൻ പ്രസ്തുത സമയത്ത് പ്രാർഥനകൾ അധികരിപ്പിക്കേണ്ടതാണ്.

ഈത്തപ്പഴം കൊണ്ട്, അല്ലെങ്കിൽ കാരക്കകൊണ്ട് , അതുമില്ലെങ്കിൽ പച്ചവെള്ളംകൊണ്ട് നോമ്പ് തുറക്കുന്ന പതിവായിരുന്നു നബി(സ്വ)ക്കുണ്ടായിരുന്നത്. നോമ്പ് തുറന്നാൽ 'ദഹബള്ളമഉ വബ്തല്ലതിൽ ഉറൂകു വഥബതൽ അജ്റു ഇൻശാഅല്ലാഹ്' (ദാഹമെല്ലാം നീങ്ങി, ഞരമ്പുകൾക്കെല്ലാം പുതുജീവൻ ലഭിച്ചു, അല്ലാഹു ഉദ്ദേശിച്ചാൽ പ്രതിഫലം ഉറപ്പായി) എന്ന് പ്രാർഥിക്കുകയും ചെയ്യുക.

**റമദാനിൽ പ്രത്യേകം**

**ശ്രദ്ധിക്കേണ്ട നബിചര്യകൾ**

*പ്രഭാതത്തിനു മുമ്പായി നിയ്യത്ത് (തീരുമാനമെടുക്കൽ)*

നബി(സ്വ) പറഞ്ഞു: 'ആരെങ്കിലും പ്രഭാതത്തിന്നു മുമ്പ് നിയ്യത്തു ചെയ്തിട്ടില്ലെങ്കിൽ അവന്നു നോമ്പില്ല' (തുർമുദി).

നിയ്യത്ത് പറയൽ നബിചര്യയല്ല എന്ന് നാം മനസ്സിലാക്കി. നിയ്യത്തിനെ സംബന്ധിച്ച് ശാഫിഈ പണ്ഡിതനായ ഇമാംനവവി(റ) പറയുന്നത് ശ്രദ്ധിക്കുക: 'നിയ്യത്തെന്നാൽ കരുതലാണ്, അത് മനസ്സിന്റെ ഉറപ്പാണ്' (ഫത്ഹുൽബാരി).

*അത്താഴം കഴിക്കുക:*'നിങ്ങൾ അത്താഴം കഴിക്കുക. തീർച്ചയായും അത്താഴത്തിൽ അനുഗ്രഹമുണ്ട്' (ബുഖാരി).

സെയ്ദുബ്നു ഥാബിത്(റ) പറയുന്നു: 'ഞങ്ങൾ നബിയോടൊപ്പം അത്താഴം കഴിച്ചാൽ പിന്നീട് നമസ്കാരത്തിന് അമ്പത് ആയത്ത് ഓതുന്ന സമയം മാത്രമെ ബാക്കിയുണ്ടാകുമായിരുന്നുള്ളൂ' (ബുഖാരി, മുസ്ലിം).

*സമയമായാലുടൻ നോമ്പു തുറക്കുക:* 'നോമ്പുതുറക്കാൻ ധൃതികാണിക്കുന്ന കാലത്തോളം ജനങ്ങൾ നന്മയിലായിരിക്കും' (മുസ്ലിം).

*തറാവീഹ് നമസ്കാരം:* 'ആരെങ്കിലും വിശ്വാസത്തോടും പ്രതിഫലേച്ഛയോടും കൂടി റമദാനിൽ രാത്രി നമസ്കരിച്ചാൽ അവന്റെ കഴിഞ്ഞുപോയ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്' (ബുഖാരി).

നബി(സ്വ) റമദാനിൽ പതിനൊന്ന് റക്അത്തിനെക്കാൾ അധികം നമസ്കരിച്ചിട്ടില്ല എന്ന ഹദീഥാണ് ബുഖാരി തറാവീഹ് എന്ന അധ്യായത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

*നോമ്പ് നിഷ്ഫലമാകാതെ സൂക്ഷിക്കുക:* 'ആരെങ്കിലും ചീത്തവാക്കും പ്രവർത്തിയും ഉപേക്ഷിക്കുന്നില്ലെങ്കിൽ അവൻ ഭക്ഷണ പാനീയങ്ങൾ ഒഴിവാക്കണമെന്ന് അല്ലാഹുവിന് ആവശ്യമില്ല' (ബുഖാരി).

*ഫിത്വ്ർ സകാത്ത് നൽകുക:* റമദാനിന്റെ അവസാനം ഫിത്വ്ർ സകാത്ത് നൽകുക. നോമ്പിൽ വന്ന പാകപ്പിഴവുകൾക്ക് അത് പരിഹാരമാണ്. ●

## സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com,www.nerpatham.com

ഫദ്‌ലുൽ ഹഖ് ഉമരി, ആമയൂർ

ലേഖനം

# സ്ത്രീ സംബന്ധമായ വ്രത നിയമങ്ങൾ

പരിശുദ്ധ ഇസ്‌ലാം സമ്പൂർണ മതമാണ്. മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളുമായും അത് ഇടപെടുന്നുണ്ട്. ആരാധനാവിഷയങ്ങളിൽ ലിംഗ വ്യത്യാസങ്ങൾക്കനുസരിച്ചു കൊണ്ടുള്ള നിയമ വ്യത്യാസങ്ങൾ വളരെ കൃത്യമായി ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്. ആരാധനകളുമായി ബന്ധപ്പെട്ട പല കാര്യങ്ങളും കൃത്യമായി അറിയുകയും പഠിക്കുകയും ചെയ്യാത്തതിനാൽ പലപ്പോഴും വീഴ്ചകളും അബദ്ധങ്ങളും സംഭവിക്കാറുണ്ട്.

പ്രായപൂർത്തിയെത്തിയ ഏതൊരു സ്ത്രീക്കും നോമ്പ് നിർബന്ധമാണ്. പലപ്പോഴും നാണം കാരണത്താൽ പ്രായപൂർത്തിയെത്തിയ കാര്യം രക്ഷിതാക്കളെ അറിയിക്കാത്ത പെൺകുട്ടികൾക്ക് മാതാക്കളിൽ നിന്നും ലഭിക്കേണ്ട നിർദേശങ്ങൾ കിട്ടാതെ പോകാറുണ്ട്. നോമ്പ് നിർബന്ധമാകുന്ന അവസ്ഥ എത്തിയിട്ടുണ്ടെന്നു മനസ്സിലാക്കാതെ കുട്ടി എന്ന നിലയിൽ നോമ്പ് ഒഴിവാക്കുകയും ചെയ്യുന്നു. പ്രായപൂർത്തിയുടെ അടയാളങ്ങൾ പലതാണ്. അവയിൽ ഏതെങ്കിലും ഒന്ന് കാണപ്പെട്ടാൽ തന്നെ പ്രായപൂർത്തിയായെന്ന് മനസ്സിലാക്കുകയും ആരാധനകളിൽ കണിശതയും കൃത്യതയും കാണിക്കുകയും വേണം.

(1). പതിനഞ്ച് വയസ്സ് പൂർത്തിയാവുക. (2). ഗുഹ്യരോമങ്ങൾ മുളക്കുക. (3). ഗർഭം ധരിക്കുക. ഇപ്പറഞ്ഞതിൽ ഏതെങ്കിലും ഒന്നുണ്ടായാൽ ഒരു സ്ത്രീക്കു നോമ്പു നിർബന്ധമായി. അത് എട്ടു വയസ്സിലാണെങ്കിലും ശരി. ഏഴുവയസ്സിൽ ആർത്തവം തുടങ്ങുന്നവരുമുണ്ട്. സ്ഥല, കാല, പ്രകൃതി വ്യത്യാസങ്ങൾക്കനുസരിച്ച് ആർത്തവത്തിന്റെ ആരംഭത്തിൽ വ്യത്യാസങ്ങൾ സ്വാഭാവികമാണ്. ഏതു വയസ്സിൽ തുടങ്ങിയാലും നോമ്പ് അവർക്ക് നിർബന്ധമായി. ബുദ്ധിയുള്ള, മുസ്‌ലിമായ ഒരു പെൺകുട്ടിക്ക് പ്രായപൂർത്തിയായാൽ നോമ്പ് നിർബന്ധമായി എന്നർഥം. എന്റെ ആർത്തവത്തെക്കുറിച്ച് മറ്റുള്ളവർ അറിയുമല്ലോ എന്നു കരുതി ലജ്ജ കാരണത്താൽ അത് രഹസ്യമാക്കി വെച്ച് നോമ്പ് അനുഷ്ഠിക്കുന്നവരുണ്ടാകാം. ഇത് നിഷിദ്ധമായ കാര്യമാണ്. കഴിഞ്ഞ വർഷം പ്രായപൂർത്തിയായിട്ടും നോമ്പെടുക്കാതെ ഈ വർഷം മുതൽ നോമ്പെടുക്കാൻ തുടങ്ങുകയാണെങ്കിൽ കഴിഞ്ഞ വർഷത്തെ നോമ്പ് നോറ്റ് വീട്ടാൻ ആ സഹോദരി കടപ്പെട്ടവളാണ്.

ചില സഹോദരിമാർ റമദാനിൽ മുഴുവൻ നോമ്പും ലഭിക്കുന്നതിനായി ആർത്തവത്തെ തടയാൻ ഗുളിക ഉപയോഗിക്കാറുണ്ട്. ഇതിന്റെ ആവശ്യമില്ല. കാരണം അല്ലാഹു സ്ത്രീകളുടെ പ്രകൃതിയിൽ വെച്ച കാര്യവും നോമ്പിൽ ഇളവ് നൽകപ്പെട്ട വിഷയവും ആണല്ലോ ഇത്. അതിനാൽ പിന്നീട് നോറ്റു വീട്ടിയാൽ മതി. മാത്രവുമല്ല ഇത്തരം ഗുളികകൾ സ്ത്രീകളുടെ ശരീരത്തെ, പ്രത്യേകിച്ചും ഗർഭാശയത്തെ ദോഷമായി ബാധിക്കുമെന്ന് ആധുനിക പഠനങ്ങൾ അറിയിക്കുന്നുണ്ട്. റമദാനിന്റെ അവസാന പത്തിൽ അതിന്റെ മഹത്ത്വം നേടാനും ഇഅ്തികാഫിരിക്കാനും കൂടുതൽ ഇബാദത്തുകൾ ചെയ്യാനും ഉള്ള ഉദ്ദേശത്തോടെ ഒരു സ്ത്രീ ആർത്തവം തടയാനുള്ള ഗുളിക ഉപയോഗിക്കുന്നതിൽ തെറ്റില്ലെന്നാണ് ശൈ് ഇബ്നുജിബ്രീൻ പറയുന്നത്. പക്ഷേ, നോമ്പ് പിന്നീട് വീട്ടാനുള്ള മടികൊണ്ട് ആർത്തവം നിയന്ത്രിക്കുക എന്ന ഉദ്ദേശത്തോടെ ആകാൻ പാടുള്ളതല്ല.

ആർത്തവകാരി നോമ്പെടുക്കാൻ പാടില്ല. പ്രസവരക്തമുള്ളവരുടെ നിയമവും അങ്ങനെത്തന്നെ. നോമ്പുകാരിയായിരിക്കെ ഹൈളോ(ആർത്തവം) നിഫാ

സോ(പ്രസവരക്തം) തുടങ്ങിയാൽ ആ നിമിഷം മുതൽ നോമ്പ് അവസാനിച്ചു. ഇത്തരം നോമ്പുകൾ റമദാനിനു ശേഷം നോറ്റു വീട്ടേണ്ടതാണ്. മഗ്‌രിബിന് തൊട്ടു നിമിഷങ്ങൾക്കുമുമ്പ് ആർത്തവം തുടങ്ങിയാലും അന്നത്തെ നോമ്പ് നിഷ്ഫലമായി.

ഫജ്‌റിനു തൊട്ടുമുമ്പായി ഒരു സ്ത്രീയുടെ ആർത്തവസമയം നിലച്ച് ശുദ്ധി അറിയിച്ചാൽ ആ ദിവസം അവൾ നോമ്പെടുക്കണം. സുബ്ഹിക്ക് ശേഷം കുളിച്ചാലും മതി. സുബ്ഹി നമസ്‌കാരത്തിന്റെ മുമ്പ് കുളിക്കണം. അതിനാൽ ശുദ്ധിയാകാൻ സാധ്യതയുള്ള സ്ത്രീകൾ ഫജ്‌റിന്റെ മുമ്പ് ശുദ്ധിയായിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. എന്നാൽ സുബ്ഹിക്ക് ശേഷമാണ് ശുദ്ധി ഉറപ്പ് വരുന്നതെങ്കിൽ അന്ന് അവൾ നോമ്പെടുക്കാൻ പാടില്ല.

പകലിൽ നോമ്പെടുത്തുകൊണ്ടിരിക്കെ ആർത്തവം തുടങ്ങിയാൽ ബാക്കിയുള്ള സമയം അവൾ ഭക്ഷണപാനീയങ്ങൾ ഒഴിവാക്കേണ്ടതില്ല. എന്നാൽ ദിവസത്തിന്റെ പവിത്രതയെ മാനിച്ചുകൊണ്ട് ബാക്കി സമയം ഭക്ഷണം ഒഴിവാക്കണം എന്ന് അഭിപ്രായപ്പെട്ട പണ്ഡിതന്മാരുണ്ട്.


ആർത്തവരക്തമല്ലാത്ത നിലക്ക് സ്ത്രീകളിൽ ഉണ്ടാകാറുള്ള ഇസ്തിഹാളതും (രക്തവാർച്ച) മറ്റും നോമ്പിനെ ബാധിക്കുന്നതല്ല. സാധാരണ ആർത്തവം ഉണ്ടാകാറുള്ള ദിവസങ്ങൾ കണക്കാക്കുക. ആ ദിവസം അവസാനിക്കുമ്പോൾ ശുദ്ധമായ വെള്ള ഉണ്ടോ എന്ന് പരിശോധിക്കാം. ശുദ്ധിയുടെ ഈ അടയാളം കാണപ്പെട്ടാൽ അവർ കുളിച്ച് വൃത്തിയായി അടുത്ത ദിവസം മുതൽ നോമ്പ് തുടങ്ങേണ്ടതാണ്.

പ്രസവരക്തത്തിന് ഇത്ര ദിവസം എന്ന് കണക്കില്ല. 40 എന്നത് ഒരു സാധാരണ കണക്ക് മാത്രമാണ്. വ്യക്തികളുടെ മിനിമം കണക്കല്ല. അതുകൊണ്ട് തന്നെ റമദാനിന് രണ്ടോ മൂന്നോ ആഴ്ച മുമ്പ് പ്രസവിച്ച ഒരു സ്ത്രീ റമദാനോടുകൂടി നിഫാസിൽ നിന്നും ശുദ്ധിയായിട്ടുണ്ടെന്ന് ഉറപ്പായാൽ അവൾ കുളിച്ച് നോമ്പ് തുടങ്ങേണ്ടതാണ്. 40 ദിവസം കാത്തിരിക്കണമെന്നില്ല. പ്രസവരക്തം ചിലപ്പോൾ 40 ദിവസത്തിൽ കൂടി എന്നും വരാം. അത്തരം സന്ദർഭങ്ങളിൽ 40 കഴിഞ്ഞു എന്ന് പറഞ്ഞ് നോമ്പെടുക്കാനും പാടില്ല. എന്നാൽ നാൽപതോടുകൂടി ഒരു സ്ത്രീ ശുദ്ധിയായി ഒന്നോ രണ്ടോ ദിവസം കഴിഞ്ഞ് അതിന്റെ അടയാളം കാണുകയും ചെയ്താൽ അതിന് ഫാസിദായ രക്തം എന്നാണ് പറയുക. നമസ്‌കാരം നോമ്പ് ലൈംഗിക ബന്ധം തുടങ്ങിയവക്ക് അതു തടസ്സമല്ല.

ഗർഭിണികളും മുലയൂട്ടുന്നവരും ഈ കാരണം പറഞ്ഞുകൊണ്ട് നോമ്പ് ഒഴിവാക്കാറുണ്ട്. ഗർഭവും മുലയൂട്ടലും നോമ്പ് ഒഴിവാക്കാനുള്ള കാരണങ്ങൾ അല്ല. അതേസമയം ഗർഭാവസ്ഥയിലും മുലയൂട്ടുമ്പോഴും ഉള്ള നോമ്പ് തന്നെയോ തന്റെ കുഞ്ഞിനെയോ ദോഷമായി ബാധിക്കുമെന്നാണെങ്കിൽ അക്കാരണത്താൽ അവർക്ക് നോമ്പ് ഒഴിവാക്കാവുന്നതാണ്. അത്‌നോറ്റുവീട്ടലും നിർബന്ധമാണ്. ഇത്തരം നോമ്പുകൾ നോറ്റു വീട്ടാതെ ഫിദ്‌യ കൊടുത്ത് രക്ഷപ്പെടലാണ് സാധാരണയായി പലരും ചെയ്യാറുള്ളത്. ഇത് ശരിയല്ല. നഷ്ടപ്പെട്ട നോമ്പുകൾ നോറ്റു വീട്ടുകയാണ് വേണ്ടത്. ഒരു നിലക്കും നോറ്റുവീട്ടാൻ സാധിക്കാത്തവർക്കു മാത്രമാണ് നോമ്പിനു പകരമായി ഫിദ്‌യ നിശ്ചയിച്ചിട്ടുള്ളത്.

ഒരു സ്ത്രീ ഒരു റമദാനിൽ പ്രസവിച്ചു. അടുത്ത റമദാനിൽ അവൾ മൂലയൂട്ടുന്നവളാണ്. അടുത്ത റമദാനിൽ അവൾ വീണ്ടും ഗർഭിണിയായി. ഇവരൊക്കെ ഫിദ്‌യ കൊടുക്കാൻ നിന്നാൽ ഒരിക്കലും നോമ്പെടുക്കാൻ അവസരം തന്നെ ഉണ്ടാവുകയില്ല. അത് കൊണ്ട് കഴിയുന്നിടത്തോളം അൽപാൽപമായെങ്കിലും അവർ നോമ്പ് നോറ്റ് വീട്ടാൻ തന്നെശ്രമിക്കണം. ഒരു നിലക്കും കഴിയാതെ വരുമ്പോൾ ഉള്ള ഒരു ഇളവ് മാത്രമാണ് ഫിദ്‌യ നൽകുക എന്നത്. ഒരു സാധുവിന് ഒരു നേരത്തെ ഭക്ഷണം കൊടുക്കലാണ് ഫിദ്‌യ.

കഴിഞ്ഞ റമദാനിൽ വീട്ടാൻ ബാക്കിയുള്ള നോമ്പുകൾ ഉണ്ടായിരിക്കെ ഈ റമളാൻ കടന്നുവന്നാൽ റമളാനിനു ശേഷമാണെങ്കിലും അവളത് നോറ്റുവീട്ടാൻ ബാധ്യസ്ഥയാണ്. എന്നാൽ ഇത്രയും വൈകിപ്പിക്കുകയും നീണ്ടുപോവുകയും ചെയ്തത്തിന്റെ പേരിൽ അവൾ ആത്മാർഥമായി തൗബ ചെയ്യേണ്ടതുണ്ട്. പ്രസവത്തിന്റെ രണ്ടോ മൂന്നോ ദിവസം മുമ്പ് രക്തം കാണപ്പെട്ടാൽ ആർത്തവ രക്തമായി അത് കണക്കാക്കപ്പെടുകയില്ല. എന്നാൽ നിഫാസിന്റെ ഗണത്തിൽ ഉൾപ്പെടുമോ? പ്രസവാനുബന്ധ വേദനയും പ്രയാസവും ഈ രക്തം വരുന്നതോടൊപ്പം ഉണ്ടായാൽ അതിനെ നിഫാസ് ആയി കാണുകയും നോമ്പ് ഒഴിവാക്കുകയും വേണം. എന്നാൽ വേദനയൊന്നുമില്ലാതെ വെറും ഒരു രക്തം എങ്കിൽ അതിനെ സാധാരണ രക്തമായി കണക്കാക്കണം. അപ്പോൾ ആരാധനകൾ ഒഴിവാക്കാൻ പാടില്ല. ●



കെ. സി. മുഹമ്മദ് നജീബ്

ലേഖനം

# റയ്യാൻ കവാടത്തിലെ വിരുന്നുകാരാവാൻ

സത്യമാർഗദർശനത്തിന്റെ സന്ദേശം പുതുക്കി, പാപമോചനത്തിന്റെയും ദിവ്യകാരുണ്യത്തിന്റെയും വാഗ്ദാനങ്ങളുമായി വീണ്ടും വിരുന്നെത്തുന്ന പുണ്യറമദാൻ വിശ്വാസികളുടെ ഹൃത്തടങ്ങളിൽ പ്രതീക്ഷയുടെ പ്രകാശം പരത്തുകയായി.

വ്രതമാസമായ റമദാനിൽ പകലന്തിയോളം അന്നപാനകാമാദികൾ വെടിയുന്ന വിശ്വാസികൾ, പാപങ്ങൾ കഴുകിക്കളഞ്ഞും പുണ്യങ്ങൾ വർധിപ്പിച്ചും സ്രഷ്ടാവും യജമാനനുമായ അല്ലാഹുവിലേക്ക് അടുക്കാനുള്ള പരിശ്രമത്തിലാണ്. പശ്ചാത്താപത്തിന്റെയും നരകമോചനത്തിന്റെയും പുണ്യമാസത്തിൽ സ്വർഗ കവാടങ്ങൾ നമുക്കായി തുറക്കപ്പെട്ടിരിക്കുന്നു. ഇതൊരവസരമാണ്.

അത് പാഴാക്കാതെ, 'റയ്യാൻ' വാതിലിലൂടെ സ്വർഗത്തിലേക്ക് ക്ഷണിക്കപ്പെടുന്ന നോമ്പുകാരിൽ ഉൾപ്പെടാനായി ഈ റമദാനിൽ നമുക്കൽപം ശ്രദ്ധവെക്കാം.

അനാവശ്യ സംസാരങ്ങളിൽ നിന്നും വിലക്കപ്പെട്ട പ്രവർത്തനങ്ങളിൽനിന്നും പൂർണമായി വിട്ടുനിന്ന്, വിശ്വാസത്തിന്റെ താൽപര്യങ്ങൾ ജീവിതം മുഴുക്കെ പാലിക്കാൻ പരിശീലനം നേടേണ്ട ദിനങ്ങളാണിവ. അതിനാൽ നോമ്പ് വയറിനു മാത്രമാവരുത്. കണ്ണിനും കാതിനും നാവിനും കൈകാലുകൾക്കും മനസ്സിനും എല്ലാം നോമ്പുണ്ടാവട്ടെ. വാക്കിലും നോക്കിലും അനക്കത്തിലും അടക്കത്തിലും അത് നിറഞ്ഞു നിൽക്കട്ടെ. ഉദ്ദേശ്യശുദ്ധിയുള്ള നോമ്പ്, സമയംതെറ്റാതെയും കഴിവതും പള്ളിയിലെ ജമാഅത്തിൽ ചേർന്നുമുള്ള ഫർദ് നമസ്കാരങ്ങൾ, അനുബന്ധമായ സുന്നത്ത് നമസ്കാരങ്ങൾ, ദിക്റുകൾ, തറാവീഹ്-ഖിയാമുല്ലൈൽ നമസ്കാരം, ക്വുർആൻ-ഹദീഥ് പഠന-പാരായണം, പാപമോചനത്തിനും നരകമുക്തിക്കും സ്വർഗ പ്രവേശനത്തിനുമുള്ള അകമഴിഞ്ഞ പ്രാർഥനകൾ, ഉദാരമായ ദാനധർമങ്ങൾ, പരോപകാര പ്രവർത്തനങ്ങൾ, പ്രതിഫലമാഗ്രഹിച്ചും പാവങ്ങളെക്കൂടി പരിഗണിച്ചുമുള്ള നോമ്പുതുറകൾ, ഉപകാരമുള്ള അറിവിന്നായി ഗ്രന്ഥപാരായണം, പഠനസദസ്സുകളിലെ പങ്കാളിത്തം, രോഗസന്ദർശനം, കുടുംബബന്ധം ചേർക്കൽ, ദൈവമാർഗത്തിലുള്ള പരിശ്രമങ്ങൾ, ദൈനംദിന കർമങ്ങളിലും ജീവിതരീതികളിലും ആരാധനകളിലും എല്ലാം നബിചര്യ പിൻപറ്റൽ, കഴിയുന്നത്ര സമയം പള്ളിയിൽ ആരാധനക്കായി ഒഴിഞ്ഞിരിക്കൽ (പ്രത്യേകിച്ചും അവസാന പത്തിൽ ഇഅ്തികാഫ് ഇരിക്കൽ), സാധി

ക്കുന്നവർ മക്കയിൽ പോയി ഉംറ ചെയ്യൽ.... പുണ്യത്തിന്റെ എത്രയെത്ര തുറകളാണ് നമുക്ക് മുന്നിൽ പരന്നുകിടക്കുന്നത്!

സദ്സ്വഭാവമാണ് ഏറ്റവും വലിയ നന്മയെന്നും സഹോദരനെ പുഞ്ചിരിക്കുന്ന മുഖത്തോടെ കണ്ടുമുട്ടുന്നതുപോലും ധർമമാണെന്നുമുള്ള നബിവചനങ്ങൾ ഓർക്കുക. വിനയം, വിട്ടുവീഴ്ച, സൗമ്യത, സത്യസന്ധത, ക്ഷമ, അനുകമ്പ തുടങ്ങിയ അലങ്കാരങ്ങൾ അണിയുക. നേരിലും നെറ്റിലും കൈമാറുന്നതും പങ്കുവെക്കുന്നതുമെല്ലാം നന്മയും പുണ്യവും മാത്രമാക്കാൻ ശ്രദ്ധിക്കുക. ഈ വക സദ്ഗുണങ്ങളും സദ്കർമങ്ങളും റമദാൻ സ്പെഷ്യൽ ആക്കാതെ തുടർന്നുള്ള ജീവിതത്തിലും കഴിവതും നിലനിർത്താനുള്ള ആഗ്രഹവും പരിശ്രമവും കാത്തുസൂക്ഷിക്കുക.

അന്യരുടെ അവകാശങ്ങളും മുറിച്ചുകളഞ്ഞ ബന്ധങ്ങളും നമ്മുടെ കർമങ്ങൾ അല്ലാഹുവിലേക്ക് ഉയർത്തപ്പെടുന്നതിനു തടസ്സമാണെന്നു മനസ്സിലാക്കുക. അവകാശങ്ങൾ തിരിച്ചേൽപിക്കുക. പിണക്കങ്ങൾ അവസാനിപ്പിക്കുക. ബന്ധങ്ങൾ നന്നാക്കുക. കുടുംബങ്ങൾ, അയൽപക്കം, സുഹൃത്തുക്കൾ, സഹപ്രവർത്തകർ, സഹപാഠികൾ തുടങ്ങി ബന്ധപ്പെടുന്ന ഏതു മേഖലയിലും നമ്മുടെ ബന്ധങ്ങളും ഇടപാടുകളും കളങ്കമറ്റതാണെന്ന് ഉറപ്പുവരുത്തുക. മാതാപിതാക്കളോടുള്ള പരിഗണനയിൽ വീഴ്ച വരാതെ നോക്കുക. അവരുടെ തൃപ്തിയിലാണ് റബ്ബിന്റെ തൃപ്തി; അവരുടെ കോപത്തിലാണ് അല്ലാഹുവിന്റെ കോപം.

തക്വ അഥവാ ഭയഭക്തിയും ധർമനിഷ്ഠയും ആർജിക്കലാണല്ലോ നോമ്പിന്റെ ലക്ഷ്യം. അതിനു നിരക്കാത്തതോ തടസ്സമാകുന്നതോ ആയ യാതൊന്നും നമ്മുടെ ജീവിതത്തിൽ വരാതെ സൂക്ഷിക്കൽ നോമ്പിന്റെ ഫലപ്രാപ്തിക്ക് അനിവാര്യമാണ്. അടുത്ത പതിനൊന്നു മാസക്കാലം സ്വയം നേരെ നയിക്കാനുള്ള വിശ്വാസശക്തിയും ആത്മസംസ്കരണവും സമാർജിക്കേണ്ട റമദാനിൽ പോലും ധർമനിഷ്ഠ പാലിക്കാൻ നമുക്കാവില്ലെന്നു വന്നാൽ നമ്മുടെ നോമ്പ് എത്ര നിഷ്ഫലം! എത്ര നിരർഥകം! അതിനാൽ നിഷിദ്ധങ്ങളിൽ നിന്ന് മാത്രമല്ല, അതിലേക്കു വഴിവെക്കുന്നവയിൽ നിന്നും അകന്നുനിൽക്കുക. അഹങ്കാരം, നിന്ദ, കോപം, പക, കാപട്യം തുടങ്ങിയ ദുർഗുണങ്ങൾ വെടിയുക. എല്ലാ വേണ്ടാതീനങ്ങൾക്കും റമദാനിൽ തൽകാല അവധികൊടുത്ത്, റമദാനിനു ശേഷം അവയിലേക്കു തന്നെ മടങ്ങാനുള്ള ആഗ്രഹവും അജണ്ടയും മനസ്സിലൊതുക്കി നടക്കുന്ന പരിപാടി ആത്മവഞ്ചനയാണെന്നും ഈ കപടഭക്തി നഷ്ടമല്ലാതെ മറ്റൊന്നും വർധിപ്പിക്കില്ലെന്നും അറിഞ്ഞിരിക്കുക.

തൗബ അഥവാ പശ്ചാത്താപം വിശ്വാസിയുടെ സന്തത സവിശേഷതയാണ്. തൗബക്ക് ഏറെ പ്രാധാന്യമുള്ള റമദാനിൽ അകമറിഞ്ഞ ഖേദവുമായി നാഥനിലേക്ക് തിരിയുക. വന്നുപോയ ചെറുതും വലുതുമായ പാപങ്ങൾ എണ്ണിയെണ്ണി ഏറ്റുപറയാൻ ഏകാന്തമായ അവസരങ്ങൾ കണ്ടെത്തുക.

സന്മാർഗദർശകമായ ക്വുർആനിന്റെ അവതരണം കൊണ്ടാണല്ലോ റമദാൻ ഏറെ പവിത്രമായിരിക്കുന്നത്. അതിന്റെ പേരിലാണ് നാം വ്രതമനുഷ്ഠിക്കാൻ കൽപിക്കപ്പെട്ടിരിക്കുന്നതും. മുറതെറ്റാതെ വ്രതമനുഷ്ഠിക്കുന്നവരിൽതന്നെ നല്ലൊരു പങ്കും മാനവതയുടെ മാർഗദീപമായ ക്വുർആനിന്റെ സന്ദേശം എന്തെന്ന് ജീവിതത്തിൽ ഒരിക്കലെങ്കിലും വായിച്ചറിയാൻ ശ്രമിച്ചിട്ടില്ലാത്തവരാണെന്ന വസ്തുത എത്ര വിചിത്രം! ക്വുർആൻ അർഥസഹിതം പാരായണം ചെയ്യാനും ആഴത്തിലുള്ള പഠനത്തിനു തുടക്കം കുറിക്കാനും ഈ റമദാനിൽ നാം അവസരം കണ്ടെത്തുക.

എത്ര വേഗമാണ് വീണ്ടും റമദാൻ വന്നതെന്ന് നമ്മിൽ പലരും പറയും. നാളുകൾ കഴിയുമ്പോൾ, എത്ര വേഗമാണ് റമദാൻ കടന്നുപോയത് എന്നും നാം തന്നെ പറയും. എന്നാൽ റമദാൻ നമ്മിൽ എന്തു മാറ്റമുണ്ടാക്കി എന്ന് പരിശോധിക്കാൻ മിക്കവാറും നാം മറന്നുപോകുകയും ചെയ്യും. ഈ റമദാൻ നമ്മെ ഓരോരുത്തരെയും പുതിയ മനുഷ്യരാക്കണം. നവീകരിക്കപ്പെട്ട വിശ്വാസവും വിമലീകരിക്കപ്പെട്ട മനസ്സും നന്മയോട് ആഭിമുഖ്യവും തിന്മയോട് വെറുപ്പുമുള്ള നല്ല മനുഷ്യർ. അല്ലാഹുവോടും അവന്റെ വേദത്തോടും പ്രവാചകരോടും അവിടുത്തെ ചര്യയോടുമുള്ള പ്രതിപത്തിയും, പ്രലോഭനങ്ങളിലും പ്രകോപനങ്ങളിലും പിടിച്ചുനിൽക്കാനുള്ള മനക്കരുത്തും, പരലോകത്ത് പുലരാനിരിക്കുന്ന പ്രതിഫലവാഗ്ദാനങ്ങളിലുള്ള പ്രത്യാശയും മേൽക്കുമേൽ വർധിച്ച പുതിയ മനുഷ്യർ.

കളിതമാശകളിൽ മുഴുകിയും ആവശ്യത്തിലേറെ ഉറങ്ങിയും ടെലിവിഷന് മുന്നിൽ ചടഞ്ഞിരുന്നും അങ്ങാടികളിൽ അലഞ്ഞുനടന്നും കളഞ്ഞുകുളിക്കാനുള്ളതല്ല വിശ്വാസിക്ക് ഈ സുവർണാവസരം. റമദാനിൽ ജീവിച്ചിരുന്നിട്ട് പാപമുക്തി നേടാനാവാത്തവൻ ദിവ്യകാരുണ്യത്തിൽനിന്ന് അകറ്റപ്പെടട്ടെ എന്ന ജിബ്രീൽ(അ)ന്റെ പ്രാർഥനയും അതിനുള്ള തിരുനബി(സ)യുടെ ആമീൻ പറച്ചിലും നമ്മുടെ മനസ്സിൽ മുഴങ്ങിക്കൊണ്ടേയിരിക്കട്ടെ.

അവസരങ്ങൾ അല്ലാഹു അനുഗ്രഹിച്ചു തരുന്നതാണ്. അവ ആവർത്തിച്ചുകൊള്ളണമെന്നില്ല. ഇന്നത്തെ പത്രത്തിലുമുണ്ട് ചരമവാർത്തകൾ; നാളെയുമുണ്ടാവാം. അവയിലൊന്ന് നമ്മുടേതായിക്കൂടെന്നില്ല. അടുത്ത റമദാനിൽ നാമുണ്ടാവുമോ? പോകട്ടെ.. ഈ റമദാൻ തന്നെ പൂർത്തിയാക്കാൻ നമുക്കാവുമോ? ഉറപ്പില്ല. അതിനാൽ ഒന്നും നീട്ടിവെക്കാതിരിക്കുക. ഈ റമദാൻ ഒട്ടും പാഴാക്കാതിരിക്കുക. റയ്യാൻ കവാടത്തിലെ വരവേൽപിനും അതിനപ്പുറത്തെ സ്വർഗലോകത്തെ ശാശ്വതവാസത്തിനും അല്ലാഹു നമ്മെയും തെരഞ്ഞെടുക്കുമാറാകട്ടെ. ●

മുഹമ്മദ് സ്വാദിക് മദീനി



# നോമ്പിന്റെ മഹത്ത്വം

**നോമ്പ്;** നരകത്തിൽനിന്ന് രക്ഷ നേടാനുള്ള മഹത്തായ ആരാധന. തന്നിഷ്ടങ്ങളെ മാറ്റിവെച്ച് സ്രഷ്ടാവിന്റെ അഭീഷ്ടമനുസരിച്ച് ജീവിതത്തെ ക്രമീകരിക്കുന്ന അനുഗൃഹീതമായ കർമം. ഒരുപാടൊരുപാട് പുണ്യങ്ങൾ കരസ്ഥമാക്കാനുതകുന്ന സൽകർമം. അതിനാൽ കരുണാമയനായ അല്ലാഹു മുൻഗാമികൾക്കും അത് നിർബന്ധമാക്കിക്കൊടുത്തു. വിശുദ്ധ ക്വുർആൻ പറയുന്നു:

“സത്യവിശ്വാസികളേ, നിങ്ങളുടെ മുമ്പുള്ളവരോട് കൽപിച്ചിരുന്ന പോലെത്തന്നെ നിങ്ങൾക്കും നോമ്പ് നിർബന്ധമായി കൽപിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടിയത്രെ അത്”(2:183).

### നോമ്പ് തിന്മകളെ തടുക്കുന്ന പരിച

നബി(സ്വ) പറഞ്ഞു: “യുവ സമൂഹമേ, നിങ്ങളിൽ ആർക്കെങ്കിലും വിവാഹത്തിന് സൗകര്യപ്പെട്ടാൽ വൈകാതെ അവൻ വിവാഹിതനാകട്ടെ. കാരണം വിവാഹം (വിലക്കപ്പെട്ട നോട്ടങ്ങളിൽനിന്ന്) കണ്ണിനെ താഴ്ത്തിക്കുന്നതും ഗുഹ്യാവയവത്തെ ഏറ്റവും നന്നായി സംരക്ഷിക്കുന്നതുമാണ്. എന്നാൽ ആർക്കെങ്കിലും വിവാഹം ചെയ്യാൻ സാധിക്കാതെ വന്നാൽ അവൻ നോമ്പ് മുറുകെ പിടിക്കട്ടെ. കാരണം നോമ്പ് അവന് ഒരു വികാരശമനിയാകുന്നു’(ബുഖാരി, മുസ്ലിം).

വിവാഹം കഴിക്കാനുള്ള ആഗ്രഹമുണ്ടായിട്ടും വിവിധകാരണങ്ങളാൽ അതിന് സാധിക്കാത്തവരോട് നോമ്പനുഷ്ഠിക്കാൻ നിർദേശിച്ചതിലൂടെ നോമ്പ് നല്ലൊരു ലൈംഗികവികാര ശമനിയാണെന്ന് പ്രവാചകൻ(സ്വ) നമ്മെ പഠിപ്പിക്കുന്നു.

നബി(സ്വ) പറഞ്ഞു: “അല്ലാഹുവിന്റെ മാർഗത്തിലായിരിക്കെ ആരെങ്കിലും ഒരു ദിവസം നോമ്പനുഷ്ഠിച്ചാൽ അവനും നരകത്തിനുമിടയിൽ ആകാശ ഭൂമികൾക്കിടയിലെ അകലത്തോളം വിശാലമായ ഒരു കിടങ്ങ് അല്ലാഹു തീർക്കുന്നതാണ്”(തിർമിദി).

നബി(സ്വ) പറഞ്ഞു: “നോമ്പ് ഒരു പരിചയാണ്. നോമ്പുകാരൻ അതുപ

യോഗിച്ച് നരകത്തിൽ നിന്ന് പരിരക്ഷ നേടുന്നു"(അഹ്മദ്).

**സ്വർഗത്തിലേക്ക് വഴികാണിക്കുന്ന കർമം**

അബൂ ഉമാമ(റ) പറയുന്നു: "ഞാൻ ചോദിച്ചു: അല്ലാഹുവിന്റെ പ്രവാചകരേ, സ്വർഗത്തിൽ പ്രവേശിക്കാനുതകുന്ന ഒരു ആരാധനയെക്കുറിച്ച് പറഞ്ഞുതന്നാലും". അവിടുന്ന് പഞ്ഞു: "താങ്കൾ നോമ്പ് മുറുകെ പിടിക്കുക; അതിന് സമാനം മറ്റൊന്നില്ല"(നസാഈ).

അബൂഹുറയ്‌റ(റ)യിൽ നിന്നും നിവേദനം. നബി(സ്വ) പറയുന്നു: അല്ലാഹു പറഞ്ഞു: "മനുഷ്യന്റെ എല്ലാ പ്രവൃത്തികളും അവനുള്ളതാണ്. എന്നാൽ നോമ്പ് എനിക്കു(മാത്ര)ള്ളതാണ്. അതിനാൽ ഞാൻ തന്നെ അതിന് പ്രതിഫലം നൽകുന്നതാണ്. നോമ്പ് ഒരു പരിചയാണ്. നിങ്ങളിലാരും നോമ്പുദിനത്തിൽ വഴക്കുണ്ടാക്കുകയോ അനാവശ്യ സംസാരത്തിലേർപെടുകയോ ചെയ്യരുത്. ഇനി ആരെങ്കിലും അവനെ വഴക്കു പറയുകയോ മർദിക്കുകയോ ചെയ്താൽ 'ഞാൻ നോമ്പുകാരനാണെ'ന്ന് പറഞ്ഞുകൊള്ളട്ടെ. മുഹമ്മദിന്റെ ആത്മാവ് ഏതൊരുവന്റെ കൈകളിലാണോ അവനെക്കൊണ്ടു സത്യം! നോമ്പുകാരന്റെ വായുടെ ഗന്ധം അല്ലാഹുവിന്റെയടുക്കൽ കസ്തൂരിയെക്കാൾ സുഗന്ധമുള്ളതാണ്. നോമ്പുകാരന് രണ്ട് സന്തോഷ വേളകളുണ്ട്. നോമ്പ് മുറിക്കുന്ന വേളയിൽ അവൻ സന്തോഷിക്കുന്നു. തന്റെ രക്ഷിതാവിനെ കണ്ടുമുട്ടുന്ന ദിനത്തിൽ നോമ്പിന്റെ പ്രതിഫലം കണ്ടും അവൻ സന്തോഷിക്കുന്നു"(ബുഖാരി, മുസ്‌ലിം).

**നോമ്പും ക്വുർആനും ശുപാർശ ചെയ്യും**

നബി(സ) പറഞ്ഞു: "നോമ്പും ക്വുർആനും അന്ത്യനാളിൽ അതിന്റെയാളുകൾക്ക് ശുപാർശകരായി വരുന്നതാണ്. നോമ്പ് പറയും: 'നാഥാ, ഞാൻ ഇയാളെ അന്നപാനീയങ്ങളിൽനിന്നും തടഞ്ഞുനിർത്തി. അതിനാൽ ഇയാളുടെ കാര്യത്തിൽ എന്റെ ശുപാർശ സ്വീകരിച്ചാലും!'. ക്വുർആൻ പറയും:'നാഥാ, ഇയാളെ രാത്രികാല നിദ്രകളിൽ നിന്നും ഞാൻ തടഞ്ഞു. അതിനാൽ ഇയാളുടെ കാര്യത്തിൽ എന്റെ ശുപാർശ സ്വീകരിച്ചാലും'. തുടർന്ന് അവയുടെ ശുപാർശകൾ സ്വീകരിക്കപ്പെടുന്നതാണ്.

**പ്രായശ്ചിത്തം**

ചില അബദ്ധങ്ങൾക്കും ചെയ്യേണ്ടതായിട്ടും ചെയ്യാൻ കഴിയാതെപോയതുമായ കാര്യങ്ങൾക്കും പ്രായശ്ചിത്തമായി അല്ലാഹു നോമ്പിനെ നിശ്ചയിച്ചിരിക്കുന്നത് അതിന്റെ ശ്രേഷ്ഠതയെ കാണിക്കുന്നു. ചില ഉദാഹരണങ്ങൾ കാണുക:

ഇഹ്‌റാമിന്റെ വേളയിലെ തലമുണ്ഡനത്തിനും ഹദ്‌യ നൽകാത്തതിനുമുള്ള പ്രായശ്ചിത്തത്തെക്കുറിച്ച് അല്ലാഹു പറയുന്നു:

"നിങ്ങൾ അല്ലാഹുവിനു വേണ്ടി ഹജ്ജും ഉംറയും പൂർണമായി നിർവഹിക്കുക. ഇനി നിങ്ങൾക്ക് (ഹജ്ജ് നിർവഹിക്കുന്നതിന്) തടസ്സം സൃഷ്ടിക്കപ്പെട്ടാൽ നിങ്ങൾക്ക് സൗകര്യപ്പെടുന്ന ഒരു ബലിമൃഗത്തെ (ബലിയർപ്പിക്കേണ്ടതാണ്). ബലിമൃഗം എത്തേണ്ട സ്ഥാനത്ത് എത്തുന്നതുവരെ നിങ്ങൾ തല മുണ്ഡനം ചെയ്യാവുന്നതല്ല. നിങ്ങളിലാരെങ്കിലും രോഗിയാവുകയോ തലയിൽ വല്ല ശല്യവും അനുഭവപ്പെടുകയോ ആണെങ്കിൽ (മുടി നീക്കുന്നതിന്) പ്രായശ്ചിത്തമായി നോമ്പോ ദാനധർമമോ ബലികർമമോ ചെയ്താൽ മതിയാകും. ഇനി നിങ്ങൾ നിർഭയാവസ്ഥയിലാണെങ്കിലോ, അപ്പോൾ ഒരാൾ ഉംറ നിർവഹിച്ചിട്ട് ഹജ്ജുവരെ സുഖമെടുക്കുന്ന പക്ഷം സൗകര്യപ്പെടുന്ന ഒരു ബലിമൃഗത്തെ (പ്രായശ്ചിത്തമായി ബലിനൽകേണ്ടതാണ്). ഇനി ആർക്കെങ്കിലും അത് കിട്ടാത്തപക്ഷം ഹജ്ജിനിടയിൽ മൂന്നു ദിവസവും നിങ്ങൾ (നാട്ടിൽ) തിരിച്ചെത്തിയിട്ട് ഏഴു ദിവസവും ചേർത്ത് പത്തു ദിവസം നോമ്പനുഷ്ഠിക്കേണ്ടതാണ്. കുടുംബസമേതം മസ്ജിദുൽ ഹറാമിൽ താമസിക്കുന്നവരല്ലാത്തവർക്കാകുന്നു ഈ വിധി. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണെന്ന് മനസ്സിലാക്കുകയും ചെയ്യുക"(2:196).

കരാറിലേർപെട്ടവനെ അബദ്ധത്തിൽ കൊന്നതിനുള്ള പ്രായശ്ചിത്തത്തെക്കുറിച്ച് വിശുദ്ധ ക്വുർആൻ പറയുന്നു:

"യാതൊരു വിശ്വാസിക്കും മറ്റൊരു വിശ്വാസിയെ കൊല്ലാൻ പാടുള്ളതല്ല; അബദ്ധത്തിൽ വന്നുപോകുന്നതല്ലാതെ. എന്നാൽ വല്ലവനും ഒരു വിശ്വാസിയെ അബദ്ധത്തിൽ കൊന്നുപോയാൽ (പ്രായശ്ചിത്തമായി) ഒരു വിശ്വാസിയായ അടിമയെ മോചിപ്പിക്കുകയും അവന്റെ (കൊല്ലപ്പെട്ടവന്റെ) അവകാശികൾക്ക് നഷ്ടപരിഹാരം നൽകുകയുമാണ് വേണ്ടത്. അവർ (അവകാശികൾ) അത് ഉദാരമായി വിട്ടുതന്നെങ്കിലൊഴികെ. ഇനി അവൻ (കൊല്ലപ്പെട്ടവൻ) നിങ്ങളോട് ശത്രുതയുള്ള ജനവിഭാഗത്തിൽ പെട്ടവനാണ്; അവനാണെങ്കിൽ സത്യവിശ്വാസിയുമാണ് എങ്കിൽ സത്യവിശ്വാസിയായ ഒരടിമയെ മോചിപ്പിക്കുക മാത്രമാണ് വേണ്ടത്. ഇനി അവൻ (കൊല്ലപ്പെട്ടവൻ) നിങ്ങളുമായി സഖ്യത്തിലുള്ള ഒരു ജനവിഭാഗത്തിൽ പെട്ടവനാണെങ്കിൽ അവന്റെ അവകാശികൾക്ക് നഷ്ടപരിഹാരം നൽകുകയും വിശ്വാസിയായ ഒരടിമയെ മോചിപ്പിക്കുകയും ചെയ്യേണ്ടതാണ്. വല്ലവനും അത് സാധിച്ചു കിട്ടിയില്ലയെങ്കിൽ തുടർച്ചയായി രണ്ടു മാസം നോമ്പനുഷ്ഠിക്കേണ്ടതാണ്. അല്ലാഹു നിശ്ചയിച്ച പശ്ചാത്താപ മാർഗമാണിത്. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാകുന്നു".(4:92).

ഇഹ്‌റാമിലായിരിക്കെ കരജീവിയെ വേ

ട്ടയാടുന്നതിനുള്ള പ്രായച്ഛിത്തത്തെക്കുറിച്ച് ക്വുർആൻ പറയുന്നു:

"സത്യവിശ്വാസികളേ, നിങ്ങൾ ഇഹ്‌റാമിലായിരിക്കെ വേട്ടമൃഗത്തെ കൊല്ലരുത്. നിങ്ങളിലൊരാൾ മനഃപൂർവം അതിനെ കൊല്ലുന്നപക്ഷം, അവൻ കൊന്നതിന് തുല്യമെന്ന് നിങ്ങളിൽനിന്നുള്ള രണ്ടു നീതിമാന്മാർ തീർപ്പുകൽപിക്കുന്ന കാലിയെ (അഥവാ കാലികളെ) കഅ്ബത്തിങ്കൽ എത്തിച്ചേരേണ്ട ബലമൃഗമായി നൽകേണ്ടതാണ്. അലെങ്കിൽ പ്രായച്ഛിത്തമായി ഏതാനും അഗതികൾക്ക് ആഹാരം നൽകുകയോ അല്ലെങ്കിൽ അതിന് തുല്യമായി നോമ്പെടുക്കുകയോ ചെയ്യേണ്ടതാണ്. അവൻ ചെയ്തതിന്റെ ഭവിഷ്യത്ത് അവൻഅനുഭവിക്കാൻ വേണ്ടിയാണിത്. മുമ്പ് ചെയ്തുപോയതിന് അല്ലാഹു മാപ്പുനൽകിയിരിക്കുന്നു. വല്ലവനും അത് ആവർത്തിക്കുന്നപക്ഷം അല്ലാഹു അവന്റെ നേരെ ശിക്ഷാനടപടി സ്വീകരിക്കുന്നതാണ്. അല്ലാഹു പ്രതാപിയും ശിക്ഷാനടപടി കൈക്കൊള്ളുന്നവനുമാകുന്നു"(5:95).



ശപഥലംഘനത്തിന്റെ പ്രായച്ഛിത്തത്തെക്കുറിച്ച് ക്വുർആൻ പറയുന്നു:

"ബോധപൂർവമല്ലാതെ നിങ്ങളുടെ ശപഥങ്ങളുടെ പേരിൽ നിങ്ങളെ പിടികൂടുകയില്ല. എന്നാൽ ഉറപ്പിച്ചു ചെയ്ത ശപഥങ്ങളുടെ പേരിൽ അവൻ നിങ്ങളെ പിടികൂടുന്നതാണ്. അപ്പോൾ അതിന്റെ (അത് ലംഘിക്കുന്നതിന്റെ) പ്രായച്ഛിത്തം നിങ്ങൾ നിങ്ങളുടെ വീട്ടുകാർക്ക് നൽകാറുള്ള മധ്യനിലയിലുള്ള ഭക്ഷണത്തിൽ നിന്ന് പത്തു സാധുക്കൾക്ക് ഭക്ഷിക്കാൻ കൊടുക്കുകയോ അല്ലെങ്കിൽ അവർക്ക് വസ്ത്രം നൽകുകയോ അല്ലെങ്കിൽ ഒരു അടിമയെ മോചിപ്പിക്കുകയോ ആകുന്നു. ഇനി വല്ലവനും അതൊന്നും കിട്ടിയില്ലെങ്കിൽ മൂന്ന് ദിവസം നോമ്പെടുക്കുകയാണ് വേണ്ടത്. നിങ്ങൾ സതം ചെയ്തു പറഞ്ഞാൽ നിങ്ങളുടെ ശപഥങ്ങൾലംഘിക്കുന്നതിനുള്ള പ്രായച്ഛിത്തമാകുന്നു അത്. നിങ്ങളുടെ ശപഥങ്ങളെ നിങ്ങൾ സൂക്ഷിച്ചുകൊള്ളുക. അപ്രകാരം അല്ലാഹു അവന്റെ വചനങ്ങൾ നിങ്ങൾക്കു വിവരിച്ചുതരുന്നു; നിങ്ങൾ നന്ദിയുള്ളവരായിരിക്കുവാൻ വേണ്ടി"(5:89).

ഭാര്യമാരെ മാതാക്കൾക്ക് തുല്യമായി പ്രഖ്യാപിക്കുന്ന ദുരാചാരത്തിനുള്ള പ്രായച്ഛിത്തത്തെക്കുറിച്ച് ക്വുർആൻ പറയുന്നു:

"തങ്ങളുടെ ഭാര്യമാരെ മാതാക്കൾക്ക് തുല്യമായി പ്രഖ്യാപിക്കുകയും പിന്നീട് തങ്ങൾ പറഞ്ഞതിൽ നിന്നും മടങ്ങുകയും ചെയ്യുന്നവർ, അവർ പരസ്പരം സ്പർശിക്കുന്നതിനു മുമ്പായി ഒരു അടിമയെ മോചിപ്പിക്കേണ്ടതാണ്. അത് നിങ്ങൾക്കു നൽകപ്പെടുന്ന ഉപദേശമാണ്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മജ്ഞാനമുള്ളവനാകുന്നു. ഇനി വല്ലവനും (അടിമയെ) ലഭിക്കാത്ത പക്ഷം അവർ പരസ്പരം സ്പർശിക്കുന്നതിനു മുമ്പായി തുടർച്ചയായി രണ്ടുമാസക്കാലം നോമ്പനുഷ്ഠിക്കേണ്ടതാണ്. വല്ലവനും (അത്) സാധ്യമാകാത്ത പക്ഷം അറുപത് അഗതികൾക്ക് ആഹാരം നൽകേണ്ടതാണ്. അത് അല്ലാഹുവിലും അവന്റെ ദൂതനിലും നിങ്ങൾ വിശ്വസിക്കാൻ വേണ്ടിയത്രെ! അവ അല്ലാഹുവിന്റെ പരിധികളാകുന്നു. സത്യനിഷേധികൾക്ക് വേദനയേറിയ ശിക്ഷയുണ്ട്"(83: 3,4).

ധനത്തിലും കുടുംബകാര്യത്തിലും അയൽക്കാരുടെ പ്രശ്നങ്ങളിലും ഒരാൾക്ക് പിണയാവുന്ന പിഴവുകൾക്ക് പരിഹാരമായി മാറുന്ന പുണ്യകർമങ്ങളാണ് നോമ്പും ദാനധർമവും.

ഹുദൈഫ(റ) നിവേദനം. നബി(സ്വ) പറഞ്ഞു: "അയൽക്കാരുടെ കാര്യത്തിലും കുടുംബവിഷയങ്ങളിലും സാമ്പത്തിക ഇടപാടുകളിലും മനുഷ്യന് പിഴവുകൾ പറ്റാം. അവയെ ദാനവും നോമ്പും നമസ്കാരവും പരിഹരിക്കുന്നു" (ബുഖാരി, മുസ്‌ലിം).

അബ്ദുൽ മാലിക് സലഫി,മൊറയൂർ

ലേഖനം



# റമദാൻ; സ്ത്രീകൾ ശ്രദ്ധിക്കേ കാര്യങ്ങൾ

വിശുദ്ധ റമദാനിൽ വിശ്വാസിനികൾ അറിയുകയും അനുഭവിക്കുകയും ചെയ്യേണ്ട നിരവധി കാര്യങ്ങളുണ്ട്. പലപ്പോഴും റമദാൻ കടന്നുവരുമ്പോൾ സ്ത്രീകൾ വെറും പാചകക്കാരികളും വേലക്കാരികളും മാത്രമായി ചുരുങ്ങുകയും ആരാധനകൾ മുഴുവനും പുരുഷന്മാർ അനുഷ്ഠിക്കുകയും ചെയ്യുന്ന അവസ്ഥയാണ് കാണാറുള്ളത്. അതുകൊണ്ടുതന്നെ റമദാനുമായി ബന്ധപ്പെട്ട് സഹോദരിമാർ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളാണിവിടെ സൂചിപ്പിക്കുന്നത്.

റമദദാനിന്റെ മഹത്ത്വവും ഗാഭീര്യവും മനസ്സിലാക്കുകയും ഉൾക്കൊള്ളുകയുമാണ് ഏറ്റവും പ്രധാനമായി വേണ്ടത്. തന്റെ ജീവിതത്തിൽ വന്നുപോയ പാപങ്ങൾ കഴുകിക്കളയാനും അല്ലാഹുവിലേക്കടുക്കാനും നല്ല മനുഷ്യനായിത്തീരുവാനും എന്റെ റബ്ബ് നൽകിയ സുവർണാവസരമാണിതെന്നും ഇതൊരിക്കലും പാഴാക്കാൻ പാടില്ല, അങ്ങനെ ചെയ്താൽ ഞാൻ വലിയ നഷ്ടക്കാരിയായിത്തീരും എന്നബോധമാണ് സഹോദരിമാരിൽ ഉണ്ടാകേണ്ടത്. റമദാനിൽ ഒരു നല്ല പാചകക്കാരിയായി പേരെടുക്കാനല്ല; നന്നായി ആരാധനകൾ ചെയ്യാനാണ് ശ്രമിക്കേണ്ടത് എന്നർഥം.

ഏഷണിയും പരദൂഷണവും വൃഥാ സംസാരവും സ്ത്രീകളിൽ പൊതുവെ കുറച്ചധികമാണെന്നത് സത്യമാണെന്നിരിക്കെ, ഇവ തന്റെ സൽകർമങ്ങൾ നിഷ്ഫലമാക്കുമെന്ന തിരിച്ചറിവ് ഓരോ വിശ്വാസിനിക്കുമുണ്ടാവണം. നോമ്പിന്റ വിധിവിലക്കുകളെയും നോമ്പ് നിഷ്ഫലമായിത്തീരുന്ന കാര്യങ്ങളെയും കുറിച്ച് വ്യക്തമായ അറിവ് നേടിയെടുക്കാൻ സഹോദരിമാർ ശ്രദ്ധിക്കണം. സമയം കൊല്ലികളായ അനാവശ്യ ജോലികൾ, സംസാരങ്ങൾ, പ്രവൃത്തികൾ എന്നിവ ഒഴിവാക്കി ഓരോനിമിഷവും പ്രതിഫലാർഹമാക്കിത്തീർക്കാൻ പരിശ്രമിക്കുക.

സ്ത്രീകളുടെ പ്രകൃതിപരമായ അശുദ്ധികളെ- ആർത്തവം, പ്രസവ രക്തം-കുറിച്ച് കൃത്യമായ അവബോധം ഉണ്ടാവണം. അശുദ്ധിയുള്ളവർക്ക് നോമ്പില്ല; പിന്നീട് നോറ്റുവീട്ടുകയാണ് വേണ്ടത്. അശുദ്ധികാലമാണെങ്കിലും, എനിക്ക് നോമ്പില്ല എന്ന് കട്ടികൾപോലുംമനസ്സിലാക്കുന്ന തരത്തിൽ ഭക്ഷണം കഴിക്കാതിരിക്കാൻ സ്ത്രീകൾ ശ്രദ്ധിക്കണം. റമദാനിൽ അശുദ്ധി അവസാനിച്ചാലുടൻ കുളിച്ച് വൃത്തിയായി നമസ്കരിക്കുകയും പിറ്റേന്ന് നോമ്പ് നിർവഹിച്ച് തുടങ്ങുകയും വേണം. ജംആക്കി നമസ്കരിക്കാൻ പറ്റിയ നമസ്കാരത്തിന്റെ സമയത്താണ് ശുദ്ധിയായയതെങ്കിൽ രണ്ട് നമസ്കാരവും നിർവഹിക്കണം. അഥവാ അസ്റിന്റെ സമയത്താണ് ശുദ്ധിയായയതെങ്കിൽ ദുഹ്റും അസ്റും, ഇശാഇന്റെ സമയത്താണെങ്കിൽ മഗ്രിബും ഇശാഉം നമസ്കരിക്കണം. പല സഹോദരിമാരും ശ്രദ്ധിക്കാതെപോകുന്ന ഒരു സംഗതി കൂടി സാന്ദർഭീകമായി സൂചിപ്പിക്കട്ടെ.

ഒരു സ്ത്രീക്ക് അശുദ്ധിയുണ്ടായത് ഫർദ് നമസ്കാരത്തിനുള്ള ബാങ്ക് കൊടുത്ത് അത് നിർവഹിക്കാനുള്ള സമയം ലഭിച്ചിട്ടും അത് നിർവഹിക്കാത്ത അവസ്ഥയിലാണെങ്കിൽ അവർ ശുദ്ധിയായശേഷം ആ നഷ്ടപ്പെട്ട നമസ്കാരം നമസ്കരിച്ച് വീട്ടണം. ഉദാഹരണമായി ദുഹ്ർ ബാങ്ക് കൊടുത്ത് പതിനൊന്ന് മിനുട്ട് കഴിഞ്ഞാണ് ഒരു സഹോദരിക്ക് ആർത്തവ മുണ്ടായത്, അവളാവട്ടെ ദുഹ്ർ നമസ്കരിച്ചിട്ടുമില്ല എന്നാണെങ്കിൽ അവൾ ശുദ്ധിക്കു ശേഷം ആ ദുഹ്ർ മനസ്കരിക്കണം. ബാങ്കിനുശേഷം നമസ്കാരം നിർവഹിക്കാനാവശ്യമായ സമയം അവർക്ക് ലഭിച്ചു എന്നതാണ് കാരണം. അത് ലഭിക്കാത്തവർക്ക് ഇത് ബാധകമല്ല. പ്രസവരക്തമുള്ള സ്ത്രീകൾ എപ്പോഴാണോ രക്തം അവസാനിക്കുന്നത് അന്നുതന്നെ കുളിച്ച് ആരാധനകൾ ആരംഭിക്കണം. നാൽപതു ദിവസം ആവാൻ കാത്തുനിൽക്കേണ്ടതില്ല.

അശുദ്ധികാലത്ത് മുസ്ഹഫ് കൈകളിലെടുത്ത് ഓതാൻ പാടില്ല. മനപ്പാഠമുള്ളത് ഓതുകയോ തഫ്സീറുകൾ വായിക്കുകയോ, ദിക്റുകൾ ചൊല്ലുകയോ ചെയ്യുന്നതിന് വിരോധമില്ല. അശുദ്ധികാലത്ത് പൂർണമായും അല്ലാഹുവിന്റെ സ്മരണയിൽ നിന്ന് മാറിനിൽക്കണമെന്ന് മതം അനുശാസിച്ചിട്ടില്ല. ആ സമയത്തും പ്രഭാത, പ്രദോഷ ദിക്റുകളും മറ്റു ദിക്റുകളും നിർവഹിക്കാം.

നാളെ ആർത്തവമുണ്ടായേക്കാം എന്ന കാരണത്താൽ നാളത്തെ നോമ്പ് ഒഴിവാക്കരുത്. ചിലപ്പോൾ ആർത്തവം ക്രമം തെറ്റാൻ സാധ്യതയുണ്ട്. അശുദ്ധിയുണ്ടായാൽ നോമ്പൊഴിവാക്കുക എന്നല്ലാതെ മുൻകൂട്ടി ഒഴിവാക്കരുത്.

ഗർഭിണികൾക്കും മുലയൂട്ടുന്ന സ്ത്രീകൾക്കും നോമ്പനുഷ്ഠിക്കൽ പ്രയാസമാവുമെങ്കിൽ നോമ്പുപേക്ഷിക്കാം. മറ്റൊരു ദിവസം അത് നോറ്റുവീട്ടിയാൽ മതി. അടുത്ത വർഷത്തെ നോമ്പിനു മുമ്പായി ഏതെങ്കിലും ഒരുദിവസം അതിനു വേണ്ടി തിരഞ്ഞെടുക്കാം. ഇനി അടുത്ത വർഷത്തിനുമുമ്പായി വീണ്ടും ഗർഭിണിയായി നോമ്പ് നോറ്റുവീട്ടാൻ കഴിയാത്ത അവസ്ഥ വന്നാൽ ഒരു ദിവസത്തെ നോമ്പിന് ഒരു സാധുവിന് എന്ന തോതിൽ ഭക്ഷണം നൽകിയാൽ മതിയാവും. നോമ്പ് നോറ്റുവീട്ടാൻ കഴിയുന്നവരാണെങ്കിൽ അവർക്ക് അതുമതിയാവും. അവർ ഭക്ഷണം നൽകേണ്ടതില്ല.

ഭക്ഷണങ്ങൾ ആവശ്യത്തിനു മാത്രം ഉണ്ടാക്കുക. അനാവശ്യ വിഭവങ്ങൾ ഉണ്ടാക്കാൻ ധാരാളം സമയം ചെലവഴിക്കുന്ന രീതി വെടിയണം. ഭക്ഷണ വൈവിധ്യത്തിലെ പെരുമയിലല്ല റമദാനിന്റെ ചൈതന്യം; ആരാധനകളുടെ ആധിക്യത്തിലും അതിലെ ആത്മാർഥതയിലുമാണ് എന്ന കാര്യം നാം മറന്നുപോകരുത്.

നമസ്കാരങ്ങൾ ജോലിത്തിരക്കു കാരണം സമയം വൈകി നിർവഹിക്കുന്നത് സ്ത്രീകളുടെ പതിവാണ്, പ്രത്യേകിച്ചും ദുഹ്ർ, അസ്ർ നമസ്കാരങ്ങൾ. റമദാനിൽ നമസ്കാരങ്ങൾ അതാതിന്റെ കൃത്യസമയത്ത് നിർവഹിക്കാനുള്ള ശുഷ്കാന്തി സഹോദരിമാർ കാണിക്കണം.

പള്ളികളിലും മറ്റും നടക്കുന്ന അറിവിന്റെ സദസ്സുകളിൽ പങ്കെടുക്കാൻ സമയം കണ്ടെത്തണം. പൂർണമായും ഇസ്ലാമിക വസ്ത്രധാരണത്തോടെയല്ലാതെ സ്ത്രീകൾ പുറത്തിറങ്ങരുത്; ഏത് കാലത്തും. നോമ്പുള്ള പല സഹോദരിമാരും തലപോലും ശരിക്ക് മറക്കാതെ അങ്ങാടികളിൽ സാധനങ്ങൾ വാങ്ങാൻ ചുറ്റിക്കറങ്ങുന്നത് റമദാനിലെ പതിവു കാഴ്ചയാണ്. ഇത് നോമ്പിന്റെ ചൈതന്യവും വിശ്വാസിനിയുടെ വ്യതിരിക്തതയും നശിപ്പിക്കുന്ന പ്രവർത്തനമാണ്. തറാവീഹ് നമസ്കാരത്തിൽ സ്ത്രീകൾക്ക് പങ്കെടുക്കാം. പള്ളിയിൽ ഇഅ്തികാഫിരിക്കാം. ഇതൊക്കെ ഇസ്ലാമിക മര്യാദകൾ പൂർണ്ണമായും പാലിച്ചു കൊണ്ടായിരിക്കണമെന്നു മാത്രം.

റമദാൻ ദാനധർമങ്ങൾക്ക് കൂടുതൽ പ്രതിഫലം കിട്ടുന്ന മാസമാണല്ലോ. സ്ത്രീകൾ തങ്ങളുടെ കഴിവിനനുസരിച്ച് ദാനധർമങ്ങളിൽ പങ്കാളികളാവണം.

തന്റെ ആഭരണങ്ങളുടെ സകാത്ത് കൃത്യമായി കൊടുക്കുന്ന കാര്യം ശ്രദ്ധിക്കണം. പൊതുവെ റമദാനിലാണ് എല്ലാവരും വർഷാവർഷം സകാത്ത് നൽകാറുള്ളത് എന്നതിനാൽ സകാത്ത് നൽകാൻ അർഹരായ സഹോദരിമാർ അക്കാര്യം ഗൗരവത്തോടെ ശ്രദ്ധിക്കണം.

ക്വുർആൻ പാരായണം വർധിപ്പിക്കുകയും ഇതര കാര്യങ്ങൾക്ക് അമിത പ്രാധ്യാന്യം നൽകാതിരിക്കുകയും വേണം. റമദാൻ കഴിയുമ്പോഴേക്ക് ഒരു പ്രാവശ്യമെങ്കിലും ക്വുർആൻ പൂർണമായി ഓതിത്തീർക്കുമെന്ന ദൃഢ നിശ്ചയം ഓരോ സഹോദരിക്കും ഉണ്ടാവണം. റമദാൻ ക്വുർആനിന്റെ മാസമാണല്ലോ. ക്വുർആനുമായി നമുക്ക് ആ മാസത്തിൽ ബന്ധമില്ലെങ്കിൽ പിന്നെ എന്തു റമദാനാണ്? സോഷ്യൽ മീഡിയകളിലെ ഇടപെടൽ പരമാവതി കുറച്ച് കൂടുതൾ സമയം ആരാധനകൾക്കു നീക്കിവെക്കാൻ ശ്രദ്ധിക്കണം.

ഭക്ഷണം രുചിനോക്കുന്നതിൽ കുഴപ്പമില്ല; താഴേക്കിറങ്ങുന്നത് ശ്രദ്ധിക്കണം. തന്റെയും ഭർത്താവിന്റെയും നോമ്പിനെ ഫസാദാക്കുന്ന ലൈംഗിക ചേഷ്ടകളും സംയോഗവും പകൽ സമയത്ത് പൂർണമായും വെടിയണം. ചാനലുകളിലേക്ക് കണ്ണും നട്ടിരുന്ന് സമയത്തെയും നോമ്പിനെയും ഹനിക്കുന്നതിൽ നിന്ന് നാം വിട്ടുനിൽക്കണം. ഇന്ദ്രിയങ്ങളെ പൂർണമായും നിയന്ത്രിക്കുന്നവർക്കാണ് നോമ്പുള്ളത് എന്നത് നാം വിസ്മരിക്കരുത്.

**ഭക്ഷണങ്ങൾ ആവശ്യത്തിനു മാത്രം ഉണ്ടാക്കുക. അനാവശ്യ വിഭവങ്ങൾ ഉണ്ടാക്കാൻ ധാരാളം സമയം ചെലവഴിക്കുന്ന രീതി വെടിയണം. ഭക്ഷണ വൈവിധ്യത്തിലെ പെരുമയിലല്ല റമദാനിന്റെ ചൈതന്യം; ആരാധനകളുടെ ആധിക്യത്തിലും അതിലെ ആത്മാർഥതയിലുമാണ് എന്ന കാര്യം നാം മറന്നു പോകരുത്.**

അൻവർ അബൂബക്കർ

ലേഖനം

# പിശാചുക്കൾ ചങ്ങലകളിൽ ബന്ധിക്കപ്പെട്ടിട്ടും തിന്മകളോ?

നിർബന്ധകർമങ്ങൾ അതീവ താൽപര്യത്തോടുകൂടി നിർവഹിക്കുകയും ഐച്ഛിക കർമങ്ങൾ അധികരിപ്പിക്കുകയും ചെയ്തുകൊണ്ട് അല്ലാഹുവിന്റെ മുമ്പിൽ വിനയാന്വിതനാകാൻ സഹായകമാകുന്നമാസമാണ് റമദാൻ. ഈ മാസം കടന്നുവരുമ്പോൾ അതിൽ സന്തോഷിക്കുന്നവരാണ് നോമ്പെടുക്കാൻ ശീലിച്ച വിശ്വാസികൾ.

ദുർബല വിശ്വാസികളിൽ ഈ മാസത്തിന്റെ ആഗമനം മനഃപ്രയാസമാണ് സൃഷ്ടിക്കുക. മറ്റു മാസങ്ങളെ പോലെയാണ് അവർ റമദാൻ മാസത്തെയും മാനസികമായി പരിഗണിക്കുന്നത്. ഇസ്‌ലാം പഠിപ്പിച്ച നന്മകൾ കൂടുതലായി സ്വീകരിക്കാൻ ഇത്തരം ആളുകൾക്ക് സാധിക്കാറില്ല. പൈശാചികതയിൽആഴ്ത്തപ്പെട്ട പരാക്രമിയായ മനുഷ്യന് എന്നിട്ടും നോമ്പിന്റെ പ്രയോജനം ഉണ്ടാകുന്നതിന് വേണ്ടി അല്ലാഹു അവസരങ്ങൾ നൽകുകയാണ്. മനുഷ്യനിലെ പൈശാചികത ചുരുങ്ങുകയും സൂക്ഷ്മതയോടെ അല്ലാഹുവിലേക്ക് അടുക്കുകയും ചെയ്യാനുള്ള സന്ദർഭാനുകൂല്യം റമദാൻ മാസത്തിന്റെ പ്രത്യേകതയാണ്.

അബൂഹുറയ്‌റ(റ) നിവേദനം. നബി(സ്വ) പറഞ്ഞു: "റമദാൻ മാസമായാൽ ആകാശത്തിന്റെ കവാടങ്ങൾ തുറക്കപ്പെടുകയും നരകത്തിന്റെ വാതിലുകൾ അടക്കപ്പെടുകയും പിശാചുക്കൾ ചങ്ങലകളിൽ ബന്ധിക്കപ്പെടുകയും ചെയ്യും" (ബുഖാരി).

അല്ലാഹുവിന്റെ മാർഗത്തിൽ നോമ്പനുഷ്ഠിക്കുന്ന സത്യവിശ്വാസികൾക്ക് പിശാചുക്കളിൽ നിന്നും ഏൽക്കാൻ സാധ്യതയുള്ള ഉപദ്രവങ്ങളും പ്രയാസങ്ങളും തടയുന്നത് അല്ലാഹു ഈ മാസത്തിന് നൽകിയ പ്രത്യേക ആദരവിന്റെ അടയാളമാണ്.

അബൂഹുറയ്‌റ(റ) നിവേദനം. നബി(സ്വ) പറഞ്ഞു: 'റമദാനിന്റെ ആദ്യരാവ് ആസന്നമായാൽപിശാചുക്കളും ജിന്നുകളിലെ അപകടകാരികളും (മാരിദ്) ചങ്ങലകളിൽ ബന്ധിക്കപ്പെടും" (സ്വഹീഹ് ഇബ്‌നു ഖുസൈമ 3/188).

മനുഷ്യന്റെയടുത്ത് സന്നിഹിതനാകാൻ കഴിയാതെ റമദാനിൽ പിശാചുക്കൾ മൊത്തത്തിൽ ചങ്ങലകളിൽ ബന്ധിക്കപ്പെടുകയില്ലെന്ന് ഈ ഹദീഥുകൾ തെളിവാക്കികൊണ്ട് പണ്ഡിതൻമാർ വിശദീകരിച്ചിട്ടുണ്ട്. ജിന്നുവർഗത്തിൽ പെട്ട ഉപദ്രവകാരികളായ (മറദതുൽ ജിന്ന്) പിശാചുക്കൾ ചങ്ങലയിൽ ബന്ധിക്കപ്പെടുന്നതോടൊപ്പം അപ്രകാരം ബന്ധിക്കപ്പെടാത്തവരും അവരുടെ കൂട്ടത്തിലുണ്ടെന്നാണ്അവർ പഠിപ്പിക്കുന്നത്. ഇമാം ഇബ്‌നു ഖുസൈമ(റഹി) ഇക്കാര്യം അറിയിക്കുന്ന ഹദീഥ് ഉൾപ്പെടുത്തിയ അധ്യായത്തിന്റെ പേര് 'ശൈത്വാൻ ചങ്ങലകളിൽ ബന്ധിക്കപ്പെടും എന്ന് നബി(സ്വ) പറഞ്ഞതിന്റെ താത്പര്യം ജിന്നുകളിൽ നിന്നുള്ള ഉപദ്രവകാരികളാണ്, മുഴുവനായുമുള്ള ശൈത്വാൻമാരല്ല, കാരണം ശൈത്വാൻ എന്ന നാമം അവരിൽ ചിലർക്കാണ് ബാധകമാകുന്നത് എന്ന കാര്യം വിവരിക്കുന്നഅധ്യായം' എന്നാണ്.

റമദാൻ മാസത്തിൽ പിശാചുക്കൾ ചങ്ങലകളിൽ ബന്ധിക്കപ്പെടുമെങ്കിൽ പിന്നെ എന്തുകൊണ്ട പ്രസ്തുത മാസത്തിൽ തിന്മകൾ സംഭവിക്കുന്നു എന്ന് ചിലർ തർക്കിക്കാറുണ്ട്. ഈ വിഷയത്തിൽ ഇമാം ഖുർതുബി(റഹി) നൽകിയ മറുപടി പ്രസക്തമാണ്: 'അതിനുള്ള ഉത്തരമെന്തെന്നാൽ തിന്മനിറഞ്ഞ പ്രവർത്തനങ്ങൾ കുറയുന്നത് നോമ്പിന്റെ എല്ലാ മര്യാദകളും പാലിച്ചുകൊണ്ട് സൂക്ഷ്മതയോടെ അത് നിർവഹിക്കുന്നവർക്കാണ്. അല്ലെങ്കിൽ പിശാചുക്കളിൽ ചിലതിനെയാണ് ചങ്ങലയിൽ ബന്ധിക്കുന്നത്. ചില റിപ്പോർട്ടുകളിൽ വന്നപോലെ അവരിലെ ഏറ്റവും അപകടകാരികൾ (മാരിദ്); അതല്ലാതെ പിശാചുക്കൾ മുഴുവനായിട്ടുമല്ല. മറ്റു മാസങ്ങളെ അപേക്ഷിച്ച് ഈ മാസത്തിൽ തിന്മകൾ കുറയുന്നത് സാമാന്യമായിതന്നെ പ്രകടമായിട്ടുള്ള കാര്യമാണ്. ഇനി എല്ലാ പിശാചുക്കളെയും ചങ്ങലകളിൽ ബന്ധിപ്പിച്ചാൽ തന്നെയും അക്കാരണത്താൽ തിന്മ നിറഞ്ഞ പ്രവർത്തനങ്ങളും പാപങ്ങളും സംഭവിക്കുകയില്ല എന്ന് അതറിയിക്കുന്നില്ല. കാരണം, പിശാചുക്കൾക്ക് പുറമെ മനുഷ്യന്റെ ദേഹേച്ഛയും ദുശ്ശീലങ്ങളും മനുഷ്യ പിശാചുക്കളുമെല്ലാം തിന്മകൾക്കുള്ള ഹേതുവായി ഭവിക്കാറുള്ളതാണ്" (ഫത്ഹുൽ ബാരിയിൽ നിന്ന്).

ശൈഖുൽ ഇസ്‌ലാം ഇബ്‌നു തൈമിയ്യ(റഹി) അഭിപ്രായപ്പെട്ടു: 'എങ്കിലും ചങ്ങലകളിൽ ബന്ധിക്കപ്പെട്ടപിശാചുക്കളുടെ കൂട്ടത്തിൽ നിന്ന് ദോഷകരമായത് ഭവിച്ചേക്കാം. എന്നാൽ റമദാനല്ലാത്ത മാസങ്ങളിൽഭസംഭവിക്കുന്നതിനെക്കാൾ കുറവും ദുർബലവുമായിരിക്കുമത്. ഇത് ഒരാളുടെ നോമ്പിന്റെ പൂർണതക്കും ന്യൂനതക്കുമനുസൃതമായിട്ടാണ് ബന്ധപ്പെട്ടു കിടക്കുന്നത്. ഒരാളുടെ സമ്പൂർണമായ നോമ്പ് പിശാചിൽനിന്നുള്ള ഉപദ്രവം തടയുന്നതുപോലെയാകില്ല ന്യൂനതകളുള്ള ഒരാളുടെ നോമ്പ് പ്രസ്തുത ഉപദ്രവം തടയുന്നത്' (മജ്മൂഉൽ ഫതാവ 25/246).

പിശാചുക്കളുടെ ദുർബോധനങ്ങളിലെ ക്രിയാശീലത ഇതരമാസങ്ങളെ അപേക്ഷിച്ച് റമദാൻ മാസത്തിൽ നന്നേ കുറവായിരിക്കും എന്നത് വിശ്വാസികൾക്ക് അല്ലാഹുവിൽ നിന്നുള്ള ബൃഹത്തായ അനുഗ്രഹമാണ്. റമദാൻ മാസത്തിലെ ഒരാളുടെ നോമ്പ് കുറ്റമറ്റതായിരിക്കാൻ ഈ അനുഗ്രഹമാണ് സത്യവിശ്വാസികളെ സഹായിക്കുന്നത്.

ദുൽക്കർഷാൻ അലനല്ലൂർ

ലേഖനം



# സ്ഥിരപ്പെട്ട സുന്നത്തു നോമ്പുകൾ

**നോ**മ്പ് ഏറ്റവും പുണ്യകരമായ ഒരു ആരാധന യാണ്. റമദാൻ മാസത്തിലെ നിർബന്ധ നോമ്പ് കൂടാതെ സുന്നത്തായ ചില നോമ്പുകളുമുണ്ട്. അവ ഏതെല്ലാമാണെന്നും അവയുടെ ശ്രേഷ്ഠതയെക്കുറിച്ചും നബി(സ്വ) അറിയിച്ചു തന്നിട്ടുണ്ട്. ഹദീഥുകളിലൂടെ നമുക്കത് മനസ്സിലാക്കാം.

### ശവ്വാൽ മാസത്തിലെ ആറു ദിവസങ്ങളിൽ

അബൂ അയ്യൂബുൽഅൻസാരി(റ) നിവേദനം. നബി(സ്വ) പറഞ്ഞു: "റമദാൻ മാസക്കാലത്തെ നോമ്പ് നോറ്റ ശേഷം ആരെങ്കിലും ശവ്വാൽ മാസത്തിൽ ആറു നോമ്പു കൂടി എടുക്കുന്നുവെങ്കിൽ അവൻ വർഷം മുഴുവൻ നോമ്പ് എടുത്തവനെ പോലെയാകുന്നു" (മുസ്‌ലിം, തിർമിദി).

### അറഫാ ദിനത്തിലെയും (ദുൽഹജ്ജ്:9) മുഹർറം പത്തിലെയും നോമ്പ്

അബൂ ഖതാദ (റ) നിവേദനം: "അറഫാ ദിനത്തിലെ നോമ്പിനെ (പുണ്യത്തെ) കുറിച്ച് നബി (സ്വ) യോട് ചോദിക്കപ്പെട്ടു. അവിടുന്ന് പറഞ്ഞു: 'കഴിഞ്ഞുപോയ ഒരു വർഷത്തെയും വരാനുള്ള വർഷത്തെയും പാപങ്ങൾ അതുവഴി പൊറുക്കപ്പെടുന്നതാണ്.' മുഹർറം പത്തിലെ നോമ്പിനെ (ആശുറാഅ്) കുറിച്ചും ചോദിക്കപ്പെട്ടു. അപ്പോൾ അവിടുന്ന് പറഞ്ഞു: 'പിന്നിട്ട വർഷത്തെ പാപങ്ങൾ അതുവഴി പൊറുക്കപ്പെടുന്നതാണ്' (മുസ്‌ലിം).

ഇബ്നു അബ്ബാസ് (റ) നിവേദനം. മുഹർറം പത്തിലെ നോമ്പെടുക്കുകയും, നോമ്പെടുക്കാൻ കൽപിക്കുകയും ചെയ്ത നബി(സ്വ)യുടെ വാക്കു കേട്ട് ചിലർ ഇങ്ങനെ പറഞ്ഞു: 'പ്രവാചകരേ, അത് യഹൂദൻമാരും ക്രൈസ്തവരും ആദരിക്കുന്ന ദിവസമാണല്ലോ!' അപ്പോൾ നബി (സ്വ) പറഞ്ഞു: 'അടുത്ത വർഷം ഇൻശാ അല്ലാഹ് (അവരോട് എതിരാവാൻ) നമുക്ക് ഒൻപതിനു കൂടി പിടിക്കാം.' പക്ഷേ അടുത്ത വർഷം മുഹർറം വന്നപ്പോഴേക്കും നബി(സ്വ) ഇഹലോകവാസം വെടിഞ്ഞിരുന്നു (മുസ്‌ലിം, അബൂദാവൂദ്).

### മുഹർറം മാസത്തിലെ നോമ്പ്

അബൂഹുറയ്റ(റ) നിവേദനം. റസൂൽ(സ്വ) പറഞ്ഞു: "റമദാൻ നോമ്പിനു ശേഷം ഏറ്റവും പുണ്യകരമായ നോമ്പ് മുഹർറം മാസത്തിലെ നോമ്പാകുന്നു. നിർബന്ധ നമസ്കാരങ്ങൾക്ക് ശേഷമുള്ള പുണ്യകരമായ നമസ്കാരം രാത്രി നമസ്കാരമാകുന്നു" (മുസ്‌ലിം, അബൂദാവൂദ്).

### ശഅ്ബാനിലെ അധിക ദിവസങ്ങളിലും നോമ്പെടുക്കൽ

ആഇശ(റ) നിവേദനം. ഏതെങ്കിലും ഒരു മാസം മുഴുവൻ നബി(സ്വ) നോമ്പെടുത്തിട്ടുണ്ടെങ്കിൽ അത് റമദാനിൽ മാത്രമാണ്. (അതു കഴിഞ്ഞാൽ) ശഅ്ബാനിലേക്കാൾ കൂടുതൽ നബി(സ്വ) ഒരു മാസത്തിലും നോമ്പ് എടുക്കാറുണ്ടായിരുന്നില്ല" (ബുഖാരി, മുസ്‌ലിം).

### തിങ്കളാഴ്ചയും വ്യാഴാഴ്ചയും

ഉസാമ(റ) നിവേദനം. നബി(സ്വ) തിങ്കൾ, വ്യാഴം ദിവസങ്ങളിൽ നോമ്പെടുക്കുമായിരുന്നു. തദ്സംബന്ധമായി ചോദിക്കപ്പെട്ടപ്പോൾ അവിടുന്ന് പറഞ്ഞു: 'അടിമകളുടെ കർമങ്ങൾ ആ ദിവസങ്ങളിൽ (അല്ലാഹുവിങ്കൽ) പ്രദർശിപ്പിക്കപ്പെടുന്നതാകുന്നു" (അബൂദാവൂദ്).

**ഓരോ മാസവും മൂന്നു ദിവസം വീതം നോമ്പെടുക്കൽ**

അബ്ദുല്ലാഹിബിനു അംറ്(റ) നിവേദനം. നബി(സ്വ) എന്നോട് പറഞ്ഞു: "നീ എല്ലാ മാസവും മൂന്നു ദിവസം നോമ്പ് എടുക്കുക, കാരണം നന്മകൾക്ക് പത്തിരട്ടിയാണ് പ്രതിഫലം നൽകപ്പെടുക, അപ്പോൾ വർഷം മുഴുവൻ നീ നോമ്പെടുത്തതു പോലെയാകും" (ബുഖാരി മുസ്‌ലിം).

പ്രസ്തുത മൂന്നു ദിവസങ്ങൾ മാസത്തിലെ പതിമൂന്ന്, പതിനാല്, പതിനഞ്ച് ദിവസങ്ങളാവുന്നതാണ് സുന്നത്ത്.

അബൂദർറ്(റ)വിനോട് നബി (സ്വ) പറഞ്ഞു: "നീ ഓരോ മാസത്തിലും മൂന്നു നോമ്പുകൾ എടുക്കുന്നുവെങ്കിൽ അതു പതിമൂന്ന്, പതിനാല്, പതിനഞ്ച് ദിവസങ്ങളിലായിരിക്കട്ടെ" (തിർമിദി).

**ഒന്നിടവിട്ട് നോമ്പെടുക്കൽ**

അബ്ദുല്ലാഹിബ്നു അംറ്(റ) നിവേദനം. നബി (സ്വ) പറഞ്ഞു: "അല്ലാഹുവിന്ന് ഏറ്റവും ഇഷ്ടമായ നമസ്കാരവും നോമ്പും ദാവൂദ് നബിയുടേതാകുന്നു. അദ്ദേഹം രാത്രിയുടെ പകുതി ഉറങ്ങുകയും മൂന്നിലൊന്ന് നമസ്കരിക്കുകയും വീണ്ടും ആറിലൊന്ന് ഉറങ്ങുകയും ചെയ്യും. ഒന്നിടവിട്ട് നോമ്പെടുക്കുകയും ചെയ്യും" (ബുഖാരി, മുസ്‌ലിം).

**ദുൽഹിജ്ജയിലെ ആദ്യ പത്തു ദിവസങ്ങളിൽ**

ഹുനൈദ്(റ) നിവേദനം: "നബി(സ്വ) ദുൽഹിജ്ജ ഒമ്പതിനും മുഹർറം പത്തിലും ഓരോ മാസത്തിലും മൂന്നു ദിവസവും മാസത്തിലെ ആദ്യ തിങ്കളും വ്യാഴവും നോമ്പെടുക്കുമായിരുന്നു" (അബൂദാവൂദ്).

ദുൽഹജ്ജ് മാസത്തിലെ ആദ്യ പത്ത് ദിവസങ്ങളിൽ സൽകർമങ്ങൾക്ക് വമ്പിച്ച പ്രതിഫലമാണുള്ളത്. അതിനാൽ ആ ദിവസങ്ങളിൽ നോമ്പനുഷ്ഠിക്കാവുന്നതാണ്.

***നോമ്പെടുക്കൽ നിഷിദ്ധമായ ദിവസങ്ങൾ***

**രണ്ടു പെരുന്നാൾ ദിനങ്ങളിൽ**

അബൂ ഉബൈദ(റ) നിവേദനം: ഉമർ(റ)വിന്റെ കൂടെ ഞങ്ങൾ പെരുന്നാൾ നമസ്കാരം നിർവഹിച്ചു. അപ്പോൾ അദ്ദേഹം ഇപ്രകാരം പറഞ്ഞു: "ഈ രണ്ടു (പെരുന്നാൾ) ദിവസങ്ങളിൽ നോമ്പെടുക്കുന്നത് നബി(സ്വ) വിരോധിച്ചിട്ടുണ്ട്, ഒന്ന് നിങ്ങൾ റമദാൻ വ്രതം പൂർത്തിയായാൽ ആഘോഷിക്കുന്ന ദിവസത്തിലും മറ്റൊന്ന് നിങ്ങൾ ബലികളിൽനിന്ന് ഭക്ഷിക്കുന്ന ദിവസത്തിലും" (ബുഖാരി, മുസ്‌ലിം).

**അയ്യാമുത്തശ്‌രീഖിന്റെ ദിവസങ്ങൾ**

അബൂമുർറ(റ) നിവേദനം: അദ്ദേഹവും അബ്ദുല്ലയും അംറ്ബ്നുൽ ആസ്വിന്റെയടുക്കൽ ചെന്നു, അദ്ദേഹം അവർക്ക് ഭക്ഷണം കൊണ്ടുവന്നു, എന്നിട്ട് കഴിക്കാൻ പറഞ്ഞു. അപ്പോൾ അബ്ദില്ല(റ) പറഞ്ഞു: 'ഞാൻ നോമ്പുകാരനാണ്.' അപ്പോൾ അംറ് (റ) പറഞ്ഞു: 'ഈ ദിവസങ്ങളിൽ നോമ്പെടുക്കുന്നത് ഞങ്ങളോട് നബി(സ്വ) വിരോധിച്ചിട്ടുണ്ട്' (അബൂദാവൂദ്).

ആഇശ (റ) നിവേദനം: "അയ്യാമുത്തശ്‌രീഖിന്റെ ദിവസങ്ങളിൽ (ഹജ്ജ് വേളയിൽ) ഹദ്‌യ് ലഭിക്കാത്തവർ പകരമായി എടുക്കുന്ന നോമ്പൊഴികെ മറ്റാരും നോമ്പ് പിടിക്കുന്നത് നബി(സ്വ) അനുവദിച്ചിട്ടില്ല" (ബുഖാരി).

**വെള്ളിയാഴ്ചകളിൽ മാത്രം നോമ്പെടുക്കുന്നത്**

നബി(സ്വ) പറയുന്നു: "വെള്ളിയാഴ്ച മാത്രം അതിനു മുമ്പോ ശേഷമോ ഒന്നുമില്ലാതെ ആരും നോമ്പെടുക്കരുത്" (ബുഖാരി, മുസ്‌ലിം).

**സാധാരണയായി നോമ്പെടുക്കാത്തവർ ശഅ്ബാൻ പകുതിക്കു ശേഷം നോമ്പ് എടുക്കൽ**

"ശഅ്ബാൻ പകുതിയായതിനു ശേഷം നിങ്ങൾ നോമ്പ് എടുക്കരുത്" (അബൂദാവൂദ്, ഇബ്നുമാജ).

അബൂഹുറയ്‌റ(റ) നിവേദനം: "റമദാനിന്ന് ഒന്നോ രണ്ടോ ദിവസങ്ങൾക്ക് മുമ്പ് തന്നെ ആരും നോമ്പെടുത്തു തുടങ്ങരുത്. സാധാരണയായി നോമ്പെടുക്കുന്നവരൊഴികെ" (ബുഖാരി, മുസ്‌ലിം).

**സംശയ ദിവസങ്ങളിലെ നോമ്പ്**


"റമദാൻ ആയോ ഇല്ലയോ എന്ന് സംശയിക്കുന്ന ദിവസങ്ങളിൽ നോമ്പെടുക്കുന്നവർ അബുൽഖാസിമിനെ (നബിയെ) ധിക്കരിച്ചു" (അബൂദാവൂദ്, തിർമിദി).

**നോമ്പെടുക്കൽ പാടില്ലാത്ത ദിവസങ്ങൾ മാത്രം ഒഴിവാക്കി ബാക്കി മുഴുവൻ ദിവസങ്ങളിലും സ്ഥിരമായി നോമ്പെടുക്കൽ**

നബി(സ്വ) അബ്ദുല്ലാഹിബ്നു അംറ്(റ) വിനോട് പറഞ്ഞു: "താങ്കൾ വർഷം മുഴുവൻ നോമ്പെടുക്കുകയും രാത്രി മുഴുവൻ നിന്നു നമസ്കരിക്കുകയും ചെയ്താൽ താങ്കളുടെ കണ്ണുകൾ അതിനു വേണ്ടി താങ്കൾ തളർത്തിക്കളയുന്നു. എല്ലാ ദിവസവും നോമ്പെടുക്കുന്നയാൾ യഥാർഥത്തിൽ നോമ്പ് എടുക്കാത്തവനെ പോലെയാണ്" (ബുഖാരി, മുസ്‌ലിം).

അബൂഖതാദ(റ) നിവേദനം. ഒരു വ്യക്തി നബി (സ്വ)യുടെ അടുക്കൽ വന്നുകൊണ്ട് ചോദിച്ചു: "പ്രവാചകരേ, താങ്കൾ നോമ്പെടുക്കുന്നതെങ്ങനെ?" അതുകേട്ട് നബി(സ്വ) കോപിക്കുകയുണ്ടായി. നബി(സ്വ)യുടെ കോപം കണ്ട ഉമർ(റ) ഇപ്രകാരം പറഞ്ഞു: 'ഞങ്ങൾ അല്ലാഹുവിലും റസൂലിലും പൂർണമായും വിശ്വസിക്കുകയും സംതൃപ്തിയടയുകയും അല്ലാഹുവിന്റെയും അവന്റെ പ്രവാചകന്റെയും കോപത്തിൽ നിന്നും അല്ലാഹുവിൽ ശരണം തേടുകയും ചെയ്യുന്നു.' നബി(സ്വ) യുടെ കോപം ശമിക്കുന്നതുവരെ ഉമർ (റ) അത് ആവർത്തിച്ചുകൊണ്ടിരുന്നു. ശേഷം അദ്ദേഹം ചോദിച്ചു: 'വർഷം മുഴുവൻ നോമ്പെടുക്കുന്നവന്റെ വിധി എന്താണ് റസൂലേ?' അവിടുന്ന് പറഞ്ഞു: 'അയാൾ നോമ്പെടുക്കുകയോ മുറിക്കുകയോ ചെയ്തിട്ടില്ല" (മുസ്‌ലിം, അബൂദാവൂദ്). ●

അശ്‌റഫ് എകരൂൽ




# ക്വുർആനിലെ കഥകൾ ഒരുപഠനം

**ക്വു**ർആൻ മനുഷ്യന് ഇഹപര ജീവിത വിജയത്തിന്റെ വഴികാട്ടിയായ, തീർത്തും മതപരവും പ്രബോധനപരവുമായ ഒരു ദൈവിക ഗ്രന്ഥമാണ്. ഈ ലക്ഷ്യം മനുഷ്യ ബുദ്ധിക്കും മനസ്സിനും തീർത്തും ലഭ്യമാകുവാൻ ഉതകുന്ന വൈവിധ്യമാർന്ന ആഖ്യാന ശൈലികളാണ് ക്വുർആനിൽ അല്ലാഹു സ്വീകരിച്ചിരിക്കുത്. അതിൽ പ്രമുഖമായ ഒരു ശൈലിയാണ് കഥകൾ. ദൈവിക മാർഗദർശനത്തിന്റെ വെളിച്ചം മനുഷ്യ ഹൃദയങ്ങൾക്ക് പ്രാപ്യമാക്കുന്നതിലും അവ ഓർമകളിലും കർമങ്ങളിലും സജീവമായി നിലനിർത്തുതിലും മനുഷ്യപ്രകൃതി ഇഷ്ടപ്പെടുന്ന വൈജ്ഞാനിക മേഖലകളിൽ ഒന്നാണ് കഥകൾ എന്നത് കൊണ്ട് തന്നെ ക്വുർനിലെ കഥകൾക്ക് ലക്ഷ്യവും പ്രാധാന്യവും ഏറെയാണ്.

ക്വുർആൻ കഥകൾ കൊണ്ടുദ്ദേശിക്കുത്, ക്വുർആനിന്റെ രണ്ട് ചട്ടകൾക്കുള്ളിലടങ്ങിയ വചനങ്ങളിലൂടെ അല്ലാഹു മുഹമ്മദ് നബി (സ)യെ അറിയിച്ചതും, സൻമാർഗവും ഗുണപാഠവും ലഭ്യമാക്കുകയെന്ന ഉദ്ദേശത്തോടെ വിവരിച്ചതുമായ കഴിഞ്ഞകാല സംഭവങ്ങളെ കുറിച്ചുള്ള വൃത്താന്തമാണ്. അത് പ്രവാചകന്മാരും അവരുടെ സമൂഹങ്ങളുമായോ, മുൻസമൂഹങ്ങളിലെ വ്യക്തികളുമായോ കൂട്ടായ്മകളുമായോ ബന്ധപ്പെട്ടതായിരിക്കും. ക്വുർആൻ കഥകളുടെ ഈ വിവക്ഷ പലപ്പോഴും മനുഷ്യാവിഷ്‌കാര കഥകളുടെ പരിധിയിലും പരിമിതിയിലും നിലനിൽക്കുന്ന അളവുകോലുകൾ കൊണ്ട് നിരൂപണ വിധേയമാക്കുവാൻ സാധ്യമല്ല. കാരണം ഈ കഥനം ദൈവികമാണെന്നതു തന്നെ.

ക്വുർആനിലെ കഥകൾ കേവലം ചില സംഭവങ്ങളുടെ വർത്തമാന വിവരണമല്ല, മറിച്ച് അതിലെ മൂലലക്ഷ്യമായ മാർഗദർശനം, സംസ്‌കരണം, പ്രബോധനം തുടങ്ങിയ ലക്ഷ്യങ്ങളിലേക്കുള്ള മാർഗമാണ്. മനുഷ്യ മനസ്സുകളിൽ ആഴമേറിയ മാറ്റത്തിന്റെ ആന്തോളനങ്ങൾ സൃഷ്ടിക്കുന്നവയാണ് ക്വുർആനിലെ കഥകൾ. നന്മ തിന്മകൾക്കിടയിലുള്ള സംഘട്ടനത്തിന്റെ ശക്തി അത് വ്യക്തമാക്കുന്നു. പ്രപഞ്ചത്തിന്റെ സത്യത്തെ അറിയാൻ അവ മനസ്സിനെ പ്രചോദിപ്പിക്കുന്നു. വിമലീകൃതമായ വിശ്വാസത്തിലേക്ക് ഹൃദയത്തെ നയിക്കുന്നു. ക്ഷണികമായ ദുൻയാവിന്റെ പളപളപ്പിൽ വഞ്ചിതരാകാതെ നിത്യവാസത്തിന്റെ അനശ്വര ലോ

കത്തിന് വേണ്ടി പണിയെടുക്കാൻ ബുദ്ധിയുള്ള മനുഷ്യർക്ക് വെളിച്ചം കാണിക്കുന്നു.

അല്ലാഹുവിന്റെ വിധി നീതിപൂർണമാണെന്നും അവന്റെ കാരുണ്യം കുറ്റമറ്റതാണെന്നും അവന്റെ നിയമാവലികൾ യുക്തി പൂർണമാണെന്നും അവ ഭൂതത്തിലോ, വർത്തമാനത്തിലോ, ഭാവിയിലോ മാറ്റങ്ങൾക്ക് വിധേയമല്ലെന്നുമുള്ള ശക്തമായ താക്കീതാണ് ക്വുർആൻ കഥകൾ നൽകുന്നത്. സ്രഷ്ടാവിനെ ധിക്കരിച്ച് ശാഠ്യം കാണിക്കുന്നവൻ അവന്റെ ശിക്ഷകൾക്ക് അർഹനാണെന്നും നേരെ ചൊവ്വെ ചിന്തിച്ചും പഠിച്ചും അവന് സമർപ്പിതനായവന് ഇഹപര ജീവിതത്തിൽ സമാധാനവും സൗഭാഗ്യവും നേടാവുന്നതാണെന്നുമുള്ള സത്യം പല സംഭവകഥകളുടെ പുനരാവിഷ്‌കാരണത്തിലൂടെ അല്ലാഹു മനുഷ്യന് കാണിച്ച് കൊടുക്കുകയാണ്. ക്വുർആൻ കഥകൾ തനി സത്യങ്ങളുടെ വിവരണങ്ങളാണ്. ഊഹങ്ങളോ ഭാവനകളോ അതിനെ വികൃതമാക്കുന്നില്ല. യാഥാർഥ്യങ്ങളുടെ ഇഷ്ടികക്കല്ലുകളാൽ പടുത്തുയർത്തപ്പെട്ട ആശയങ്ങളുടെ എടുപ്പുകളാണവ. ഉദാഹരണത്തിന് ഇബ്‌റാഹീം നബി(അ) യുടെ കഥകൾ നോക്കുക. അറബികളുടെ പിതാവ്, അവരുടെ അഭിമാനം... അതാണ് ഇബ്‌റാഹീം നബി(അ). മുശ്‌രിക്കുകൾ ഞങ്ങൾ ഇബ്‌റാഹീമിന്റെയും മകൻ ഇസ്മാഈലിന്റെയും മതത്തിലാണെന്ന് വാദിക്കുന്നവരായിരുന്നു. ക്വുർ ആൻ ഇബ്രാഹീം(അ)മിന്റെ ജീവിത ഏടുകൾ തുറന്ന് വെക്കുമ്പോൾ ദശാബ്ദങ്ങൾക്കപ്പുറത്ത് നിന്ന് തങ്ങളുടെ പൂർവപിതാവ് തന്റെ സന്താന പരമ്പരകളെ അഭിസംബോധന ചെയ്യുന്ന പോലെ അവർക്കനുഭവപ്പെട്ടിരിക്കും.

അല്ലാഹു പറയുന്നു: "തീർച്ചയായും അവരുടെ ചരിത്രത്തിൽ ബുദ്ധിമാന്മാർക്ക് പാഠമുണ്ട്. അത് കെട്ടിയുണ്ടാക്കാവുന്ന ഒരു വർത്തമാനമല്ല. പ്രത്യുത; അതിന്റെ മുമ്പുള്ളതിനെ (വേദങ്ങളെ) ശരിവെക്കുന്നതും എല്ലാകാര്യത്തെയും സംബന്ധിച്ചുള്ള ഒരു വിശദീകരണവും വിശ്വസിക്കുന്ന ജനങ്ങൾക്ക് മാർഗദർശനവും കാരുണ്യവുമാകുന്നു അത്" (യൂസുഫ്: 111).

**ക്വുർആൻ കഥകളുടെ ഇനങ്ങൾ**

1. *പ്രവാചകൻമാരുടെ കഥകൾ:* സ്വജനതയിൽ അവർ നടത്തിയ പ്രബോധനം, അവരുടെ കൈകളാൽ അല്ലാഹു നടത്തിയ അത്ഭുതങ്ങൾ, പ്രവാചകൻമാരോടുള്ള സത്യനിഷേധികളുടെ നിലപാടുകൾ, പ്രബോധനത്തിന്റെ വൈജ്ഞാനിക ഘട്ടങ്ങളും പുരോഗതിയും, വിശ്വാസികളുടെയും അവിശ്വാസികളുടെയും പര്യവസാനങ്ങൾ തുടങ്ങിയവ. ഉദാ.നൂഹ് നബി(അ)യുടെയും ഇബ്‌റാഹീം(അ)യുടെയും കഥകൾ.

2. *അപൂർവ സംഭവങ്ങളുമായി ബന്ധപ്പെട്ട കഥകൾ:* ജാലൂത്ത്, ത്വാലൂത്ത്, ആദമി(അ)ന്റെ രണ്ട് മക്കൾ, ഗുഹാ നിവാസികൾ, ദുൽഖർനൈൻ, ക്വാറൂൻ, സബത്തിന്റെ ആളുകൾ, മർയം, കിടങ്ങിന്റെ ആളുകൾ, ആനക്കലഹം...തുടങ്ങി സംഭവങ്ങളും അവയിലെ പ്രധാന കഥാപാത്രങ്ങളും ഇതിവൃത്തമായ കഥകൾ.

3. *നബി(സ)യുടെ കാലത്ത് ഉണ്ടായ സംഭവങ്ങൾ വിവരിക്കുന്നതോ, സൂചിപ്പിക്കുന്നതോ ആയ കഥാ വിവരണങ്ങൾ:* ഉദാ. ബദ്ർ, ഉഹ്ദ്, ഹുനൈൻ, തബൂക്ക് യദ്ധങ്ങളൾ, ഹിജ്‌റ, ഇസ്‌റാഅ്...

**ക്വുർആൻ കഥകളുടെ പ്രത്യേകതകൾ**

ക്വുർആൻ നൽകുന്ന കഥാവിവരണങ്ങൾ കേവല മനുഷ്യ നൈസർഗികതയുടെ തലത്തിലുള്ള ഒരു സാഹിത്യസൃഷ്ടിയല്ല. അവ മനുഷ്യപരിചിതമായ കഥാവിഷ്‌കാരങ്ങളിൽ നിന്ന് തീർത്തും വ്യതിരിക്തമാണ്. അവയുടെ പ്രത്യേകതകൾ എന്താണെന്നു നോക്കാം:

1. ക്വുർആനിലെ സർവ കഥാവിവരണങ്ങളും വാചികമായും ആശയപരമായും പരിപൂർണ സത്യമാണ്. അല്ലാഹു പറഞ്ഞു:

"തീർച്ചയായും ഇത് യഥാർഥമായ സംഭവ വിവരണമാകുന്നു..."(ആലുഇംറാൻ: 62).

2. അവ ഏറ്റവും സുന്ദരവും വാചികചടുലതയും ആഖ്യാനസന്തുലിതത്വവുമുള്ളവയാണ്.

"നിനക്ക് ഈ ക്വുർആൻ ബോധനം നൽകിയത് വഴി ഏറ്റവും നല്ല ചരിത്രവിവരണമാണ് നാം നിനക്ക് നൽകിക്കൊണ്ടിരിക്കുത്. തീർച്ചയായും ഇതിനു മുമ്പ് നീ അതിനെപ്പറ്റി ബോധമില്ലാത്തവനായിരുന്നു" (യൂസുഫ്: 3).

3. മനുഷ്യമനസ്സിനെ സംസ്‌കരിക്കുവാൻ ഏറ്റവും ഉപകാരപ്രദമാണ് ക്വുർആനിലെ കഥകൾ.

"തീർച്ചയായും അവരുടെ ചരിത്രത്തിൽ ബുദ്ധിമാൻമാർക്ക് പാഠമുണ്ട്. അത് കെട്ടിയുണ്ടാക്കാവുന്ന ഒരു വർത്തമാനമല്ല. പ്രത്യുത; അതിന്റെ മുമ്പുള്ളതിനെ (വേദങ്ങളെ) ശരിവെക്കുന്നതും എല്ലാ കാര്യത്തെയും സംബന്ധിച്ചുള്ള ഒരു വിശദീകരണവും വിശ്വസിക്കുന്ന ജനങ്ങൾക്ക് മാർഗദർശനവും കാരുണ്യ

അല്ലാഹുവിന്റെ വിധി നീതിപൂർണമാണെന്നും അവന്റെ കാരുണ്യം കുറ്റമറ്റതാണെന്നും അവന്റെ നിയമാവലികൾ യുക്തിപൂർണമാണെന്നും അവ ഭൂതത്തിലോ, വർത്തമാനത്തിലോ, ഭാവിയിലോ മാറ്റങ്ങൾക്ക് വിധേയമല്ലെന്നുമുള്ള ശക്തമായ താക്കീതാണ് ക്വുർആൻ കഥകൾ നൽകുന്നത്. സ്രഷ്ടാവിനെ ധിക്കരിച്ച് ശാഠ്യം കാണിക്കുന്നവൻ അവന്റെ ശിക്ഷകൾക്ക് അർഹനാണെന്നും നേരെ ചൊവ്വെ ചിന്തിച്ചും പഠിച്ചും അവന് സമർപ്പിതനായവന് ഇഹപര ജീവിതത്തിൽ സമാധാനവും സൗഭാഗ്യവും നേടാവുന്നതാണെന്നുമുള്ള സത്യം പല സംഭവകഥകളുടെ പുനരാവിഷ്‌കാരണത്തിലൂടെ അല്ലാഹു മനുഷ്യന് കാണിച്ച് കൊടുക്കുകയാണ്.

വുമാകുന്നു അത്" (യൂസുഫ്: 111).

4. *കഥകളുടെ സമഗ്രത:* ക്വുർആൻ കഥകൾ അഭിസംബോധനം ചെയ്യുന്നത് മനസ്സിനെയും ബുദ്ധിയെയും ഒരു പോലെയാണ്; പ്രവാചകന്മാരും അവരുടെ സമുദായങ്ങളും തമ്മിൽ നടക്കുന്ന സംഭാഷണങ്ങളിൽ ദൃശ്യമാകുന്നത് പോലെ, അത് തർക്ക സംഭാഷണമായാലും ഉപദേശങ്ങളുടെ രീതിയിലായാലും സമമാണ്.

ഫിർഔൻ കുടുംബത്തിലെ വിശ്വാസിയായ ഒരു മനുഷ്യൻ ഫിർഔനിനോടും അവന്റെ ജനതയോടും മൂസാനബി(അ)യുടെ വിഷയത്തിൽ നടത്തുന്ന ചർച്ചയിൽ തെളിഞ്ഞുനിൽക്കുന്നത് ബുദ്ധിയെയും മനസ്സിനെയും കോർത്തിണക്കുന്ന കാര്യമാണ്.

"ഫിർഔനിന്റെ ആൾക്കാരിൽപെട്ട, തന്റെ വിശ്വാസം മറച്ചുവെച്ചുകൊണ്ടിരുന്ന ഒരു വിശ്വാസിയായ മനുഷ്യൻ പറഞ്ഞു: എന്റെ രക്ഷിതാവ് അല്ലാഹുവാണ് എ്ന്ന പറയുന്നതിനാൽ നിങ്ങൾ ഒരു മനുഷ്യനെ കൊല്ലുകയോ? അദ്ദേഹം നിങ്ങൾക്ക് നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള വ്യക്തമായ തെളിവുകൾ കൊണ്ടുവന്നിട്ടുണ്ട്. അദ്ദേഹം കള്ളം പറയുന്നവനാണെങ്കിൽ കള്ളം പറയുന്നതിന്റെ ദോഷം അദ്ദേഹത്തിന് തന്നെയാണ്. അദ്ദേഹം സത്യം പറയുന്നവനാണെങ്കിലോ അദ്ദേഹം നിങ്ങൾക്ക് താക്കീത് നൽകുന്ന ചില കാര്യങ്ങൾ (ശിക്ഷകൾ) നിങ്ങളെ ബാധിക്കുകയും ചെയ്യും. അതിക്രമകാരിയും വ്യാജവാദിയുമായിട്ടുള്ള ഒരാളെയും അല്ലാഹു നേർവഴിയിലാക്കുകയില്ല; തീർച്ച. എന്റെ ജനങ്ങളേ, ഭൂമിയിൽ മികച്ചുനിൽക്കുന്നവർ എന്ന നിലയിൽ ഇന്ന് ആധിപത്യം നിങ്ങൾക്ക് തന്നെ. എന്നാൽ അല്ലാഹുവിന്റെ ശിക്ഷ നമുക്ക് വന്നാൽ അതിൽ നിന്ന് നമ്മെ രക്ഷിച്ചു സഹായിക്കാൻ ആരുണ്ട്? ഫിർഔൻ പറഞ്ഞു: ഞാൻ (ശരിയായി) കാണുന്ന മാർഗം മാത്രമാണ് ഞാൻ നിങ്ങൾക്ക് കാണിച്ചു തരുന്നത്. ശരിയായ മാർഗത്തിലേക്കല്ലാതെ ഞാൻ നിങ്ങളെ നയിക്കുകയില്ല" (അർറഅ്ദ്: 28,29).

5. ക്വുർആൻ കഥകളെ ഉപയോഗിച്ചത് ഒരു അധ്യാപന മാർഗമെന്ന നിലക്കാണ്. പ്രവാചകന്മാരുടെ ജീവിത ഏടുകൾ നിവർത്തിവെച്ച്, ദൈവിക സന്ദേശങ്ങളുടെ വാഹകരായി അവരെ അവതരിപ്പിക്കുമ്പോൾ തന്നെ പച്ചയായ മാനുഷിക സാഹചര്യങ്ങളിൽ അവർ എങ്ങനെ ഈ ആദർശത്തിന്റെ വെളിച്ചത്തിൽ സമർപ്പിതരായ ദാസന്മാരായി ജീവിച്ചുവെന്നു നമ്മുക്ക് തെര്യപ്പെടുത്തി തരുന്നു. എന്നിട്ട് നമ്മോടു അല്ലാഹു പറയുന്നു അവർ മാതൃകകളാണ് .

"അവരെയാണ് അല്ലാഹു നേർവഴിയിലാക്കിയിട്ടുള്ളത്. അതിനാൽ അവരുടെ നേർമാർഗത്തെ നീ പിന്തുടർന്ന് കൊള്ളുക. (നബിയേ,) പറയുക: ഇതിന്റെ പേരിൽ യാതൊരു പ്രതിഫലവും ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നില്ല. ഇത് ലോകർക്ക് വേണ്ടിയുള്ള ഒരു ഉൽബോധനമല്ലാതെ മറ്റൊന്നുമല്ല" (അൽഅൻആം: 90).

'തീർച്ചയായും ഇബ്റാഹീം അല്ലാഹുവിന് കീഴ്പെട്ട് ജീവിക്കുന്ന, നേർവഴിയിൽ (വ്യതിചലിക്കാതെ) നിലകൊള്ളുന്ന ഒരു സമുദായം (ഉമ്മത്ത്) തന്നെയായിരുന്നു. അദ്ദേഹം ബഹുദൈവവാദികളിൽ പെട്ടവനായിരുല്ല"(അന്നഹ്ൽ: 120).

നന്മയുടെ അധ്യാപകൻ, സർവനന്മകളും ആവാഹിച്ച മാതൃകാപുരുഷൻ, ദൈവദാസന്മാരുടെ ഒരു വലിയ സംഘത്തിന്റെ സ്ഥാനത്ത് മതിയായവൻ എന്നൊക്കെയാണ് 'ഉമ്മത്തി'ന്റെ വിവക്ഷ.

6. *ചോദ്യചെയ്യപ്പെടാത്ത സംഭവ്യത:* ക്വുർആൻ അവതരിപ്പിക്കുന്ന കഥകൾ എല്ലാം അതിന്റെ പൂർണാർഥത്തിൽ കഥാപാത്രങ്ങളും കഥകളുടെ ഭൂമികയും ഭാവനകളും സങ്കൽപങ്ങളും തൊട്ടുതീണ്ടാത്ത യാഥാർഥ്യങ്ങളാണ്. അസംഭവ്യതകൾ എവിടെയുമില്ല. സ്വാഭാവിക ജീവിതത്തിന്റെ ഭൂമികയിൽ നിന്നുള്ള മാനുഷ്യക ചിത്രങ്ങളാണ് ക്വുർആൻ കഥകളായി അവതരിപ്പിക്കുത്. ഉദാഹരണമായി മൂസാ നബി(അ)യും ശുഐബ് നബി(അ)യുടെ കുടുംബവുമായുള്ള ബന്ധത്തിന്റെ ഇതിവൃത്തം തന്നെ പരിശോധിക്കൂ. കാലികൾക്ക് വെള്ളം കുടിപ്പിക്കുന്ന സ്ഥലത്തു വെച്ച് രണ്ടു പെൺകുട്ടികൾക്ക് സഹായകനാകുന്നതും അവരുടെ പിതാവ് അതിന് പ്രതിഫലം നൽകുന്നതിന് വേണ്ടി വിളിപ്പിക്കുന്നതുമടക്കമുള്ള സംഭവങ്ങൾ, പച്ചയായ ജീവിത സാഹചര്യങ്ങളെ ആവിഷ്കരിച്ചെടുത്തിരിക്കുന്നു. കഥാപാത്രങ്ങളെ അവതരിപ്പിക്കുമ്പോഴും തഥൈവ. പ്രവാചക കഥാപാത്രങ്ങളാകുമ്പോൾ വ്യക്തിത്വത്തിന്റെ രണ്ട് വശം അനാവരണം ചെയ്യുന്നു.

1) പ്രവാചകനെന്ന നിലക്ക് പ്രത്യേകമായ ദൈവിക സംരക്ഷണവും സഹായവും ലഭ്യമാകുന്ന വ്യക്തിത്വം.

2) സാധാരണ ഏതൊരു മനുഷ്യ ജീവിത സാഹചര്യത്തിലും സത്യസന്ധതയും ഔന്നത്യവും പുലർത്തി ധാർമിക ജീവിതത്തിന്റെ ഉന്നതങ്ങളിൽ നിലകൊള്ളുന്ന വ്യക്തിത്വം.

ഉദാ: മൂസാനബി(അ)യോട് ഫിർഔനിന്റെ അടുത്ത് ചെന്ന് പ്രബോധനം നടത്തുവാൻ കൽപിക്കു രംഗം വിശദീകരിക്കുന്ന വചനത്തിൽ കാണുന്ന രീതി.

"നിന്റെ രക്ഷിതാവ് മൂസായെ വിളിച്ചു കൊണ്ട് ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമത്രെ,) നീ ആ അക്രമികളായ ജനങ്ങളുടെ അടുത്തേക്ക് ചെല്ലുക. അതായത്, ഫിർഔനിന്റെ ജനതയുടെ അടുക്കലേക്ക്. അവർ സൂക്ഷ്മത പാലിക്കുന്നില്ലേ? (എന്നു ചോദിക്കുക). അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ, അവർ എന്നെ നിഷേധിച്ചു തള്ളുമെന്ന് തീർച്ചയായും ഞാൻ ഭയപ്പെടുന്നു. എന്റെ ഹൃദയം ഞെരുങ്ങിപ്പോകും. എന്റെ നാവിന് ഒഴുക്കുണ്ടാവുകയില്ല. അതിനാൽ ഹാറൂന് കൂടി നീ സന്ദേശം അയക്കേണമേ. അർക്ക് എന്റെ പേരിൽ ഒരു കുറ്റം ആരോപിക്കാനുമുണ്ട്. അതിനാൽ അവർ എന്നെ കൊന്നേക്കുമെന്ന് ഞാൻ ഭയപ്പെടുന്നു. അല്ലാഹു പറഞ്ഞു: ഒരിക്കലുമില്ല, നമ്മുടെ ദൃഷ്ടാന്തങ്ങളും കൊണ്ട്നിങ്ങൾ ഇരുവരും പോയിക്കൊള്ളുക. തീർച്ചയായും നിങ്ങളോടൊപ്പം നാം ശ്രദ്ധിച്ചു കേൾക്കുന്നുണ്ട്. എന്നിട്ട് നിങ്ങൾ ഫിർഔനിന്റെ അടുക്കൽ ചെന്ന് ഇപ്രകാരം പറയുക: തീർച്ചയായും ഞങ്ങൾ

ലോകരക്ഷിതാവിങ്കൽ നിന്ന് നിയോഗിക്കപ്പെട്ട ദൂതൻമാരാകുന്നു. ഇസ്റാഈൽ സന്തതികളെ ഞങ്ങളോടൊപ്പം അയച്ചുതരണം എന്ന നിർദേശവുമായിട്ട്" (അശ്ശുഅറാഅ്: 10–17).

ഇവിടെ ഫിർഔനിന്റെ ക്രൂരതയെക്കുറിച്ചറിയുന്ന, മുമ്പ് സംഭവിച്ച അബദ്ധത്തിന്റെ പ്രതികാര നടപടിയിലുള്ള ഭയമുള്ള വ്യക്തിത്വം, സഹായവും സഹപ്രവർത്തകനെയും ആവശ്യപ്പെടുന്നു. എന്നാൽ ദൗത്യനിർവഹണത്തിനു ദൈവിക സംരക്ഷണവും സഹായവും ലഭ്യമാകുന്ന പ്രവാചക വ്യക്തിത്വം അതിനോട് ചേർന്ന് നിൽക്കുന്നു. ഇത് പാഠങ്ങളും മാതൃകയുമല്ലാതെ മറ്റൊന്നും വായനക്കാരനു സമ്മാനിക്കുന്നില്ല.

**ക്വുർആൻ കഥകളിലെ ഗുണപാഠങ്ങൾ**

1) വിശ്വാസ മൂല്യങ്ങൾ.

ക്വുർആൻ മുഖേന സംഭവിക്കേണ്ട സമൂഹസൃഷ്ടി വിശ്വാസത്തിലധിഷ്ഠിതമാണ്. ആയതിനാൽ ക്വുർആൻ കഥകളുടെ മൂല്യങ്ങളിൽ മുഴച്ച് നിൽക്കുത് വിശ്വാസത്തിന്റെ പ്രാധാന്യവും ആവശ്യകതയുമാണ്. നൂഹ്നബി(അ)യും മകനും ഇതിവൃത്തമാകുന്ന കഥാരംഗത്ത് പിതാവ്-പുത്രൻ ബന്ധം വിശ്വാസത്തിന്റെ അഭാവത്തിൽ അപ്രസക്തമാകുന്നത് കാണാം.

അറിവ് മനുഷ്യ പ്രകൃതിയിൽ ഊട്ടപ്പെട്ട ഘടകമായാണ് ക്വുർആൻ നമ്മെ അറിയിക്കുന്നത്. അത് നേടുന്നതിലൂടെയാണ് മനുഷ്യൻ വ്യതിരിക്തനാവുന്നതെന്ന പാഠം ഈ സംഭവവിവരണങ്ങളിലൂടെ ക്വുർആൻ ബോധ്യപെടുത്തുന്നുണ്ട്. ഉദാ. ആദം(അ)മിനെ കുറിച്ച് സൂറഃ അൽബക്വറയിലുള്ള പരാമർശങ്ങൾ (31- 43). മൂസാനബി(അ)യുടെ അറിവ് തേടിയുള്ള യാത്രയുടെ വിവരണവും (അൽകഹ്ഫ്: 56- 70) ഇതിലേക്കാണ് നമ്മെ നയിക്കുത്. കൂടാതെ ബൽകീസിന്റെ സിംഹാസനവുമായി ബന്ധപ്പെട്ട വിവരണത്തിലും ദാവൂദ് നബി(അ)യുടെയും സുലൈമാൻ നബി(അ)യുടെയും പ്രത്യേകതകളിലും അറിവിനെ പ്രത്യേകം ഓർമപ്പെടുത്തുത് കാണാം.

2)നീതി ബോധം.

ഇസ്‌ലാം വളർത്തുന്ന സമൂഹത്തിന്റെ മാറ്റമില്ലാത്ത മൂല്യങ്ങളിലൊന്നാണു നീതി. ശത്രുവും മിത്രവും വിശ്വാസിയും അവിശ്വാസിയും നേട്ടവും കോട്ടവും ഈ രംഗത്ത് വേർതിരിക്കപ്പെട്ടാവതല്ല. ക്വുർആനിലെ കഥകളിൽ ഈ മൂല്യം ഊട്ടിയുറപ്പിക്കുന്നുണ്ട്. ഉദാഹരണം ദാവുദ് നബിയുടെ ചരിത്രം:

"വഴക്ക് കൂടുന്ന കക്ഷികൾ പ്രാർഥനാമണ്ഡപത്തിന്റെ മതിൽ കയറിച്ചെന്ന സമയത്തെ വർത്തമാനം നിനക്ക് ലഭിച്ചിട്ടുണ്ടോ? അവർ ദാവൂദിന്റെ അടുത്ത് കടന്നു ചെല്ലുകയും, അദ്ദേഹം അവരെപ്പറ്റി പരിഭ്രാന്തനാകുകയും ചെയ്ത സന്ദർഭം! അവർ പറഞ്ഞു: താങ്കൾ ഭയപ്പെടേണ്ട. ഞങ്ങൾ രണ്ട് എതിർ കക്ഷികളാകുന്നു. ഞങ്ങളിൽ ഒരു കക്ഷി മറുകക്ഷിയോട് അന്യായം ചെയ്തിരിക്കുന്നു. അതിനാൽ ഞങ്ങൾക്കിടയിൽ താങ്കൾ ന്യായപ്രകാരം വിധികൽപിക്കണം. താങ്കൾ നീതികേട് കാണിക്കരുത്. ഞങ്ങൾക്ക് നേരായ പാതയിലേക്ക് വഴി കാണിക്കണം. ഇതാ, ഇവൻ എന്റെ സഹോദരനാകുന്നു. അവന്ന് തൊണ്ണൂറ്റി ഒമ്പതു പെണ്ണാടുകളുണ്ട്. എനിക്ക് ഒരു പെണ്ണാടും. എന്നിട്ട് അവൻ പറഞ്ഞു; അതിനെയും കൂടി എനിക്ക് ഏൽപിച്ചു തരണമെന്ന്. സംഭാഷണത്തിൽ അവൻ എന്നെ തോൽപിച്ച് കളയുകയും ചെയ്തു. അദ്ദേഹം (ദാവൂദ്) പറഞ്ഞു: തന്റെ പെണ്ണാടുകളുടെ കൂട്ടത്തിലേക്ക് നിന്റെ പെണ്ണാടിനെ കൂടി ആവശ്യപ്പെട്ടതു മുഖേന അവൻ നിന്നോട് അനീതി കാണിക്കുക തന്നെ ചെയ്തിരിക്കുന്നു. തീർച്ചയായും പങ്കാളികളിൽ (കൂട്ടുകാരിൽ) പലരും പരസ്പരം അതിക്രമം കാണിക്കുകയാണ് ചെയ്യുന്നത്. വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരൊഴികെ. വളരെ കുറച്ച് പേരേയുള്ളു അത്തരക്കാർ. ദാവൂദ് വിചാരിച്ചു; നാം അദ്ദേഹത്തെ പരീക്ഷിക്കുക തന്നെയാണ് ചെയ്തതെന്ന്. തുടർന്ന് അദ്ദേഹം തന്റെ രക്ഷിതാവിനോട് പാപമോചനം തേടുകയും അദ്ദേഹം കുമ്പിട്ടു കൊണ്ട് വീഴുകയും ഖേദിച്ചുമടങ്ങുകയും ചെയ്തു" (അസ്സ്വാദ്: 21–24).

3) അറിവിന്റെ പ്രാധാന്യം: അറിവ് മനുഷ്യ പ്രകൃതിയിൽ ഊട്ടപ്പെട്ട ഘടകമായാണ് ക്വുർആൻ നമ്മെ അറിയിക്കുന്നത്. അത് നേടുന്നതിലൂടെയാണ് മനുഷ്യൻ വ്യതിരിക്തനാവുന്നതെന്ന പാഠം ഈ സംഭവവിവരണങ്ങളിലൂടെ ക്വുർആൻ ബോധ്യപെടുത്തുന്നുണ്ട്. ഉദാ. ആദം(അ)മിനെ കുറിച്ച് സൂറഃ അൽബക്വറയിലുള്ള പരാമർശങ്ങൾ (31–43). മൂസാനബി(അ)യുടെ അറിവ് തേടിയുള്ള യാത്രയുടെ വിവരണവും (അൽകഹ്ഫ്: 56–70) ഇതിലേക്കാണ് നമ്മെ നയിക്കുന്നത്. കൂടാതെ ബൽകീസിന്റെ സിംഹാസനവുമായി ബന്ധപ്പെട്ട വിവരണത്തിലും ദാവൂദ് നബി(അ)യുടെയും സുലൈമാൻ നബി(അ)യുടെയും പ്രത്യേകതകളിലും അറിവിനെ പ്രത്യേകം ഓർമപ്പെടുത്തുത് കാണാം.

ചുരുക്കത്തിൽ, ക്വുർആനിന്റെ അവതരണ ലക്ഷ്യം സാക്ഷാൽകൃതമാക്കുന്നതിൽ കഥാഖ്യാനങ്ങളെ അല്ലാഹു ഉൾക്കൊള്ളിച്ചിരിക്കുന്നു. അതിനാൽ ക്വുർആൻ പഠനം പൂർണാർഥത്തിൽ സാധൂകരിക്കപ്പെടണമെങ്കിൽ ക്വുർആനിലെ കഥകളെ ശ്രദ്ധയോടെ പഠനത്തിനും വിശകലനത്തിനും വിധേയമാക്കുകയും അവ നൽകുന്ന ചൈതന്യം വിശ്വാസത്തെയും കർമത്തെയും സ്വഭാവത്തെയും കൂടുതൽ തെളിമയാർന്നതാക്കിത്തീർക്കുകയും ചെയ്യേണ്ടതുണ്ട്.

**ക്വുർആൻ കഥകളുടെ ഉപയോഗങ്ങളും ഉപകാരങ്ങളും**

ക്വുർആനിലെ കഥകൾ മനുഷ്യനിർമിത കഥകളെപ്പോലെ കേവലം ചെറുകഥകളോ, നോവലുകളോ അല്ല. അവ മുൻകാലങ്ങളിലേക്കുള്ള എത്തിനോട്ടവും സ്രഷ്ടാവിന് സമർപ്പിച്ചവന് സൗഖ്യവും ധിക്കരിച്ചവന് ശിക്ഷയുമുണ്ടെന്ന യാഥാർഥ്യത്തെ ബോധ്യപ്പെടുത്തലുമാണ്. ഈ അർഥത്തിൽ ധാരാളം പ്രയോജനങ്ങൾ ഈ

കഥകളിലൂടെ ഖുർആൻ ലക്ഷ്യമാക്കുന്നുണ്ട്. അവയിൽ ചിലത് കാണുക:

1. സർവ പ്രവാചകൻമാരുടെയും പ്രബോധനത്തിന്റെ മൂലബിന്ദു തൗഹീദായിരുന്നു എന്ന് വ്യക്തമാക്കൽ. "ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല" (അൽ അമ്പിയാഅ്: 25).

2. റസൂൽ(സ്വ)യുടെയും അദ്ദേഹത്തിന്റെ സമുദായത്തിന്റെയും ഹൃദയങ്ങളെ ദീനിൽ ഉറപ്പിച്ച് നിർത്തുക. സത്യത്തിന്റെ ആളുകളെ അല്ലാഹു സഹായിക്കുമെന്നും അസത്യത്തിന്റെ വക്താക്കൾക്ക് ഒടുക്കം നാശമാണെുമുള്ള ബോധം ദൃഢപ്പെടുത്തൽ.

"ദൈവദൂതൻമാരുടെ വൃത്താന്തങ്ങളിൽ നിന്ന് നിന്റെ മനസ്സിന് സ്ഥൈര്യം നൽകുന്നതെല്ലാം നിനക്ക് നാം വിവരിച്ചുതരുന്നു. ഇതിലൂടെ യഥാർഥ വിവരവും സത്യവിശ്വാസികൾക്ക് വേണ്ട സദുപദേശവും ഉൽബോധനവും നിനക്ക് വന്നുകിട്ടിയിരിക്കുകയാണ്" (ഹൂദ്: 120).

3. മുൻ പ്രവാചകൻമാരെ സത്യപ്പെടുത്തലും അവരുടെ സ്മരണ ജീവിപ്പിക്കലും അവരുടെ കർമ ഫലങ്ങളെ നിലനിർത്തലും.


4. മുൻകാല സംഭവങ്ങളിലൂടെയും പ്രവാചകവർത്തമാനങ്ങളിലൂടെയും മുഹമ്മദ് നബി(സ്വ)യുടെ പ്രവാചകത്വത്തിന്റെയും പ്രബോധനത്തിന്റെയും സത്യസന്ധത വെളിപ്പെടുത്തൽ.

5. മുൻവേദങ്ങളുടെ അനുയായികൾ മറച്ച് വെച്ച സത്യത്തെ വ്യക്തമാക്കൽ, അവരുടെ കൈകളാൽ നടന്ന തിരുത്തലുകളെ പുറത്തുകൊണ്ട് വരുമാറുള്ള തെളിവുകൾ സ്ഥാപിക്കൽ. ഉദാ:

"എല്ലാ ആഹാരപദാർഥവും ഇസ്റാഈൽ സന്തതികൾക്ക് അനുവദനീയമായിരുന്നു. തൗറാത്ത് അവതരിപ്പിക്കപ്പെടുന്നതിന് മുമ്പായി ഇസ്റാഈൽ (യഅ്ക്വൂബ്നബി(അ) തന്റെ കാര്യത്തിൽ നിഷിദ്ധമാക്കിയതൊഴികെ. (നബിയേ,) പറയുക: നിങ്ങൾ സത്യവാൻമാരാണെങ്കിൽ തൗറാത്ത് കൊണ്ടുവന്ന് അതൊന്ന് വായിച്ചുകേൾപിക്കുക" (ആലു ഇംറാൻ: 93).

6.കഥകളിലുള്ളതെല്ലാം യുക്തിപൂർണമെന്ന് വ്യക്തമാക്കൽ: "(ദൈവ നിഷേധത്തിൽ നിന്ന്) അവർ ഒഴിഞ്ഞു നിൽക്കാൻ പര്യാപ്തമായ കാര്യങ്ങളടങ്ങിയ ചില വൃത്താന്തങ്ങൾ തീർച്ചയായും അവർക്ക് വന്നുകിട്ടിയിട്ടുണ്ട്. അതെ, പരിപൂർണമായ വിജ്ഞാനം. എന്നിട്ടും താക്കീതുകൾ പര്യാപ്തമാകുന്നില്ല" (അൽക്വമർ:4,5).

7. ചിന്തയും, ഗുണപാഠങ്ങളും നൽകുക."തീർച്ചയായും അവരുടെ ചരിത്രത്തിൽ ബുദ്ധിമാൻമാർക്ക് പാഠമുണ്ട്. അത് കെട്ടിയുണ്ടാക്കാവുന്ന ഒരു വർത്തമാനമല്ല. പ്രത്യുത; അതിന്റെ മുമ്പുള്ളതിനെ (വേദങ്ങളെ) ശരിവെക്കുന്നതും, എല്ലാകാര്യത്തെയും സംബന്ധിച്ചുള്ള ഒരു വിശദീകരണവും വിശ്വസിക്കുന്ന ജനങ്ങൾക്ക് മാർഗദർശനവും കാരുണ്യവുമാകുന്നു



അത്" (യൂസുഫ്: 111).

8.നബി(സ്വ)യുടെ പ്രവാചകത്വം ഉറപ്പിക്കുക. മുൻ സമൂഹങ്ങളുടെ വർത്തമാനങ്ങളുടെ കൃത്യത അല്ലാഹുവിനല്ലാതെ അറിയുകയില്ല.

"(നബിയേ,) അവയൊക്കെ അദൃശ്യവാർത്തകളിൽ പെട്ടതാകുന്നു. നിനക്ക് നാം അത് സന്ദേശമായി നൽകുന്നു. നീയോ, നിന്റെ ജനതയോ ഇതിനു മുമ്പ് അതറിയുമായിരുന്നില്ല. അതുകൊണ്ട് ക്ഷമിക്കുക. തീർച്ചയായും അനന്തരഫലം സൂക്ഷ്മത പാലിക്കുന്നവർക്ക് അനുകൂലമായിരിക്കും" (ഹൂദ്: 49).

"നൂഹിന്റെ ജനത, ആദ്, ഥമൂദ് സമുദായങ്ങൾ, അവർക്ക് ശേഷമുള്ള; അല്ലാഹുവിന് മാത്രം (കൃത്യമായി) അറിയാവുന്ന ജനവിഭാഗങ്ങൾ എന്നിവരെല്ലാം അടങ്ങുന്ന നിങ്ങളുടെ മുൻഗാമികളെപ്പറ്റിയുള്ള വർത്തമാനം നിങ്ങൾക്ക് വന്നുകിട്ടിയില്ലേ? നമ്മുടെ ദൂതൻമാർ വ്യക്തമായ തെളിവുകളും കൊണ്ട് അവരുടെ അടുക്കൽ ചെന്നു. അപ്പോൾ അവർ തങ്ങളുടെ കൈകൾ വായിലേക്ക് മടക്കിക്കൊണ്ട്, നിങ്ങൾ ഏതൊന്നുമായി അയക്കപ്പെട്ടിരിക്കുന്നുവോ, അതിൽ ഞങ്ങൾ അവിശ്വസിച്ചിരിക്കുന്നു. തീർച്ചയായും നിങ്ങൾ ഞങ്ങളെ ഏതൊന്നിലേക്ക് ക്ഷണിക്കുന്നുവോ അതിനെപ്പറ്റി ഞങ്ങൾ അവിശ്വാസജനകമായ സംശയത്തിലാണ് എന്ന് പറയുകയാണ് ചെയ്തത്" (ഇബ്റാഹീം: 9).

ചില സംഭവങ്ങളും ചരിത്ര കഥനങ്ങളും ആവർത്തിതമായി ക്വുർആനിൽ വന്നതായി കാണാം. ഈ ആവർത്തനങ്ങൾ പാഴ്വേലയോ അപ്രതീക്ഷിതമോ അല്ല. മറിച്ച് കൃത്യമായ ലക്ഷ്യത്തോട് കൂടിയുള്ളതാണ്. ഓരോ സ്ഥലത്തും ആവർത്തിതമെന്ന് തോന്നും. പക്ഷേ, അവിടെ ഒന്നുകിൽ മുമ്പ് പറഞ്ഞിട്ടില്ലാത്ത വല്ലതും കൂടുതലുണ്ടാകും. അല്ലെങ്കിൽ മറ്റ് വാക്യങ്ങളിലൂടെയാവും അവതരണം. ഒരിടത്ത് ഊന്നൽ നൽകിയതിനാവില്ല മറ്റൊരിടത്ത് ഊന്നൽ നൽകുന്നത്. ഇതാവട്ടെ ആഖ്യാനത്തിന്റെ സൗന്ദര്യവും ക്വുർആനിന്റെ ദൈവികതയും വെളിപ്പെടുത്തുകയും മനുഷ്യന്റെ അശക്തിയും ദുർബലതയും ഉയർത്തിക്കാണിക്കുകയും ചെയ്യുന്നു.

നാസിർ ബാലുശ്ശേരി

ലേഖനം

# ക്വുർആൻ വരുത്തിയ വിപ്ലവം

**മാ**റ്റം അതിവേഗം സാധ്യമാണ് എന്നതിന്റെ ഉത്തമോദാഹരണമാണ് ആറാം നൂറ്റാണ്ടിലെ അറേബ്യൻ ജനത. ചരിത്രത്തിലെ ഏറ്റവും ഇരുണ്ടയുഗത്തിൽ താമസിച്ച ഒരു സമൂഹത്തിൽ ഹ്രസ്വമായ കാലഘട്ടംകൊണ്ടുണ്ടായ മാറ്റം ചിന്തോദ്ദീപകവും അത്യത്ഭുതകരവുമാണ്. പ്രഭാതത്തിൽ നുരച്ചുപതയുന്ന മദ്യവും അടർക്കളത്തിൽ അടരാടാനുള്ള അഭിനിവേശവും തണുപ്പുള്ള രാത്രിയിൽ അഴകേറിയ പെണ്ണുമൊത്തുള്ള സുഖംപങ്കിടലുമില്ലാത്ത ജീവിതം അചിന്ത്യവും അർഥശൂന്യവുമാണെന്ന് ഈണത്തിൽ പാടിയിരുന്ന ഒരു സമൂഹം സാംസ്കാരികതയുടെ സമുന്നതിയിലേക്ക് കുതിച്ചുചാടിയതിനു പിന്നിൽ ഒരു പ്രവാചകന്റെ ദൈവികമായ വെളിപാടിന്റെ അടിസ്ഥാനത്തിലുള്ള സൂക്ഷ്മമായ ചുവടുവെപ്പുകളാണ്. സാമൂഹ്യക്രമത്തിന്റെ മാറ്റത്തെക്കാൾ മനഃസംസ്കൃതിയും മസ്തിഷ്കത്തിന്റെ പുനരുജ്ജീവനവുമാണ് പ്രധാനം എന്നുറച്ച് വിശ്വസിച്ച് പ്രവർത്തിച്ചപ്പോൾ മാറ്റം എളുപ്പമായി. അതിനുപയോഗിച്ച ഉപകരണങ്ങളാവട്ടെ പരമോൽകൃഷ്ടമായ ക്വുർആനും പരിശുദ്ധമായ പ്രവാചക ചര്യയും.

“അക്ഷരജ്ഞാനമില്ലാത്തവർക്കിടയിൽ, തന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് വായിച്ചുകേൾപിക്കുകയും അവരെ സംസ്കരിക്കുകയും അവർക്ക് വേദഗ്രന്ഥവും തത്ത്വജ്ഞാനവും പഠിപ്പിക്കുകയും ചെയ്യാൻ അവരിൽനിന്നുതന്നെയുള്ള ഒരു ദൂതനെ നിയോഗിച്ചവനാകുന്നു അവൻ. തീർച്ചയായും അവർ മുമ്പ് വ്യക്തമായ വഴികേടിലായിരുന്നു” (വി. ക്വു: 62:2).

പരിശുദ്ധ ക്വുർആനിന്റെ പ്രൗഢോജ്ജ്വലമായ വചനങ്ങൾ അവരുടെ മനസ്സിലേക്ക് തുളച്ചു കയറി. ആ തിരുമൊഴികളുപയോഗിച്ച് പ്രവാചകൻ(സ്വ) സർവ മാലിന്യങ്ങളിൽ നിന്നും അവരുടെ മനസ്സിനെ കഴുകി വൃത്തിയാക്കി. വിശ്വാസത്തിന്റെ ശാദ്വലതീരത്തെത്തിയപ്പോൾ ഓതിക്കേൾപിക്കപ്പെട്ട ഓരോ വചനത്തെയും തങ്ങളുടെ ജീവിതവുമായി ബന്ധപ്പെടുത്തി അവർ ആത്മവിചിന്തനം നടത്തി. ശ്രുതിമധുരമായി പ്രവാചകൻ(സ്വ) പാരായണം ചെയ്തുതരുന്ന ഈ തിരുവചനങ്ങളിലൂടെ അല്ലാഹു എന്നോടാണ് സംസാരിക്കുന്നതെന്ന് ഓരോ സ്വഹാബിയും വിശ്വസിച്ചു. മാറ്റം എളുപ്പമായി.

“തീർച്ചയായും നിങ്ങൾക്ക് നാം ഒരു ഗ്രന്ഥം അവതരിപ്പിച്ച് തന്നിട്ടുണ്ട്. നിങ്ങൾക്കുള്ള ഉൽബോധനം അതിലുണ്ട്. എന്നിട്ടും നിങ്ങൾ ചിന്തിക്കുന്നില്ലേ?” (വി.ക്വു.21:10).

“നിങ്ങൾ ഗ്രഹിക്കുന്നതിന് വേണ്ടി അത് അറബി ഭാഷയിൽ വായിക്കപ്പെടുന്ന ഒരു പ്രമാണമായി അവതരിപ്പിച്ചിരിക്കുന്നു.” (വി.ക്വു: 12:2).

സമ്പന്നനായ സ്വഹാബിയായിരുന്നു അബൂത്വൽഹതുൽ അൻസ്വാരി(റ). അദ്ദേഹത്തിന്റെ വിശാലമായ ഭൂസ്വത്തിൽ അദ്ദേഹത്തിന് ഏറ്റവും കൂടുതൽ ഇഷ്ടപ്പെട്ടത് പള്ളിയുടെ മുൻവശത്തുണ്ടായിരുന്ന ബൈറുഹാഅ് എന്ന തോട്ടമായിരുന്നു. വിശുദ്ധ ക്വുർആനിലൂടെ “സത്യവിശ്വാസികളേ, നിങ്ങൾ ഇഷ്ടപ്പെടുന്നതിൽ നിന്ന് നിങ്ങൾ ചെലവഴിക്കുന്നത് വരെ നിങ്ങൾക്ക് പുണ്യം നേടാനാവില്ല. നിങ്ങൾ ഏതൊരു വസ്തു ചെലവഴിക്കുന്നതായാലും തീർച്ചയായും അല്ലാഹു അതിനെപ്പറ്റി അറിയുന്നവനാകുന്നു” (3:92) എന്ന വചനം അവതരിപ്പിച്ചപ്പോൾ അദ്ദേഹം പ്രവാചകന്റെ തിരുസന്നിധിയിൽ വന്നു പറഞ്ഞു: “അല്ലാഹുവിന്റെ പ്രവാചകരേ, നിങ്ങൾ ഇഷ്ടപ്പെടുന്നവയിൽ നിന്ന് ചെലവഴിക്കാതെ നിങ്ങൾക്ക് പുണ്യം ലഭിക്കുകയില്ലെന്ന് അല്ലാഹു പറയുന്നു. എന്റെ സ്വത്തിൽവെച്ച് എനിക്കേറ്റവും ഇഷ്ടപ്പെട്ടത് ബൈറുഹാഅ് ആകുന്നു. അത് അല്ലാഹുവിനു വേണ്ടി ഞാനിതാ ദാനം ചെയ്യുന്നു. അല്ലാഹുവിന്റെ അടുത്തുനിന്ന് അതിന്റെ പുണ്യവും പ്രതിഫലവും ഞാൻ പ്രതീക്ഷിക്കുന്നു. താങ്കൾക്ക് അല്ലാഹു അഭിപ്രായം തോന്നിച്ച പ്രകാരം അവിടുന്ന് അതിനെ പ്രയോജനപ്പെടുത്തിക്കൊള്ളുക”.

അപ്പോൾ നബി (സ്വ) പറഞ്ഞു: “ഭേഷ്! ഭേഷ്! അത് ലാഭകരമായ ധനം! ലാഭകരമായ ധനം! താങ്കൾ അടുത്ത കുടുംബങ്ങൾക്ക് വേണ്ടി ധർമമാക്കി വെക്കുവാനാണ് ഞാൻ അഭിപ്രായപ്പെടുന്നത്”. അബൂത്വൽഹത്ത്(റ) പറഞ്ഞു: “ഞാൻ അങ്ങനെ ചെയ്തുകൊള്ളാം. അങ്ങനെ അദ്ദേഹം അത് തന്റെ അടുത്ത ബ

ന്ധുക്കൾക്കും പിതൃവ്യപുത്രന്മാർക്കുമായി ഭാഗിച്ചു കൊടുത്തു."

പ്രവാചക സ്നേഹത്തിലൂടെ അല്ലാഹുവിന്റെ പൊരുത്തവും സംതൃപ്തിയും നേടുകവഴി സ്വർഗപ്രവേശനത്തിന് അർഹത നേടുക എന്നത് അവർ തങ്ങളുടെ ജീവിതത്തിന്റെ മുഖ്യലക്ഷ്യമായി കരുതി. തനിക്ക് നൽകപ്പെട്ട സർവ കഴിവുകളും വിഭവങ്ങളും അതിന് അവർ വിനിയോഗിച്ചു. ഋജുവായ വിശ്വാസം സ്വീകരിച്ച താൻ തദനുസൃതമായ സ്വഭാവവും പെരുമാറ്റവും ഉൾക്കൊണ്ടിട്ടുണ്ടോ എന്നവർ ആവർത്തിച്ചാലോചിച്ചു. അതുകൊണ്ട് തന്നെ പാകപ്പിഴകൾ വരുന്നുണ്ടോ എന്ന സംശയം പോലും അവരുടെ ഉറക്കം കെടുത്തി എന്നതാണ് സത്യം.

ശബ്ദത്തിന്റെ ഗാംഭീര്യംകൊണ്ട് ശ്രദ്ധിക്കപ്പെട്ട വ്യക്തിയായിരുന്നു ഥാബിത്ബ്നു കൈസ്(റ). അദ്ദേഹം പതിഞ്ഞ സ്വരത്തിൽ പറയുന്നത് പോലും മറ്റുള്ളവർക്ക് വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും.

"സത്യവിശ്വാസികളേ, നിങ്ങളുടെ ശബ്ദങ്ങൾ പ്രവാചകന്റെ ശബ്ദത്തിന് മീതെ ഉയർത്തരുത്. അദ്ദേഹത്തോട് സംസാരിക്കുമ്പോൾ നിങ്ങൾ അന്യോന്യം ഒച്ചയിടുന്നത് പോലെ ഒച്ചയിടുകയും ചെയ്യരുത്. നിങ്ങളറിയാതെ തന്നെ നിങ്ങളുടെ കർമങ്ങൾ നിഷ്ഫലമായി പോകാതിരിക്കാൻ വേണ്ടി" (വി.ക്വു. 49:2).

ആയത്ത് അവതരിച്ചപ്പോൾ അദ്ദേഹം പ്രവാചകസന്നിധിയിലേക്കുള്ള വരവ് നിർത്തി. കാണാതിരുന്നപ്പോൾ നബിതിരുമേനി(സ്വ) കാരണം തിരക്കി ആളെ അയച്ചു. ദുഃഖഭാരത്താൽ തലതാഴ്ത്തിയിരുന്ന ഥാബിതുബ്നു കൈസ്(റ) ആഗതനോട് പറഞ്ഞു: "വളരെ ഉച്ചത്തിൽ സംസാരിക്കുന്ന ഒരു വ്യക്തിയാണ് ഞാൻ. തിരുമേനിയുടെ ശബ്ദത്തെക്കാൾ എന്റെ ശബ്ദം ഉച്ചത്തിലായിപ്പോകാറുണ്ട്. ഇക്കാരണത്താൽ എന്റെ കർമങ്ങൾ ഫലശൂന്യമായിപ്പോകുമോ എന്ന് ഞാൻ ഭയപ്പെടുന്നു". തിരിച്ചുവന്ന ദൂതൻ പ്രവാചകനോട് ഈ കാര്യങ്ങൾ വ്യക്തമാക്കിക്കൊടുത്തു. ഇത് കേട്ട് പ്രവാചകൻ(സ്വ) "അദ്ദേഹം നല്ലനിലയിൽ ജീവിക്കുന്ന സജ്ജനങ്ങളിൽപെട്ട ആളാണെന്ന് സന്തോഷവാർത്ത അറിയിക്കുക' എന്നറിയച്ചുകൊണ്ട് വീണ്ടും അദ്ദേഹത്തിന്റെ അടുത്തേക്ക് ആളെ അയച്ചു.

അല്ലാഹുവിന്റെ കൽപനക്കും പ്രവാചകന്റെ നിർദേശങ്ങൾക്കും വിരുദ്ധമായി ഒരു ചെറുവിരലനക്കുന്നത് പോലും അങ്ങേയറ്റം ഗൗരവമുള്ളതും അപകടം ക്ഷണിച്ചു വരുത്തുന്നതുമാണ്. ജീവിതത്തിൽ സമ്പാദിച്ച മുഴുവൻ സമ്പത്തും ആയുസ്സ് തന്നെയും പകരം നൽകിയാലും അതിന്റെ പേരിലുള്ള ശിക്ഷ ഒഴിവാകലാണ് പ്രധാനം എന്നവർ ഉറച്ചു വിശ്വസിച്ചു.

ഹിജ്റ അഞ്ചാം വർഷം കരാർ ലംഘിച്ച ബനൂക്വുറൈളയുമായി യുദ്ധം നടക്കാൻ പോവുകയാണ്. യുദ്ധത്തിനുള്ള സർവ സജ്ജീകരണങ്ങളുമായിക്കഴിഞ്ഞു. പക്ഷേ, പ്രകൃതി പ്രതികൂലമായി. കനത്ത മഴ, ഇടി, മിന്നൽ; ഒരു മധ്യസ്ഥ തീരുമാനത്തിന് വിധേയമായി കീഴടങ്ങുന്നതിന് ശത്രുപക്ഷവുമായി സംസാരിക്കുവൻ അവരുമായി സഖ്യബന്ധമുണ്ടായിരുന്ന അബൂലുബാബ(റ)വിനെ പ്രവാചകൻ(സ്വ) നിയോഗിച്ചയച്ചു. തങ്ങൾ എന്തു ചെയ്യണമെന്ന് അവർ അദ്ദേഹത്തോട് ആലോചിച്ചു. അദ്ദേഹം വ്യക്തമായി ഒന്നും പറഞ്ഞില്ലെന്ന് മാത്രമല്ല പ്രവാചക ഹിതത്തിന് വിരുദ്ധമായി കൊലയായിരിക്കും പര്യവസാനം എന്ന് സൂചിപ്പിച്ചുകൊണ്ട് അദ്ദേഹം തന്റെ കൈകൊണ്ട് കഴുത്തിലേക്ക് ആംഗ്യം കാണിച്ചു. ഈ സംഭവത്തിന്റെ പശ്ചാത്തലത്തിലാണ് "ഹേ, വിശ്വസിച്ചവരേ! നിങ്ങൾ അല്ലാഹുവോടും റസൂലിനോടും വഞ്ചന കാണിക്കരുത്. നിങ്ങൾ വിശ്വസിച്ചേൽപിക്കപ്പെട്ട കാര്യങ്ങളിൽ അറിഞ്ഞുകൊണ്ട് വഞ്ചന കാണിക്കുകയും ചെയ്യരുത്" (വി.ക്വു. 8:27) എന്ന ആയത്ത് അവതരിച്ചത്.

ശത്രുവിനെ തമാശയാക്കാനാണെങ്കിലും താൻ ചെയ്തത് വലിയ അപരാധമായിപ്പോയി എന്ന് അബൂലുബാബ(റ)വിന് ബോധ്യം വന്നു. അല്ലാഹുവിനെയും അവന്റെ പ്രവാചകനെയും വഞ്ചിക്കുകയാണ് താൻ ചെയ്തതെന്ന് അദ്ദേഹത്തിന്റെ മനസ്സ് മന്ത്രിച്ചു. സമയം ഒട്ടും നഷ്ടപ്പെടുത്താതെ അദ്ദേഹം പള്ളിയിലേക്ക് ഓടി. പള്ളിയുടെ ഒരു തൂണിൽ അദ്ദേഹം സ്വയം ബന്ധിതനായി. താൻ മരണപ്പെടുകയോ അല്ലാഹു തന്റെ പശ്ചാത്താപം സ്വീകരിക്കുകയോ ചെയ്യുന്നത് വരെ ഞാൻ ഒന്നും ആഹരിക്കുകയില്ലെന്ന് അദ്ദേഹം ശപഥം ചെയ്തു. ഒമ്പതു ദിവസം അങ്ങനെ പിന്നിട്ടു. അന്നപാനീയങ്ങൾ വർജിച്ചതു കാരണം അദ്ദേഹം പരവശനായി ബോധരഹിതനായി നിലംപതിച്ചു. മനമുരുകിക്കേണ അദ്ദേഹത്തിന്റെ പശ്ചാത്താപം അല്ലാഹു സ്വീകരിച്ചു. നബി(സ്വ) ആ വിവരം അദ്ദേഹത്തെ അറിയിച്ചു. ജനങ്ങൾ അദ്ദേഹത്തെ അനുമോദിക്കുകയും കെട്ടഴിച്ചുവിടാൻ വേണ്ടി ശ്രമിക്കുകയും ചെയ്തു. പക്ഷേ, അദ്ദേഹം വിസമ്മതിച്ചു. നബി തിരുമേനിയല്ലാതെ മറ്റാരും തന്നെ അഴിച്ചുവിടേണ്ടതില്ലെന്ന് ഉറപ്പിച്ച് പറഞ്ഞു. അദ്ദേഹത്തിന്റെ തീരുമാനത്തിന്റെ ശക്തിക്കുമുമ്പിൽ ജനം നിസ്സഹായരായി. വിവരമറിഞ്ഞപ്പോൾ പ്രവാചകൻ(സ്വ) തന്നെ അദ്ദേഹത്തെ ബന്ധനത്തിൽ നിന്ന് മോചിപ്പിച്ചു.

നബിതിരുമേനിയെ കാണാനും കേൾക്കാനും മഹാസൗഭാഗ്യം സിദ്ധിച്ച സ്വഹാബികളിൽ ഈ മാറ്റം ദൃശ്യമായത് ക്വുർആനിക വചനങ്ങൾ പാരായണം ചെയ്യാൻ മാത്രമുള്ളതല്ല; ആശയം ഗ്രഹിച്ച് പഠിക്കാനും ജീവിതത്തിൽ പകർത്താനുമുള്ളതാണ് എന്ന തിരിച്ചറിവ് നേടിയതിനാലാണ്. ഈ തിരിച്ചറിവിന്റെ അഭാവം കൊണ്ടാണ് നബി(സ്വ)ക്കും സ്വഹാബികൾക്കും ലഭിച്ചതിനെക്കാൾ കൂടുതൽ കാലം ക്വുർആനുമായി ബന്ധപ്പെടാനുള്ള അവസരങ്ങളുണ്ടായിട്ടും ആധുനിക ഇസ്ലാമിക സമൂഹത്തിൽ മാറ്റങ്ങൾ ദൃശ്യമാവാത്തത് മാറ്റം ആഗ്രഹിക്കുന്നവർ ഈ മഹാഗ്രന്ഥത്തെ നെഞ്ചോടു ചേർത്തുവെക്കുക മാത്രമാണ് പരിഹാരം.

"ഈ ക്വുർആനിനെ നാം ഒരു പർവതത്തിൻമേൽ അവതരിപ്പിച്ചിരുന്നുവെങ്കിൽ അത് (പർവതം) വിനീത മാകുന്നതും അല്ലാഹുവെപ്പറ്റിയുള്ള ഭയത്താൽ പൊട്ടിപ്പിളരുന്നതും നിനക്കു കാണാമായിരുന്നു. ആ ഉദാഹരണങ്ങൾ നാം ജനങ്ങൾക്ക് വേണ്ടി വിവരിക്കുന്നു. അവർ ചിന്തിക്കുവാൻ വേണ്ടി" (വി.ക്വു. 59:21). ●

അബൂബക്കർ സലഫി

ലേഖനം

# ക്വുർആൻ വ്യാഖ്യാനത്തിന്റെ രീതിശാസ്ത്രം

പ്രവാചകൻമാർക്ക് നൽകപ്പെട്ട മുഅ്ജിസത്തുകളിൽ ഏറ്റവും വലിയ മുഅ്ജിസത്താണ് വിശുദ്ധ ക്വുർആൻ. അതിന്റെ സംരക്ഷണം അല്ലാഹു തന്നെ ഏറ്റെടുത്തിരിക്കുകയാണ്. ക്വുർആനെപ്പറ്റി ചിന്തിക്കുവാനും ആലോചിക്കുവാനും നിരന്തരം അല്ലാഹു നമ്മോട് ആവശ്യപ്പെടുന്നുണ്ട്. അത് ചെയ്യാത്തവരെ താക്കീത് ചെയ്യുന്നുമുണ്ട്.

ചിന്തിക്കണമെങ്കിൽ എന്താണ് ക്വുർആൻ പറയുന്നത് എന്ന് നമുക്ക് മനസ്സിലാവണം. ഇവിടെയാണ് അതിന്റെ വിവരണത്തിന്റെ അനിവാര്യത നമുക്ക് ബോധ്യമാവുന്നത്.

തഫ്സീർ എന്ന പദത്തിന്റെ ഭാഷാർഥം വെളിവാക്കുക, മറനീക്കുക എന്നെല്ലാമാണ്. എന്നാൽ, സാങ്കേതികമായി അതുകൊണ്ട് ഉദ്ദേശിക്കുന്നത് "വിശുദ്ധ ക്വുർആനിന്റെ അർഥവും ആശയവും മനസ്സിലാക്കുവാനും, അതിലെ വിധിവിലക്കുകൾ നിയമങ്ങൾ, തത്ത്വങ്ങൾ തുടങ്ങിയവ അറിയുവാനും സഹായിക്കുന്ന വിജ്ഞാനശാഖ" എന്നതാണ്.

**തഫ്സീറിന്റെ ചരിത്രം.**

പരിശുദ്ധ ക്വുർആനിനോടൊപ്പം തന്നെ അതിന്റെ തഫ്സീറിന്റെയും ചരിത്രം തുടങ്ങുകയാണ്. അറബികൾക്ക് ക്വുർആൻ അവരുടെ ഭാഷയിലായതിനാൽ ക്വുർആൻ പറയുന്ന കാര്യങ്ങൾ അത് കേൾക്കുന്ന മാത്രയിൽ തന്നെ മനസ്സിലാക്കാൻ സാധിക്കുമായിരുന്നു. അതിനാലാണ് അത് അവരുടെ ജീവിതത്തിൽ വലിയ പരിവർത്തനങ്ങൾ സൃഷ്ടിച്ചത്. ഇനി അറബികളായാലും അറബിഭാഷ പഠിച്ച അനറബികളായാലും അവർക്ക് മനസ്സിലാക്കാൻ പറ്റാത്ത അനവധി കാര്യങ്ങൾ ക്വുർആനിലുണ്ട്. അവിടെ തഫ്സീറിന്റെ സഹായം അനിവാര്യമത്രെ. അപ്പോൾ ആരാണ് ക്വുർആന്റെ തഫ്സീർ നിർവഹിക്കുക? ഒന്നാമതായി അല്ലാഹു തന്നെ എന്ന് പറയാം. പിന്നെ മുഹമ്മദ് നബി (സ്വ), പിന്നെ സ്വഹാബികൾ. സ്വഹാബികളിൽ നിന്ന് ക്വുർആൻ പഠിച്ച താബിഉകളുടെ തഫ്സീറിനും വലിയ പ്രാധാന്യമാണുള്ളത്.

**ക്വുർആൻ വ്യാഖ്യാന രീതി.**

ക്വുർആൻ വ്യാഖ്യാനത്തിന് ഒരു രീതിശാസ്ത്രമുണ്ട്. അത് തോന്നിയപോലെ കൈകാര്യം ചെയ്യാൻ പാടില്ല. വ്യാഖ്യാനിക്കുന്ന മുഫസ്സിറുകൾക്കും ചില നിബന്ധനകളുണ്ട്. അതിലൊന്ന് അയാളുടെ അക്വീദ (വിശ്വാസം) യുമായി ബന്ധപ്പെട്ട വിഷയമാണ്. അഹ്‌ലുസ്സുന്നയുടെ അക്വീദയല്ലെങ്കിൽ തന്റെ ബാത്വിലായ അക്വീദക്കനുസരിച്ച് അയാൾ പ്രമാണങ്ങളെ ദുർവ്യാഖ്യാനിക്കും. അങ്ങനെ ജനങ്ങൾ വഴിതെറ്റാനിടയാവും.

രണ്ടാമതായി തന്നിഷ്ടങ്ങൾക്കും ദേഹേഛകൾക്കും പ്രാധാന്യം കൊടുക്കുന്നവനാണെങ്കിൽ തന്റെ താൽപര്യങ്ങൾക്കൊപ്പിച്ച് പ്രമാണങ്ങളെ അയാൾ വളച്ചൊടിക്കും. അപ്പോൾ അക്വീദയും മൻഹജും നന്നായവനും ദേഹേഛകളിൽ നിന്ന് അകന്നവനുമാകണം മുഫസ്സിർ. ഇങ്ങനെ മുഫസ്സിറുകളുമായി ബന്ധപ്പെട്ട അനവധി നിബന്ധനകൾ പണ്ഡിതൻമാർ പറഞ്ഞത് കാണാം.

**ക്വുർആനെ ക്വുർആൻ കൊണ്ട് വിശദീകരിക്കൽ.**

പരിശുദ്ധ ക്വുർആനിലെ വിഷയാവതരണങ്ങൾക്ക് വിവിധ ശൈലികൾ ഉണ്ട്. വസ്തുതകൾ ചുരുക്കി പ്പറയുക, വിശദമായി പറയുക, മൊത്തത്തിൽ പറയുക, നിരുപാധികം പറയുക, സോപാധികം പറയുക എന്നിങ്ങനെ.

ഒരിടത്ത് ചുരുക്കിപ്പറഞ്ഞത് മറ്റൊരിടത്ത് വിശദമായി പറയും. ഒരിടത്ത് പൊതുവായി പറഞ്ഞത് മറ്റൊരിടത്ത് പ്രത്യേകമായി പറയും. അപ്പോൾ ക്വുർആൻ പഠനം പൂർത്തിയാകണമെങ്കിൽ അത് ആദ്യാവസാനം പഠിക്കേണ്ടതുണ്ട്.

**ക്വുർആനിന്റെ ക്വുർആൻ വിശദീകരണത്തിന് വൈവിധ്യമാർന്ന രൂപങ്ങളാണ് ഉള്ളത്.**

1. വിശദീകരണം തൊട്ട് പിന്നാലെ വരുന്നത്: ഉദാഹരണമായി സൂറഃ അത്ത്വാരീക്വിലെ 'ത്വാരിക്വ്' എന്നതുകൊണ്ടുള്ള ഉദ്ദേശ്യം തൊട്ടുതാഴെ പറഞ്ഞിരിക്കുന്ന "അന്നജ്മുസ്സാകിബ്" ആണ് (തുളച്ച് കയറുന്ന നക്ഷത്രം).

**2. വിശദീകരണം തൊട്ട്താഴെ വരാതെ വേറെ സ്ഥല ങ്ങളിൽ വരുന്നവ.**

ഉദാഹരണം സൂറത്തുൽ ഫാതിഹയിലെ "റബ്ബുൽ ആലമീൻ" എന്നതിലെ "ആലമീൻ" എന്ന പദത്തിന്റെ അർഥമെന്താണ്?

അതിന്റെ വിശദീകരണം സൂറത്തുശ്ശുഅറാഇൽ ന മുക്ക് കാണാം: "ഫിർഔൻ ചോദിച്ചു: എന്താണ് റ ബ്ബുൽ ആലമീൻ? അദ്ദേഹം (മൂസാ(അ) പറഞ്ഞു: ആ കാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ള വയുടെയും രക്ഷിതാവ്" (23,24). അപ്പോൾ "ആലമീൻ" എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ആകാശങ്ങളും ഭൂ മിയും അവയിലുള്ള സകല വസ്തുക്കളുമടങ്ങുന്ന അ ല്ലാഹു അല്ലാത്ത ലോകം എന്നാണ്.

**3. ക്വുർആനെ ക്വുർആൻ കൊണ്ട്**

**റസൂൽ(സ്വ) വിവരിച്ചുതന്നവ.**

ഉദാഹരണം: സൂറഃ അൽഅൻആമിലെ 82-ാമത്തെ വചനം: "വിശ്വസിക്കുകയും തങ്ങളുടെ വിശ്വാസത്തിൽ അക്രമം കലർത്താതിരിക്കുകയും ചെയ്യുന്നവർ; അ വർക്കാണ് നിർഭയത്വമുള്ളത്. അവരാണ് നേർവഴി സി ദ്ധിച്ചവർ." ഇവിടെ പറഞ്ഞ അക്രമത്തെപ്പറ്റി സ്വഹാ ബികൾ നബി(സ്വ)യോട് ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, ഞങ്ങളുടെ കൂട്ടത്തിൽ അക്രമം ചെയ്യാത്തവ രായി ആരാണുള്ളത്?" അപ്പോൾ റസൂൽ(സ) മറുപ ടി കൊടുത്തു: 'നിങ്ങൾ വിചാരിക്കുന്ന അക്രമമല്ല അ ത്. ലുഖ്മാൻ(അ)ന്റെ വാക്ക് നിങ്ങൾ കേട്ടിട്ടില്ലേ? എ ന്റെ കുഞ്ഞുമോനേ, നീ അല്ലാഹുവിൽ പങ്ക് ചേർക്ക രുത്. തീർച്ചയായും ശിർക്ക് വമ്പിച്ച അക്രമമാകുന്നു.' വിശ്വാസത്തിൽ അക്രമം കലർത്താത്തവർ എന്ന വച നത്തിലെ അക്രമം കൊണ്ടുദ്ദേശിക്കുന്നത് ശിർക്ക് എ ന്ന അക്രമമാണ് എന്ന് റസൂൽ(സ്വ) വേറെ വചനം ഓതിക്കൊണ്ട് വിശദീകരിച്ചുകൊടുക്കുകയാണല്ലോ ഇ വിടെ ചെയ്തത്.

ഇതുപോലെ സ്വഹാബികളും താബിഉകളും മറ്റും ക്വുർആനെ ക്വുർആൻ കൊണ്ട് തന്നെ വ്യാഖ്യാനിച്ച തിന് ധാരാളം തെളിവുകൾ നമുക്ക് കാണാവുന്നതാ ണ്.

**ക്വുർആനെ ഹദീഥ് കൊണ്ട് വിശദീകരിക്കൽ.**

വിശുദ്ധ ക്വുർആൻ വിവരണം നബി(സ്വ)യുടെ പ്ര ധാനപ്പെട്ട ദൗത്യമാണ്. അല്ലാഹു പറയുന്നു: "താങ്കൾ ക്ക് അല്ലാഹു ഈ ദിക്ർ ഇറക്കിത്തന്നിരിക്കുന്നു. താ ങ്കളിത് ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കാൻ വേ ണ്ടി" (16:44). തന്റെ ദൗത്യം റസൂൽ(സ്വ) കൃത്യമായി നിർവഹിച്ചിട്ടുണ്ട്.

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ പറയുന്നു: "റസൂൽ(സ്വ) പരിശുദ്ധ ക്വുർആനിന്റെ പദങ്ങളും ആ ശയങ്ങളും തന്റെ സ്വഹാബത്തിന് വിശദീകരിച്ചു കൊ ടുത്തിരിക്കുന്നു എന്ന് അറിയൽ നിർബന്ധമാണ്" (മു ഖദ്ദിമ ഫീ ഉസ്വൂലിത്തഫ്സീർ).

നബി(സ്വ)യുടെ വിവരണം പല ശൈലികളിലായി നമുക്ക് കാണാൻ കഴിയും. ഓരോ ഉദാഹരണ സഹി തം ചിലത് വിശദീകരിക്കാം:

1. ആദ്യം ആയത്ത് ഓതുക. പിന്നെ വിശദീകര ണം പറയുക. അബൂഹുറയ്റ(റ) പറയുന്നു: റസൂൽ (സ്വ) പറഞ്ഞു: "ഇസ്‌റാഈല്യരോട് 'നിങ്ങൾ കവാട ത്തിലൂടെ സുജൂദ് ചെയ്തുകൊണ്ട് പ്രവേശിക്കുക നി ങ്ങൾ 'ഹിത്ത്വ' (പശ്ചാതാപ വചനം) എന്ന് പറയുക. നിങ്ങളുടെ പാപങ്ങൾ നാം പൊറുത്തു തരും' (അൽ ബക്വറ:58) എന്ന് പറയപ്പെട്ടപ്പോൾ അവർ ചന്തിയിൽ ഇഴഞ്ഞു പ്രവേശിക്കുകയും 'ഹിത്ത്വ' എന്നതിന് പക രം 'ഹിൻത്വതുൻ ഫീ ശഅ്റ' (ഗോതമ്പുമണി) എന്ന് പറയുകയും ചെയ്തു"(ബുഖാരി, മുസ്‌ലിം).

2. ചിലപ്പോൾ ക്വുർആൻ വചനത്തിന്റെ ആശയം പറയുകയും പിന്നെ ആയത്ത് ഓതുകയും ചെയ്യും. ഉദാഹരണം: അബൂമൂസൽ അശ്അരി(റ) പറയുന്നു: നബി(സ്വ) പറഞ്ഞു: "തീർച്ചയായും അല്ലാഹു അക്ര മിക്ക് സമയം നീട്ടിക്കൊടുക്കും. പിന്നെ അവനെ പി ടികൂടും. അവന് രക്ഷപ്പെടാൻ കഴിയില്ല." പിന്നെ റ സൂൽ(സ്വ) ഈ വചനം ഓതി: "അക്രമികളായ നാട്ടു കാരെ പിടികൂടുമ്പോൾ അപ്രകാരമാണ് നിന്റെ രക്ഷി താവിന്റെ പിടികൂടൽ. തീർച്ചയായും അവന്റെ പിടി കൂടൽ കഠിനവും വേദനാജനകവുമാണ്" (11:102)" (ബു ഖാരി, മുസ്‌ലിം).

3. ക്വുർആൻ വചനങ്ങളെപ്പറ്റി സ്വഹാബികൾ സം ശയം ചോദിച്ചപ്പോൾ അവർക്ക് വിവരിച്ചുകൊടുക്കു ന്നു. ഉദാഹരണമായി: സൂറഃ യൂനുസിലെ "ഐഹിക ജീവിതത്തിലും പരലോകത്തിലും അവർക്കാണ് സ ന്തോഷവാർത്തയുള്ളത്"(64). ഉബാദത്തുബ്നു സ്വാ മിതും(റ), അബൂദർദാഉം(റ) റസൂൽ തിരുമേനി(സ്വ) യോട് എന്താണ് ഈ 'സന്തോഷവാർത്ത' എന്ന് ചോ ദിച്ചു. അപ്പോൾ റസൂൽ(സ്വ) പറഞ്ഞു: "അത് മുസ് ലിം കാണുന്ന നല്ല സ്വപ്നങ്ങളാണ്" (തിർമിദി).

4. ക്വുർആനിന്റെ കൽപനകളും വിരോധനങ്ങളും മറ്റും ജീവിതത്തിൽ പ്രാവർത്തികമാക്കുക എന്ന ത ഫ്സീർ: സൂറത്തുശ്ശുഅറാഇലെ "താങ്കളുടെ അടുത്ത ബന്ധുക്കളെ താക്കീതു ചെയ്യുക" എന്ന വചനം ഇറ ങ്ങിയപ്പോൾ സ്വഫാ മലയിൽ കയറി കുടുംബക്കാ രെ വിളിച്ചുവരുത്തി താക്കീത് ചെയ്ത സംഭവം ഒരു ദാഹരണമാണ്. സൂറത്തുന്നസ്റിലെ "അത് കൊണ്ട് താങ്കൾ താങ്കളുടെ രക്ഷിതാവിനെ സ്തുതിക്കുന്നതോ ടൊപ്പം അവനെ പ്രകീർത്തിക്കുകയും അവനോട് പാ പമോചനം തേടുകയും ചെയ്യുക" എന്ന വചനമിറ ങ്ങിയപ്പോൾ അത് വ്യാഖ്യാനിച്ച് കൊണ്ട് റസൂൽ(സ്വ) തന്റെ റുകൂഇലും സുജൂദിലും ഇങ്ങനെ പറയാറുണ്ടാ യിരുന്നു: "സുബ്ഹാനകല്ലാഹുമ്മ റബ്ബനാ വബിഹം ദിക്കല്ലാഹുമ്മഗ്ഫിർലീ."

ഇത്പോലെ ക്വുർആനിലെ 'വഅക്വീമുസ്വലാത വ ആതുസ്സകാത്തഃ' പോലെയുള്ള കൽപനകൾ റസൂൽ തന്റെ ജീവിതം കൊണ്ട് വിവരിച്ചുകാണിച്ചു. വിരോ ധങ്ങളുടെ അവസ്ഥയും തഥൈവ. "നബി(സ്വ)യുടെ സ്വഭാവം ക്വുർആൻ ആയിരുന്നു" എന്ന ആഇശ(റ) യുടെ വാക്ക് വളരെ ശ്രദ്ധേയമാണ്.

ക്വുർആൻ മൊത്തമായി പറഞ്ഞത് റസൂൽ(സ്വ) വി

ശദീകരിക്കും. നമസ്കാരം, സകാത്ത് മുതലായവ ഉദാഹരണങ്ങളാണ്. നമസ്കാരം, നിലനിർത്താനും സകാത്ത് കൊടുക്കാനും ക്വുർആൻ പറഞ്ഞു. അതിന്റെ വിശദാംശങ്ങൾ കൈകാര്യം ചെയ്യുന്നത് സുന്നത്താണ്.

ആശയക്കുഴപ്പമുണ്ടാക്കുന്നവ വ്യക്തമാക്കിക്കൊടുക്കും. ഉദാഹരണമായി സൂറഃ അൽഹിജ്റിലെ 99-ാം വചനം: "താങ്കൾക്ക് യക്വീൻ വരുന്നതുവരെ താങ്കളുടെ രക്ഷിതാവിന് ഇബാദത്തെടുക്കുക." ഇവിടെ പറഞ്ഞ 'യക്വീൻ' തെറ്റായി മനസ്സിലാക്കാൻ സാധ്യതയുണ്ട്. "ഉറപ്പ്', 'ദൃഢമായ ഉറപ്പ്' എന്ന അർഥം അതിനുണ്ട്. ആ അർഥം പറഞ്ഞു ചിലർ ഇബാദത്ത് നിർത്തിവെച്ചുവെന്നുവരാം. എന്നാൽ റസൂൽ(സ്വ) ആ 'യക്വീൻ' കൊണ്ടുള്ള ഉദ്ദേശ്യം 'മരണ'മാണ് എന്ന് വിശദീകരിച്ചു.

ഇത് പോലെ സൂറഃ അൽബക്വറയിൽ നോമ്പെടുക്കന്നവരോട് അല്ലാഹു പറഞ്ഞു: "നിങ്ങൾ കറുത്ത നൂലിൽ നിന്ന് വെളുത്ത നൂൽ വ്യക്തമാകുന്നത് വരെ ഭക്ഷിക്കുക, കുടിക്കുക." ഇവിടെ പറഞ്ഞ കറുത്ത നൂലും വെളുത്ത നൂലും അദിയ്യ് ബ്നുഹാതിം എന്ന സ്വഹാബിക്ക് മനസ്സിലായില്ല. അദ്ദേഹം രാത്രി കിടക്കുമ്പോൾ തന്റെ ശരീരത്തിൽ കറുത്ത നൂലും വെളുത്ത നൂലും കെട്ടുമായിരുന്നു. റസൂൽ(സ്വ) വിശദീകരിച്ചു കൊടുത്തു; അതിന്റെ ആവശ്യമില്ല. പകലിന്റെ വെളുപ്പും രാത്രിയുടെ ഇരുട്ടുമാണ് അതിന്റെ ഉദ്ദേശ്യമെന്ന്.

പൊതുവായി ക്വുർആൻ പറഞ്ഞതിനെ പ്രത്യേകമാക്കൽ. ഉദാഹരണമായി: "വിശ്വസിക്കുകയും തങ്ങളുടെ വിശ്വാസത്തിൽ അക്രമം കലർത്താതിരിക്കുകയും ചെയ്തവർ അവർക്കാണ് നിർഭയത്വമുള്ളത്." ഇവിടെ പൊതുവായി പറഞ്ഞ അക്രമത്തെ റസൂൽ(സ്വ) അത് എല്ലാ അക്രമവുമല്ല; ശിർക്ക് എന്ന അക്രമമാണ് എന്ന് നബി(സ്വ) പ്രത്യേകമാക്കി പഠിപ്പിച്ചു,

4. നിരുപാധികമായി പറഞ്ഞതിന് ഉപാധിവെക്കുക. ഉദാഹരണം: ക്വുർആൻ പറഞ്ഞു: "കട്ടവന്റെയും കട്ടവളുടെയും കൈകൾ നിങ്ങൾ മുറിക്കുക." കൈ എവിടെ മുറിക്കണം എന്ന് ഇവിടെ പറഞ്ഞിട്ടില്ല. റസൂൽ(സ്വ) അതിന് ഉപാധിവെച്ചു; അത് മുൻകൈ ആണ് എന്ന്.

### സ്വഹാബികളുടെ ക്വുർആൻ വ്യാഖ്യാനം

വിശുദ്ധ ക്വുർആനിന് ക്വുർആൻ കൊണ്ടും സുന്നത്തുകൊണ്ടുമുള്ള വ്യാഖ്യാനം കഴിഞ്ഞാൽ പിന്നെ ഏറ്റവും പ്രധാനപ്പെട്ടതും അവലംബനീയവുമായ വ്യാഖ്യാനമാണ് സ്വഹാബികളുടെ വ്യാഖ്യാനം. ശൈഖുൽ ഇസ്‌ലാം പറയുന്നു: "ക്വുർആനിലോ സുന്നത്തിലോ തഫ്സീർ നാം കണ്ടില്ലെങ്കിൽ സ്വഹാബികളുടെ വാക്കുകളിലേക്ക് നാം മടങ്ങുന്നതാണ്. കാരണം അവരാണ് ഈ വിഷയത്തിൽ ഏറ്റവും അറിവുള്ളവർ അവരാണ്. കൂടുതൽ മനസ്സിലാക്കിയവർ. അവരിലാണ് ശരിയായ അറിവും സൽകർങ്ങളുമുള്ളത്"(മുഖദ്ദിമ).

ഇമാം ശാത്വിബി പറയുന്നു: "സംഭവങ്ങളിൽ നേരിട്ട് ഇടപെട്ടതും കിതാബും സുന്നത്തുമാകുന്ന വഹ്‌യിന്റെ ഇറങ്ങലിന് സാക്ഷ്യം വഹിച്ചതും സ്വഹാബികളായതിനാൽ ക്വുർആൻ മനസ്സിലാക്കുവാനുള്ള കൂടുതൽ കഴിവ് അവർക്കാണുണ്ടാവുക. അവതരണ കാരണങ്ങളെപ്പറ്റി അവർക്കാണ് കൂടുതൽ അറിയുക. മറ്റുള്ളവർക്ക് ലഭിക്കാത്തത് അവർക്ക് ലഭിച്ചിരിക്കുന്നു. ഹാജറില്ലാത്തവൻ കാണുന്നതിനെക്കാൾ ഹാജറുള്ളവൻ കാണുമല്ലോ. നിരുപാധികമായി പറഞ്ഞതിന് ഉപാധിവെച്ചുകൊണ്ടും പൊതുവായി പറഞ്ഞതിനെ പ്രത്യേകമാക്കിക്കൊണ്ടുമുള്ള വിവരണങ്ങൾ അവരിൽ നിന്ന് എപ്പോൾ വന്നുവോ അപ്പോൾ അതനുസരിച്ച് അമൽ ചെയ്യേണ്ടതാണ്. എന്നാൽ അവർക്കിടയിൽ അഭിപ്രായ വ്യത്യാസമുള്ള വിഷയമാണെങ്കിൽ ആ മസ്അല ഇജ്തിഹാദി (ഗവേഷണപരം) ആയിരിക്കും" (അൽമുവാഫഖാത്ത്).

സ്വഹാബികളുടെ വ്യാഖ്യാനം ഇജ്തിഹാദിന് ഇടമില്ലാത്തതാണെങ്കിൽ, അതുപോലെ അവതരണ കാരണമായി ബന്ധപ്പെട്ടതാണെങ്കിൽ അതിന് മർഫൂഇന്റെ വിധിയായിരിക്കും. അഥവാ റസൂലിന്റെ വിശദീകരണം പോലെ പരിഗണിക്കേണ്ടതാണ് എന്ന് പണ്ഡിതൻമാർ വിധിച്ചിരിക്കുന്നു.

സ്വഹാബികളിൽ പ്രസിദ്ധരായ മുഫസ്സിറുകൾ പത്ത്പേരാണ്. നാല് ഖലീഫമാർ, ഇബ്നു മസ്ഊദ്(റ), ഇബ്നു അബ്ബാസ്(റ), ഉബയ്യ്ബ്നു കഅബ്(റ), സൈദിബ്നു ഥാബിത്(റ), അബൂമൂസൽ അശ്അരി(റ), അബ്ദുല്ലാഹ് ബ്നു സുബൈർ(റ) എന്നിവരാണവർ. ഏറ്റവും കൂടുതൽ തഫ്സീർ റിപ്പോർട്ട് ചെയ്യപ്പെട്ടത് ഇബ്നു അബ്ബാസ്(റ), ഇബ്നു മസ്ഊദ്(റ), ഉബയ്യ് ബ്നു കഅബ്(റ) എന്നിവരിൽ നിന്നാണ്.

### താബിഉകളുടെ തഫ്സീർ

സ്വഹാബികൾ കഴിഞ്ഞാൽ പിന്നെ ഏറ്റവും ആധികാരിക തഫ്സീർ താബിഉകളുടെതാണ്. അതിന് പലകാരണങ്ങളും ഉണ്ട്.

1. അനേകം ഇമാമുകൾ അവരുടെ തഫ്സീറിലേക്ക് മടങ്ങുന്നതിന് പ്രാധാന്യം കൊടുക്കുന്നു.

2. അവർ അറിവ് സ്വീകരിച്ചത് വഹ്‌യിന് സാക്ഷ്യം വഹിച്ച സ്വഹാബികളിൽ നിന്നാണ്.

3. അവർ ഭിന്നിച്ചിരുന്നില്ല. ബിദ്അത്തുകളിൽ നിന്നും തന്നിഷ്ടങ്ങളിൽ നിന്നും അവർ രക്ഷപ്പെട്ടിരുന്നു.

4. അവർക്കിടയിൽ തഫ്സീറിലുള്ള അഭിപ്രായ വ്യത്യാസം ശേഷക്കാരെ അപേക്ഷിച്ച് വളരെ കുറവായിരുന്നു.

5. ബിദഈ കക്ഷികളുടെ ആധിക്യം കാരണവും അന്യതത്ത്വശാസ്ത്രങ്ങളാലും അവരുടെ ഹൃദയങ്ങൾ മലീമസമായിരുന്നില്ല.

താബിഉകളിൽ പ്രസിദ്ധരായ അനവധി മുഫസ്സിറുകളുണ്ട്.

മുജാഹിദ് ബ്നു ജബ്ർ, സഈദ് ബ്നു ജുബൈർ, ഇക്‌രിമ, അത്വാഅ് ഇബ്നു അബീറബാഹ്, ഹസനുൽ ബസരി, മസ്റൂഖ്, സഈദ് ബ്നുൽ മുസയ്യിബ്, അബുൽ ആലിയ, റബീഇബ്നു അനസ്, ളഹാക് ബ്നു മുസാഹിം...തുടങ്ങിയവർ അവരിൽ പ്രധാനപ്പെട്ടവരാണ്.

മെഹബൂബ് മദനി, ഒറ്റപ്പാലം

ലേഖനം

# വിശുദ്ധമാസവും വേദഗ്രന്ഥങ്ങളും

**ക്വു**ർആനിൽ പേരെടുത്തു പറഞ്ഞ മുഴുവൻ വേദഗ്രന്ഥങ്ങളുടെയും അവതരണമുണ്ടായത് റമദാനിലായിരുന്നുവെന്ന് നബി(സ്വ) വ്യക്തമാക്കിയതായി ഇമാം അഹ്മദ് അദ്ദേഹത്തിന്റെ മുസ്നദിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ക്വുർആനിൽ പ്രധാനമായും നാല് പ്രവാചകന്മാർക്ക് നൽകിയ ഗ്രന്ഥങ്ങളെക്കുറിച്ചാണ് പരാമർശമുള്ളത്. ദാവൂദ് നബി(അ)ക്ക് നൽകപ്പെട്ട സബൂർ, മൂസാനബി(അ)ക്ക് അവതീർണമായ തൗറാത്ത്, ഈസാനബി(അ)ക്ക് ഇറക്കപ്പെട്ട ഇഞ്ചീൽ, മുഹമ്മദ് നബി(സ്വ)യിലൂടെ ലോകത്തിന് നൽകപ്പെട്ട അന്തിമവേദമായ ക്വുർആൻ എന്നിവയാണവ. ഇബ്റാഹീം നബി(അ)ക്ക് നൽകപ്പെട്ട ഏടുകളെക്കുറിച്ചും ക്വുർആനിൽ പരാമർശമുണ്ട്. ഇവയുടെയെല്ലാം അവതരണത്തിനായി അല്ലാഹു തിരഞ്ഞെടുത്ത മാസമാണ് റമദാൻ!

സബൂർ, തൗറാത്ത്, ഇഞ്ചീൽ, ഇബ്റാഹീം നബി(അ)ക്ക് നൽകപ്പെട്ട ഏടുകൾ എന്നിവയെക്കുറിച്ചുള്ള വിശുദ്ധ വചനങ്ങൾ ഇപ്രകാരം വായിക്കാം: “തീർച്ചയായും നാം തന്നെയാണ് തൗറാത്ത് അവതരിപ്പിച്ചിരിക്കുന്നത്. അതിൽ മാർഗദർശനവും പ്രകാശവുമുണ്ട്” (5:44). “...ദാവൂദിന് നാം സബൂർ നൽകുകയും ചെയ്തിരിക്കുന്നു” (17:55). “സന്മാർഗ നിർദേശവും സത്യപ്രകാശവുമടങ്ങിയ ഇഞ്ചീലും നാം അദ്ദേഹത്തിന് നൽകി” (5:46). “തീർച്ചയായും ഇത് ആദ്യത്തെ ഏടുകളിൽ തന്നെയുണ്ട്, അഥവാ ഇബ്റാഹീമിന്റെയും മൂസായുടെയും ഏടുകളിൽ'' (87:18,19).

വേറെ ചില പ്രവാചകന്മാർക്ക് നൽകിയ വേദങ്ങളെക്കുറിച്ച് പേരെടുത്തു പറയാതെ ക്വുർആൻ പരാമർശിക്കുന്നതായി കാണാം:

“നിങ്ങൾ പറയുക: അല്ലാഹുവിലും, അവങ്കൽ നിന്ന് ഞങ്ങൾക്ക് അവതരിപ്പിച്ചു കിട്ടിയതിലും, ഇബ്റാഹീമിനും ഇസ്മാഈലിനും ഇസ്ഹാകിനും യഅ്ക്വൂബിനും യഅ്ക്വൂബ് സന്തതികൾക്കും അവതരിപ്പിച്ച് കൊടുത്തതിലും, മൂസാ, ഈസാ എന്നിവർക്ക് നൽകപ്പെട്ടതിലും, സർവ പ്രവാചകൻമാർക്കും അവരുടെ രക്ഷിതാവിങ്കൽ നിന്ന് നൽകപ്പെട്ടതി(സന്ദേശങ്ങളി)ലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു...” (2:136).

മുൻകഴിഞ്ഞ വേദങ്ങളെയെല്ലാം സത്യപ്പെടുത്തുന്ന, അവയുടെ ആശയങ്ങളെ കാത്തുസൂക്ഷിക്കുന്ന അല്ലാഹുവിങ്കൽനിന്നുള്ള അവസാന വേദഗ്രന്ഥമാണ് ക്വുർആൻ. അല്ലാഹു പറയുന്നു:

“നിനക്ക് നാം ബോധനം നൽകിയ ഗ്രന്ഥം തന്നെയാകുന്നു സത്യം. അതിന്റെ മുമ്പുള്ളതിനെ (വേദങ്ങളെ) സത്യപ്പെടുത്തുന്നതായിട്ട്. തീർച്ചയായും അല്ലാഹു തന്റെ ദാസൻമാരെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനും കാണുന്നവനുമാകുന്നു” (35:31).

“(നബിയേ,) നിനക്കിതാ സത്യപ്രകാരം വേദഗ്രന്ഥം അവതരിപ്പിച്ച് തന്നിരിക്കുന്നു. അതിന്റെ മുമ്പിലുള്ള വേദഗ്രന്ഥങ്ങളെ ശരിവെക്കുന്നതും അവയെ കാത്തുരക്ഷിക്കുന്നതുമത്രെ അത്...” (5:48).

അബ്ദുല്ലാഹിബ്നു അംറുബ്നുൽ ആസ്(റ)വിൽ നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: “തീർച്ചയായും ക്വുർആനിലെ ഈ ആയത്തിൽ നബി(സ്വ)യെ വിശേഷിപ്പിക്കുന്നത് ഇപ്രകാരമാകുന്നു: ‘(നബിയേ, തീർച്ചയായും നാം നിന്നെ ഒരു സാക്ഷിയും സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീതുകാരനും ആയിക്കൊണ്ട് നിയോഗിച്ചിരിക്കുന്നു).’ അദ്ദേഹം പറഞ്ഞു: “തൗറാത്തിൽ നബി(സ്വ)യെപ്പറ്റി പറഞ്ഞത് (ഇപ്രകാരമാകുന്നു): ‘നബിയേ, തീർച്ചയായും നാം നിന്നെ സാക്ഷിയും സന്തോഷവാർത്ത അറിയിക്കുന്നവനും മുന്നറിയിപ്പുകാരനും നിരക്ഷരർക്ക് സംരക്ഷകനും ആയിക്കൊണ്ട് അയച്ചിരിക്കുന്നു. നീ എന്റെ ദാസനും ദൂതനുമാകുന്നു. നാം നിനക്ക് അൽമുതവക്കിൽ എ



ന്ന് നാമകരണം ചെയ്തിരിക്കുന്നു. നബി (സ്വ) കഠിനഹൃദയനോ പരുഷ സ്വഭാവിയോ അങ്ങാടികളിൽ ബഹളമുണ്ടാക്കുന്നവനോ അല്ല. അദ്ദേഹം തിന്മയെ തിന്മകൊണ്ട് പ്രതിരോധിക്കുകയില്ല. എന്നാൽ പൊറുക്കുകയും വിട്ടുവീഴ്ച ചെയ്യുകയും ചെയ്യും. വളഞ്ഞമാർഗം (കുഫ്റിന്റെ മാർഗം) അദ്ദേഹത്തെക്കൊണ്ട് നേരെയാക്കുംവരെ അല്ലാഹു അദ്ദേഹത്തെ പിടികൂടുക(മരിപ്പിക്കുക)യില്ല. ജനങ്ങൾ 'ലാ ഇലാഹ ഇല്ലല്ലാഹ്' പറയൽ കൊണ്ടാണ് (വളഞ്ഞമാർഗം നേരെയാക്കൽ). അതിലൂടെ (കലിമതുത്തൗഹീദിലൂടെ) അദ്ദേഹം (സത്യത്തിനുമുമ്പിൽ) അന്ധമായ കണ്ണുകളെയും അടഞ്ഞ ചെവികളെയും തുറക്കും" (സ്വഹീഹുൽ ബുഖാരി).

വിശുദ്ധ ക്വുർആൻ അവതരിപ്പിച്ചത് റമദാൻ മാസത്തിലാണെന്ന് അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്: "ജനങ്ങൾക്ക് മാർഗദർശനമായിക്കൊണ്ടും, നേർവഴികാട്ടുന്നതും സത്യവും അസത്യവും വേർതിരിച്ചു കാണിക്കുന്നതുമായ സുവ്യക്ത തെളിവുകളായിക്കൊണ്ടും വിശുദ്ധ ക്വുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു റമദാൻ. അതുകൊണ്ട് നിങ്ങളിൽ ആർ ആ മാസത്തിൽ സന്നിഹിതരാണോ അവർ ആ മാസം വ്രതമനുഷ്ഠിക്കേണ്ടതാണ്..." (2:185).

റമദാൻ മാസത്തിൽ നബി(സ്വ) ക്വുർആൻ പാരായണത്തിനും പഠനത്തിനും ഏറെ പ്രാധാന്യം നൽകിയിരുന്നു. എല്ലാ വർഷവും റമദാനിൽ ജിബ്‌രീൽ(അ) പ്രവാചകസന്നിധിയിലെത്തി അദ്ദേഹത്തിന്റെ ക്വുർആൻ ഹിഫ്ദ് പരിശോധിക്കാറുണ്ടായിരുന്നെന്ന് ഹദീഥുകളിൽ കാണാം.

അല്ലാഹുവിന്റെ വചനങ്ങൾ പാരായണം ചെയ്യുന്നിനും പഠിക്കുന്നതിനും മനഃപാഠമാക്കുന്നതിനും അതിന്റെ ആശയങ്ങൾ ജീവിതത്തിൽ പകർത്തുന്നതിനും സമയം കണ്ടെത്തുന്നവർക്ക് ഉന്നതമായ പ്രതിഫലമാണ് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നത്.

ബുറയ്ദ(റ)വിൽനിന്ന് നിവേദനം. അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: "നിശ്ചയം, വിശുദ്ധ ക്വുർആൻ അതിന്റെ വക്താവിനെ അന്ത്യനാളിൽ അയാളുടെ ക്വബ്ർ പിളരുന്ന വേളയിൽ ക്ഷീണത്താൽ പരവശനായ വ്യക്തിയെ പോലെ കണ്ടുമുട്ടും. ക്വുർആൻ അയാളോട് ചോദിക്കും: 'നിങ്ങൾക്ക് എന്നെ പരിചയമുണ്ടോ?' അയാൾ പറയും: 'ഞാൻ നിന്നെ അറിയില്ല.' ക്വുർആൻ അയാളോട് പറയും: 'പകലുകളിൽ താങ്കളെ ദാഹിപ്പിക്കുകയും രാവുകളിൽ താങ്കളുടെ ഉറക്കം നഷ്ടപ്പെടുത്തുകയും ചെയ്ത താങ്കളുടെ കൂട്ടുകാരനായിരുന്ന ക്വുർആനാണ് ഞാൻ. എല്ലാ കച്ചവടക്കാരും താങ്കളുടെ കച്ചവടത്തിന്റെ പിറകിലായിരിക്കും. താങ്കളാകട്ടെ ഇന്നേദിവസം മറ്റെല്ലാ കച്ചവടത്തിനും പിന്നിലാണ്. അതോടെ 'അൽമുൽക്' അയാളുടെ വലതു കയ്യിലും 'അൽഖുൽദ്' അയാളുടെ ഇടതു കയ്യിലും നൽകപ്പെടും. 'വക്വാറി'ന്റെ കിരീടം അയാളുടെ തലയിൽ ചൂടപ്പെടും. അയാളുടെ മാതാപിതാക്കൾ അന്ത്യനാളിൽ രണ്ട് ഉടയാടകൾ ധരിപ്പിക്കപ്പെടും. പ്രസ്തുത ഉടയാടകൾക്ക് ദുൻയാവിലെ ആളുകൾ കിടയൊക്കില്ല. അപ്പോൾ അവർ ചോദിക്കും: 'ഞങ്ങൾ എന്ത് കാരണത്താലാണ് ഈ ഉടയാടകൾ ധരിപ്പിക്കപ്പെട്ടത്?' അപ്പോൾ പറയപ്പെടും: 'നിങ്ങൾ രണ്ട് പേരുടെയും സന്തതി ക്വുർആൻ പഠിച്ചതിനാലാണ്.' ശേഷം അയാളോട് പറയപ്പെടും: "നീ ക്വുർആൻ പാരായണം ചെയ്യുകയും സ്വർഗീയ ദറജകളിലും അറകളിലും കയറുകയും ചെയ്യുക.' അവൻ പാരായണം ചെയ്യുന്ന സമയത്തോളം കയറിക്കൊണ്ടേയിരിക്കും" (മുസ്നദു അഹ്ദ്).

ക്വുർആൻ അതിന്റെ ആളുകൾക്ക് വേണ്ടി പരലോകത്ത് ശുപാർശ നടത്തുമെന്ന് നബി(സ്വ) അറിയിച്ചിട്ടുണ്ട്. അബീ ഉമാമ അൽബാഹിലി(റ)വിൽ നിന്ന് നി

വേദനം. അല്ലാഹുവിന്റെ റസൂൽ(സ്വ) പറയുന്നതായി കേട്ടു: "നിങ്ങൾ ക്വുർആൻ പാരായണം ചെയ്യുക. കാരണം അത് അന്ത്യനാളിൽ അതിന്റെ ആളുകൾക്ക് ശുപാർശകനായി വരും" (മുസ്‌ലിം).

അബ്ദുല്ലാഹിബ്നു അംറ്(റ)വിൽനിന്ന് നിവേദനം. അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: "നോമ്പും ക്വുർആനും അന്ത്യനാളിൽ അതിന്റെയാളുകൾക്ക് ശുപാർശകരായി വരുന്നതാണ്. നോമ്പ് പറയും: 'നാഥാ! ഞാൻ ഇന്നയാളെ അന്നപാനീയങ്ങളിൽനിന്നും തടഞ്ഞു നിർത്തി. അതിനാൽ ഇയാളുടെ കാര്യത്തിൽ എന്റെ ശുപാർശ സ്വീകരിച്ചാലും.' ക്വുർആൻ പറയും: 'ഞാൻ രാത്രിയിൽ ഇയാളെ ഉറക്കിൽനിന്നും തടഞ്ഞു. അതിനാൽ ഇയാളുടെ കാര്യത്തിൽ എന്റെ ശുപാർശ സ്വീകരിച്ചാലും.' അങ്ങനെ അവ രണ്ടിന്റെയും ശുപാർശ സ്വീകരിക്കപ്പെടുന്നതാണ്" (അഹ്മദ്).

അല്ലാഹു അവതരിപ്പിച്ച വേദഗ്രന്ഥങ്ങളിൽ ഇന്ന് തനതായ രൂപത്തിൽ നിലനിൽക്കുന്ന ഏക ഗ്രന്ഥമായ ക്വുർആൻ പാരായണം ചെയ്യുകയും പഠിക്കുകയും ചെയ്യുന്നവർക്ക് അതിമഹത്തായ പ്രതിഫലമാണ് അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ളത്.

തമീമുദ്ദാരി(റ)വിൽ നിന്ന് നിവേദനം. നബി(സ്വ) പറഞ്ഞു: "ആരെങ്കിലും ഒരു രാത്രി പത്ത് ആയത്തുകൾ ഓതിയാൽ അവന്ന് ഒരു ക്വിൻത്വാർ രേഖപ്പെടുത്തും. ഒരു ക്വിൻത്വാർ എന്നു പറഞ്ഞാൽ അത് ദുൻയാവിനെക്കാളും അതിലുള്ളതിനെക്കാളും ഉത്തമമാണ്. അന്ത്യനാളായാൽ രക്ഷിതാവ് പറയും: 'നീ ഓതുക. ഓരോ ആയത്തിനും ഓരോ പദവി കയറുക'. അയാളുടെ പക്കലുള്ള അവസാന ആയത്തിലേക്ക് എത്തുന്നതുവരെ (അയാൾ കയറിക്കൊണ്ടിരിക്കും). അല്ലാഹു ദാസനോട് പറയും: 'നീ (നിന്റെ കൈകൊണ്ട് പിടിക്കുക'. അപ്പോൾ അടിമ തന്റെ കൈ കാണിച്ച് പറയും: 'അല്ലാഹുവേ, നീയാണ് നന്നായി അറിയുന്നവൻ.' അല്ലാഹു പറയും: 'ഇതുകൊണ്ട് (വലതുകൈകൊണ്ട്) ഖുൽദിനെ പിടിക്കുക. ഇതുകൊണ്ട് (ഇടതുകൈകൊണ്ട്) നഈമിനെ പിടിക്കുക' (ത്വബ്റാനി).

മറ്റൊരു റിപ്പോർട്ടിൽ ക്വുർആനിന്റെ ആളുകളുടെ പദവികളെക്കുറിച്ച് നബി(സ്വ) ഇപ്രകാരം പറഞ്ഞതായി കാണാം: "അന്ത്യനാളിൽ ക്വുർആനിന്റെ വക്താവ് വരും. അപ്പോൾ ക്വുർആൻ പറയും: 'രക്ഷിതാവേ, അദ്ദേഹത്തെ ഉടയാടകൾ അണിയിപ്പിച്ചാലും.' അപ്പോൾ കറാമത്തിന്റെ കിരീടം അയാളെ അണിയിപ്പിക്കും. പിന്നീട് (ക്വുർആൻ) പറയും: 'രക്ഷിതാവേ, അദ്ദേഹത്തിന് വർധിപ്പിച്ച് കൊടുത്താലും.' അപ്പോൾ കറാമത്തിന്റെ ഉടയാട അവന് അണിയിക്കപ്പെടും. പിന്നീട് ക്വുർആൻ പറയും: 'രക്ഷിതാവേ, അദ്ദേഹത്തെ നീ തൃപ്തിപ്പെട്ടാലും.' അപ്പോൾ അല്ലാഹു അവനെ തൃപ്തിപ്പെടും. അങ്ങനെ അവനോട് 'താങ്കൾ ഓതുക, എന്നിട്ട് (സ്വർഗീയ ഉന്നതിയിലേക്ക്) കയറുക' എന്ന് പറയപ്പെടും. ഓരോ ആയത്തിനും നന്മ വർധിപ്പിക്കപ്പെടുകയും ചെയ്യും" (സുനനുത്തിർമിദി).

സബൂർ, തൗറാത്ത്, ഇഞ്ചീൽ, ഇബ്റാഹീം നബി(അ)ക്ക് നൽകപ്പെട്ട ഏടുകൾ എന്നിവയെക്കുറിച്ചുള്ള വിശുദ്ധ വചനങ്ങൾ ഇപ്രകാരം വായിക്കാം: "തീർച്ചയായും നാം തന്നെയാണ് തൗറാത്ത് അവതരിപ്പിച്ചിരിക്കുന്നത്. അതിൽ മാർഗദർശനവും പ്രകാശവുമുണ്ട്" (5:44). "...ദാവൂദിന് നാം സബൂർ നൽകുകയും ചെയ്തിരിക്കുന്നു" (17:55). "സന്മാർഗ നിർദേശവും സത്യപ്രകാശവുമടങ്ങിയ ഇഞ്ചീലും നാം അദ്ദേഹത്തിന് നൽകി" (5:46). "തീർച്ചയായും ഇത് ആദ്യത്തെ ഏടുകളിൽ തന്നെയുണ്ട്, അഥവാ ഇബ്റാഹീമിന്റെയും മൂസായുടെയും ഏടുകളിൽ" (87:18,19).

ഉക്ബതുബ്നു ആമിർ(റ)വിൽനിന്ന് നിവേദനം: 'ഞങ്ങൾ സുഫ്ഫയിലായിരിക്കെ നബി(സ്വ) പുറത്തുവന്നുകൊണ്ട് പറഞ്ഞു: 'നിങ്ങളിൽ ആരെങ്കിലും തെറ്റ് ചെയ്യാതെയും കുടുംബബന്ധം തകർക്കാതെയും എല്ലാദിവസവും രാവിലെ ബുത്ഹാനിലേക്കോ അത്വീക്വിലേക്കോ പോയി വലിയ പൂഞ്ഞയുള്ള രണ്ട് ഒട്ടകങ്ങളെ കൊണ്ടുവരുവാൻ ഇഷ്ടപ്പെടുന്നുണ്ടോ?'. അപ്പോൾ ഞങ്ങൾ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, ഞങ്ങളത് ഇഷ്ടപ്പെടുന്നു.' അപ്പോൾ അവിടുന്ന് പറഞ്ഞു: 'നിങ്ങളിൽ ഒരാൾ രാവിലെ പള്ളിയിലേക്ക് പോകുകയും അല്ലാഹുവിന്റെ ഗ്രന്ഥത്തിൽനിന്ന് രണ്ട് ആയത്തുകൾ പഠിക്കുകയോ അല്ലെങ്കിൽ പാരായണം ചെയ്യുകയോ ചെയ്താൽ അതാണ് അയാൾക്ക് രണ്ട് ഒട്ടകങ്ങളെ കിട്ടുന്നതിനെക്കാളും ഉത്തമമായത്. മൂന്ന് ആയത്തുകൾ പഠിക്കുകയോ അല്ലെങ്കിൽ പാരായണം ചെയ്യുകയോ ചെയ്താൽ അതാണ് അയാൾക്ക് മൂന്ന് ഒട്ടകങ്ങളെ കിട്ടുന്നതിനെക്കാളും ഉത്തമമായത്. നാല് ആയത്തുകൾ പഠിക്കുകയോ അല്ലെങ്കിൽ പാരായണം ചെയ്യുകയോ ചെയ്താൽ അതാണ് അയാൾക്ക് നാല് ഒട്ടകങ്ങളെ കിട്ടുന്നതിനെക്കാളും ഉത്തമമായത്. (പഠിക്കുകയോ പാരായണം ചെയ്യുകയോ ചെയ്യുന്ന) ആയത്തിന്റെ എണ്ണം അനുസരിച്ചായിരിക്കും അവയുടെ (ഒട്ടകങ്ങളുടെ) എണ്ണവും" (മുസ്‌ലിം). ●

അബൂഅമീൻ

ക്വുർആൻ പഠനം

# ക്വുർആൻ അവതരിച്ച മാസം

**"ജനങ്ങൾക്ക് മാർഗദർശനമായിക്കൊണ്ടും, നേർവഴി കാട്ടുന്നതും സത്യവും അസത്യവും വേർതിരിച്ചു കാണിക്കുന്നതുമായ സുവ്യക്ത തെളിവുകളായിക്കൊണ്ടും വിശുദ്ധ ക്വുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു റമദാൻ. അതുകൊണ്ട് നിങ്ങളിൽ ആർ ആ മാസത്തിൽ സന്നിഹിതരാണോ അവർ ആ മാസം വ്രതമനുഷ്ഠിക്കേണ്ടതാണ്" (2:185)**

വിശുദ്ധ റമദാനിന്റെ കാര്യമായ ഒരു പ്രത്യേകത ക്വുർആനവതരണത്തിന് തുടക്കം കുറിച്ച മാസമാണത് എന്നതാണ്. കാരുണ്യവും അനുഗ്രഹവുമായി അല്ലാഹു അവതരിപ്പിച്ച സന്ദേശങ്ങളുടെ സമാഹാരമാണ് ക്വുർആൻ. മനുഷ്യരുടെ രക്ഷക്കും ഉന്നമനത്തിനുമുള്ള മാർഗനിർദേശങ്ങളാണതിലുള്ളത്. ആ സന്ദേശങ്ങളവതരിപ്പിച്ച സൃഷ്ടികർത്താവിനോടുള്ള നന്ദിസൂചകമായിട്ടാണ് പ്രവാചക മാതൃകയനുസരിച്ച് റമദാൻ മാസത്തിൽ വിശ്വാസികൾ നോമ്പനുഷ്ഠിക്കുന്നത്.

പകലന്തിയോളം അന്നപാനീയങ്ങളൊഴിവാക്കി ഇച്ഛയെയും വികാരങ്ങളെയും നിയന്ത്രിച്ചുകൊണ്ടാണ് നോമ്പനുഷ്ഠിക്കേണ്ടത്. അല്ലാഹുവും പ്രവാചകൻ(സ്വ) പഠിപ്പിച്ചതു പ്രകാരമാണ് നോമ്പും മറ്റു കർമങ്ങളും അനുഷ്ഠിക്കേണ്ടത്. വ്രതത്തോടൊപ്പം ക്വുർആനിന്റെ മഹത് സന്ദേശങ്ങളെ അടുത്തറിയാനും ആഴത്തിൽ പഠിക്കാനും ചിന്തിക്കാനുമൊക്കെ ഈ മാസത്തിൽ പ്രത്യേകം ശ്രദ്ധവെക്കാൻ സാധിക്കേണ്ടതുണ്ട്. ജീവിതത്തിന്റെ നിരവധി പ്രശ്നങ്ങളിൽ പ്രയാസപ്പെടുന്നവർക്ക് ആശ്വാസവും കാരുണ്യവുമാണ് ക്വുർആൻ. അധാർമികതയുടെ കൂരിരുട്ടിൽ തപ്പിത്തടഞ്ഞു ധാർമികതയുടെ വെളിച്ചമന്വേഷിക്കുന്നവർക്ക് തീർച്ചയായും ക്വുർആൻ വെളിച്ചം തന്നെയാണ്. ശാരീരികവും മാനസികവുമായ ഒട്ടനവധി രോഗങ്ങളും വേദനകളും അനുഭവിക്കുന്നവർക്ക് ശമനൗഷധവുമാണ് ക്വുർആൻ. ഇതൊക്കെ ക്വുർആനിന്റെ കേവല അവകാശവാദങ്ങളല്ല. അതൊന്ന് മനസ്സിരുത്തി വായിക്കുന്ന, മുൻവിധി കൂടാതെ പഠന-മനന-ഗവേഷണങ്ങൾക്ക് സന്നദ്ധരാകുന്ന ആർക്കും ബോധ്യപ്പെടുന്ന സംഗതികളാണിത്.

പഠിക്കാനും ചിന്തിക്കാനും പല പ്രാവശ്യം ഉണർത്തുന്ന ക്വുർആൻ അത് പഠന-ഗവേഷണങ്ങൾക്ക് സാധ്യമാകും വിധം എളുപ്പമാക്കിയിരിക്കുന്നുവെന്ന് ആവർത്തിച്ചാവർത്തിച്ച് സന്തോഷവാർത്തയറിയിക്കുന്നു.

"തീർച്ചയായും ആലോചിച്ചു മനസ്സിലാക്കാൻ ക്വുർആൻ നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ ആലോചിച്ചു മനസ്സിലാക്കുന്നവരായി ആരെങ്കിലുമുണ്ടോ?" (54:17).

ക്വുർആൻ പാരായണം ചെയ്യുന്നതിനും പഠിക്കുന്നതിനുമൊക്കെ മഹത്തായ പ്രതിഫലങ്ങളുണ്ടെന്ന് നബി(സ്വ) അറിയിച്ചിട്ടുണ്ട്. അതിന്റെ വചനങ്ങൾ ശ്രദ്ധിച്ചുകേൾക്കുന്നതും ആശയം ഗ്രഹിക്കുന്നതുമൊക്കെ ദൈവികാനുഗ്രഹത്തിന് നിമിത്തമാകുന്നു.

"ക്വുർആൻ പാരായണം ചെയ്യപ്പെട്ടാൽ നിങ്ങളത് ശ്രദ്ധിച്ച് കേൾക്കുകയും നിശ്ശബ്ദത പാലിക്കുകയും ചയ്യുക.നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കാം"(7:204).

ക്വുർആനുമായി എത്രകണ്ട് അകന്ന ജീവിതമാണോ ഒരാൾക്കുള്ളത് അത്രകണ്ട് പിശാചിന്റെ ചങ്ങാത്തമായിരിക്കും അയാൾക്കുണ്ടാവുക: "പരമകാരുണികന്റെ ഉൽബോധനത്തിന്റെ നേർക്ക് വല്ലവനും അന്ധത നടിക്കുന്ന പക്ഷം അവന്നു നാം ഒരു പിശാചിനെ ഏർപെടുത്തികൊടുക്കും. എന്നിട്ട് അവൻ (പിശാച്) അവന്ന് കൂട്ടാളിയായിരിക്കും"(43:36).

അത്തരക്കാർക്ക് നിരാശയും നഷ്ടബോധവും പരലോകത്ത് വരാനിരിക്കുന്നുണ്ടെന്നും കാരുണ്യത്തിന്റെ പ്രവാചകൻ പോലും അവർക്കെതിരിൽ നാളെ സംസാരിക്കുമെന്നും ക്വുർആൻ നമ്മെ താക്കീത് ചെയ്യുന്നു:

"അക്രമം ചെയ്തവൻ തന്റെ കൈകൾ കടിക്കുന്ന ദിവസം. അവൻ പറയും റസൂലിന്റെ കൂടെ ഞാനൊരു മാർഗം സ്വീകരിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ, എന്റെ കഷ്ടമേ! ഇന്ന ആളെ ഞാൻ സുഹൃത്തായി സ്വീകരിച്ചിട്ടില്ലായിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ. എനിക്ക് ബോധനം വന്നുകിട്ടിയതിന് ശേഷം അതിൽനിന്നവൻ എന്നെ തെറ്റിച്ചുകളഞ്ഞുവല്ലോ പിശാച് മനുഷ്യനെ കൈവിട്ടുകളയുന്നവനാകുന്നു"(25:27-29).

സഅ്ഫർ സ്വാദിക് മദീനി

ലേഖനം

# ക്വുർആൻ പഠനത്തിന്റെ ശ്രേഷ്ഠത

**ലോ**കത്തിലെ ഉൽകൃഷ്ടമായ ജീവിയാണ് മനുഷ്യൻ. ആ മനുഷ്യൻ ജീവിക്കേണ്ടത് അവനെ സൃഷ്ടിച്ച രക്ഷിതാവിന്റെ നിയമങ്ങൾക്ക് വിധേയമായിട്ടാണ്. ദൈവിക നിയമങ്ങൾ കാലാകാലങ്ങളിൽ മനുഷ്യർക്കെത്തിക്കുവാനായി പ്രവാചകന്മാരെയും അവരോടൊപ്പം വേദഗ്രന്ഥങ്ങളും അല്ലാഹു അയക്കുകയുണ്ടായി. പ്രവാചക ശൃംഖലയിലെ അവസാനത്തെ കണ്ണിയാണ് മുഹമ്മദ് നബി(സ്വ). അദ്ദേഹത്തിലൂടെ ലോകർക്കു വേണ്ടി അല്ലാഹു അവതരിപ്പിച്ചിട്ടുള്ള വേദഗ്രന്ഥമാണ് വിശുദ്ധ ക്വുർആൻ. ദൈവികമാണെന്ന് സ്വയം പ്രഖ്യാപിക്കുന്ന ഏകഗ്രന്ഥം. പതിനാല് നൂറ്റാണ്ടിലേറെയായി യാതൊരു മാറ്റത്തിരുത്തലും കൂടാതെ നിലനിൽക്കുന്ന ഏക വേദഗ്രന്ഥം. അവസാന നാൾ വരെ നിലനിൽക്കുന്ന മാർഗദർശക ഗ്രന്ഥം. സകല സത്യത്തിലേക്കും വഴിനടത്തുന്ന ഗ്രന്ഥം. ലോകർക്ക് നീതിയെന്ത് അനീതിയെന്ത് എന്ന് പഠിപ്പിച്ച വിശുദ്ധഗ്രന്ഥം.

വിശുദ്ധ ക്വുർആൻ പഠിക്കുകയും അതുൾകൊള്ളുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്യേണ്ടത് ഓരോ മനുഷ്യന്റെയും ബാധ്യതയാണ്. വിശുദ്ധ ക്വുർആൻ എന്താണ്, അതിലുൾകൊള്ളുന്ന ആശയങ്ങൾ എന്തെല്ലാമാണ് തുടങ്ങിയ കാര്യങ്ങൾ ഓരോരുത്തരും മനസ്സിലാക്കേണ്ടതുണ്ട്. വിശുദ്ധ ക്വുർആൻ പഠിക്കുന്നതിന്റെയും പാരായണം ചെയ്യുന്നതിന്റെയും ശ്രേഷ്ഠതയാണ് ഈ ലേഖനത്തിലൂടെ വിവരിക്കുന്നത്.

**ഏറ്റവും ശരിയായതിലേക്ക് വഴികാണിക്കുന്നു.**

വിശുദ്ധ ക്വുർആൻ പഠിക്കുകയും അത് ജീവിതത്തിൽ പകർത്തുകയും ചെയ്യുകയാണെങ്കിൽ ഏറ്റവും ശരിയായ പാതയിലൂടെ സഞ്ചരിക്കുവാൻ സാധിക്കുന്നു. അല്ലാഹു പറയുന്നു: “തീർച്ചയായും ഈ ക്വുർആൻ ഏറ്റവും ശരിയായതിലേക്ക് വഴികാണിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് വലിയ പ്രതിഫലമുണ്ട് എന്ന് സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു” (17:9).

**ഏറ്റവും ഉത്തമർ**

വിശുദ്ധ ക്വുർആൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവരാണ് അല്ലാഹുവിന്റെയടുത്ത് ഏറ്റവും ഉത്തമർ. പ്രവാചകൻ(സ) പറയുന്നു: “നിങ്ങളിൽ ഏറ്റവും ഉത്തമർ ക്വുർആൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവരാകുന്നു” (ബുഖാരി).

**ക്വുർആൻ ശുപാർശ ചെയ്യും**

വിശുദ്ധക്വുർആൻ പാരായണം ചെയ്യുന്നവർക്ക് പരലോകത്ത് ക്വുർആൻ അല്ലാഹുവിനോട് ശുപാർശ ചെയ്യുന്നതാണ്. പ്രവാചകൻ(സ്വ) പറയുന്നു: “നിങ്ങൾ ക്വുർആൻ പാരായണം ചെയ്യുക. കാരണം അവസാന നാളിൽ അത് പാരായണം ചെയ്തവർക്ക് വേണ്ടി ശുപാർശ ചെയ്യുന്നതാണ്” (മുസ്‌ലിം).

**പ്രയാസപ്പെട്ട് പാരായണം ചെയ്യുന്നവർക്ക്**

**രണ്ട് പ്രതിഫലം**

വിശുദ്ധക്വുർആൻ ഇറങ്ങിയ ഭാഷയായ അറബി പഠിക്കുവാൻ ഓരോ മുസ്‌ലിമും പരിശ്രമിക്കേണ്ടതുണ്ട്. കാരണം ക്വുർആനിന്റെ യഥാർഥ ആശയവും അർഥവും അറബി പഠിച്ചാലേ മനസ്സിലാക്കുവാൻ കഴിയുകയുള്ളൂ. അങ്ങനെ അറബി പഠിച്ച് വരുന്ന ഒരാൾ അക്ഷരങ്ങൾ ഓരോന്നും കൂട്ടിയോജിപ്പിച്ച്കൊണ്ട് തപ്പിത്തടഞ്ഞ് ക്വുർആൻ പാരായണം ചെയ്യുക




യാണെങ്കിൽ അവന് രണ്ട് പ്രതിഫലമുണ്ടെന്നാണ് പ്രവാചകൻ(സ്വ) പറയുന്നത്: "വളരെ ബുദ്ധിമുട്ടിക്കൊണ്ട് തപ്പിടഞ്ഞ് ക്വുർആൻ പാരായണം ചെയ്യുകയാണെങ്കിൽ അവന് രണ്ട് പ്രതിഫലമുണ്ട്" (ബുഖാരി, മുസ്‌ലിം).

**ക്വുർആൻ പാരായണം ചെയ്യുന്നവന്റെ ഉപമ**

ക്വുർആൻ പാരായണം ചെയ്യുന്ന വിശ്വാസികളെ പ്രവാചകൻ(സ്വ) ഉപമിക്കുന്നത് ശ്രദ്ധിക്കുക: "ക്വുർആൻ പാരായണം ചെയ്യുന്ന സത്യവിശ്വാസിയുടെ ഉപമ നല്ല വാസനയും സ്വാദുമുള്ള മാദള നാരങ്ങയെ പോലെയാണ്. ക്വുർആൻ പാരായണം ചെയ്യാത്ത വിശ്വാസിയുടെ ഉപമ വാസനയില്ലാത്ത മാധുര്യമുള്ള കാരക്കയെ പോലെയാണ്. ക്വുർആൻ പാരായണം ചെയ്യുന്ന കപട വിശ്വാസിയുടെ ഉപമ നല്ല വാസനയുള്ള കയ്പുരസമുള്ള റൈഹാനയെ പോലെയാണ്. ക്വുർആൻ പാരായണം ചെയ്യാത്ത കപടവിശ്വാസിയുടെ ഉപമ വാസനയില്ലാത്ത കയ്പുരസമുള്ള ആട്ടങ്ങ പോലെയാണ്" (ബുഖാരി, മുസ്‌ലിം).

**ഒരു അക്ഷരത്തിന് പത്ത് കൂലി**

ക്വുർആൻ പാരായണം ചെയ്യുന്നത് അല്ലാഹുവിന്റെയടുത്ത് വളരെ പുണ്യമുള്ള കാര്യമാണ്. പ്രവാചകൻ(സ) പറയുന്നു: "ആരെങ്കിലും ക്വുർആനിൽ നിന്ന് ഒരു അക്ഷരം പാരായണം ചെയ്താൽ അവന് ഒരു നന്മയുണ്ട്. ഓരോ നന്മയും പത്ത് നന്മപോലെയാണ്. അലിഫ്-ലാം-മീം എന്നത് ഞാൻ ഒരു അക്ഷരമാണെന്ന് പറയുന്നില്ല. അലിഫ് ഒരു അക്ഷരം, ലാം മറ്റൊരു അക്ഷരവും, മീം മറ്റൊരു അക്ഷ രവുമാകുന്നു" (ദാരിമി, തിർമിദി).

**വീടുകളെ ക്വബ്റിടങ്ങളാക്കാതിരിക്കുക**

വീടുകളിൽ വെച്ച് ക്വുർആൻ പഠിക്കുകയും പാരായണം ചെയ്യുകയും ചെയ്യേണ്ടതുണ്ട്. എന്നാൽ ക്വബ്റിടങ്ങളിൽ ക്വുർആൻ പാരായണം ചെയ്യുന്നത് പ്രവാചകൻ(സ) വിലക്കിയിട്ടുണ്ട്. തിരുമേനി(സ്വ) പറയുന്നു: "നിങ്ങൾ നിങ്ങളുടെ വീടുകളെ ക്വബ്റിടങ്ങളാക്കരുത്. സൂറത്തുൽ ബക്വറ പാരായണം ചെയ്യുന്ന വീടുകളിൽ നിന്ന് പിശാച് വിരണ്ടോടുന്നതാണ്" (മുസ്‌ലിം).

**രാത്രി മുഴുവനും സുരക്ഷ**

പ്രവാചകതിരുമേനി(സ്വ) പറയുന്നു: "ആരെങ്കിലും അൽബക്വറ സൂറത്തിലെ അവസാനത്തെ രണ്ട് സൂക്തങ്ങൾ രാത്രിയിൽ പാരായണം ചെയ്യുകയാണെങ്കിൽ അവനത് മതിയാകുന്നതാണ്" (ബുഖാരി, മുസ്‌ലിം).

**ക്വുർആനിലെ ഏറ്റവും ശ്രേഷ്ഠമായ അധ്യായം**

റാഫിഅ്ബ്നു മുഅല്ലാ(റ)വിൽ നിന്ന്: തിരുമേനി(സ) അദ്ദേഹത്തോട് പറയുകയുണ്ടായി: "നീ പള്ളിയിൽ നിന്ന് പുറത്ത്പോകുന്നതിനു മുമ്പ് ക്വുർആനിലെ ഏറ്റവും ശ്രേഷ്ഠമായ സൂറത്ത് നിനക്ക് ഞാൻ പഠിപ്പിച്ച് തരട്ടെയോ?" എന്നിട്ട് എന്റെ കൈപിടിക്കുകയുണ്ടായി. അങ്ങനെ പുറത്ത് പോകുവാൻ ഉദ്ദേശിച്ചപ്പോൾ ഞാൻ ചോദിച്ചു: "പ്രവാചകരേ, ക്വുർആനിലെ ഏറ്റവും ശ്രേഷ്ഠമായ സൂറത്ത് പഠിപ്പിച്ച് തരാമെന്ന് താങ്കൾ പറഞ്ഞല്ലോ?" അപ്പോൾ നബി(സ്വ) പറഞ്ഞു: "അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ. അത് ഏഴ് ആയത്തുകളാണ്"(ബുഖാരി).

**ക്വുർആനിലെ ഏറ്റവും ശ്രേഷ്ഠമായ സൂക്തം**

പ്രവാചകൻ(സ്വ) അബൂമുൻദിറി(റ)നോട് പറയുന്നു: "അബൂമുൻദിർ, നിനക്ക് ക്വുർആനിലെ ഏറ്റവും ശ്രേഷ്ഠമായ ആയത്തേതാണെന്ന് അറിയുമോ?" അപ്പോൾ ഞാൻ ആയത്തുൽ കുർസിയ്യ് ഓതിക്കൊടുത്തു. അന്നേരം പ്രവാചകൻ(സ്വ) എന്റെ നെഞ്ചിൽ തടവിക്കൊണ്ട് എനിക്ക് ആശംസകളർപ്പിക്കുകയുണ്ടായി" (മുസ്‌ലിം).

**മുഅവ്വിദതൈനിയുടെ ശ്രേഷ്ഠത**

ആഇശ(റ)യിൽ നിന്നും നിവേദനം: "പ്രവാചകന് വല്ല രോഗവും ബാധിക്കുകയാണെങ്കിൽ മുഅവ്വിദതൈനി ഓതുകയും ശരീരത്തിൽ തടവുകയും ചെയ്യുമായിരുന്നു. അദ്ദേഹത്തിന് രോഗം കഠിനമായപ്പോൾ ഞാൻ മുഅവ്വിദതൈനി ഓതി അദ്ദേഹത്തിന്റെ കൈകളിൽ ഊതി അവിടുത്തെ ശരീരം മുഴുവനും തടവിയിരുന്നു" (ബുഖാരി).

**ദജ്ജാലിന്റെ ഫിത്നയിൽ നിന്നും സംരക്ഷണം**


നബി(സ്വ) പറയുന്നു: "ആരെങ്കിലും സൂറത്തുൽ കഹ്ഫിലെ ആദ്യത്തെ പത്ത് സൂക്തങ്ങൾ മനഃപാഠമാക്കുകയാണെങ്കിൽ അവന് ദജ്ജാലിൽ നിന്നും സംരക്ഷണം ലഭിക്കുന്നതാണ്." മറ്റൊരു റിപ്പോർട്ടിൽ 'സൂറത്തുൽ കഹ്ഫിലെ അവസാന പത്ത് ആയത്ത്' എന്നാണുള്ളത് (മുസ്‌ലിം).

**ക്വബ്ർ ശിക്ഷയിൽ നിന്നും സംരക്ഷണം**

നബി(സ്വ) പറയുന്നു: "തബാറക എന്ന സൂറത്ത് ക്വബ്ർ ശിക്ഷയിൽ നിന്നും സംരക്ഷണം നൽകുന്നു" (ഹാകിം, ബൈഹകി).

**ക്വുർആനിന്റെ മൂന്നിലൊന്ന്:**

വിശുദ്ധ ക്വുർആനിന്റെ മൂന്നിലൊന്ന് എന്ന പേരിൽ അറിയപ്പെടുന്ന ഒരു സൂറത്ത് ഉണ്ട്. അതിനെ സംബ



ന്ധിച്ച് നബി(സ്വ) പറയുന്നു: "ക്വുൽ ഹുവല്ലാഹു അഹദ്... അല്ലാഹു തന്നെയാണ് സത്യം; തീർച്ചയായും അത് ക്വുർആനിന്റെ മൂന്നിലൊന്നിന് സമമാണ്" (ബുഖാരി).

**സ്വർഗത്തിലൊരു ഭവനം**

മുആദ്ബ്നുഅനസ്(റ) വിൽ നിന്നും നിവേദനം: റസൂൽ(സ) പറയുന്നു: "ആരെങ്കിലും ക്വുൽ ഹുവല്ലാഹു അഹദ് എന്ന സൂറത്ത് പത്ത് പ്രാവശ്യം പാരായണം ചെയ്യുകയാണെങ്കിൽ അല്ലാഹു അവന് സ്വർഗത്തലൊരു ഭവനം നിർമിച്ച് കൊടുക്കുന്നതാണ്" (അഹ്മദ്)

**സ്വർഗത്തിന്റെ പാതയിൽ**

അബൂഹുറയ്റ(റ)വിൽ നിന്ന്: പ്രവാചകൻ(സ്വ) പറഞ്ഞു: "ആരെങ്കിലും വിജ്ഞാനം അന്വേഷിച്ച് പുറപ്പെടുകയാണെങ്കിൽ അല്ലാഹു അവന്ന് സ്വർഗത്തിലേക്കുള്ള പാത എളുപ്പമാക്കി കൊടുക്കുന്നതാണ്. അല്ലാഹുവിന്റെ ഭവനമായ പള്ളിയിൽ ഒരു വിഭാഗം ആളുകൾ ഒരുമിച്ച് കൂടി അവന്റെ ഗ്രന്ഥം പാരായണം ചെയ്യുകയും അത് പഠിക്കുകയും ചെയ്താൽ അവർക്ക് അല്ലാഹുവിന്റെ സമാധാനം ഇറങ്ങാതിരിക്കില്ല തന്നെ. അവരെ കാരുണ്യം പൊതിയുകയും മലക്കുകൾ വലയം ചെയ്യുകയും അല്ലാഹു അവന്റെയടുത്തുള്ളവരോട് അവരെപ്പറ്റി പറയുകയും ചെയ്യുന്നതാണ്. കർമങ്ങളിൽ പിന്തി നിന്നയാളുകളെ അവരുടെ തറവാട് മുൻകടത്തുകയില്ല" (മുസ്ലിം).

സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം ക്വുർആൻ പാരായണം ചെയ്യുന്നതോടൊപ്പം അത് പഠിക്കുകയും ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യണം. വിശുദ്ധക്വുർആനിനുസരിച്ച് ജീവിതം ക്രമീകരിച്ചത് കൊണ്ടാണ് പ്രവാചകാനുയായികൾ അല്ലാഹുവിന്റെ ഇഷ്ടത്തിനും, ഉത്തമസമുദായമെന്ന പ്രവാചക പ്രശംസക്കും പാത്രമായത്. ആയതിനാൽ അല്ലാഹുവിനെയും പ്രവാചകനെയും സ്വഹാബികളെയും സ്നേഹിക്കുന്നവർ ക്വുർആൻ പഠിക്കുവാനും ജീവിതത്തിൽ പകർത്തുവാനും സന്നദ്ധരാവുക. അതിന്ന് സാധ്യമാവുന്ന എല്ലാ അവസരങ്ങളും ഉപയോഗപ്പെടുത്തുക.

ക്വുർആൻ അറബിയിലാണ് അവതീർണമായത്. അതുകൊണ്ട് തന്നെ അറബി വ്യാകരണവും ഉച്ചാരണ നിയമങ്ങളും പാലിച്ച് കൊണ്ടാണ് വിശുദ്ധ ക്വുർആൻ പാരായണം ചെയ്യേണ്ടത്. വിശുദ്ധ ക്വുർആൻ മനഃപാഠമാക്കലും വളരെ പുണ്യമുള്ള കാര്യമാണ്. ക്വുർആൻ കാണാതെ പഠിക്കുവാൻ വളരെ എളുപ്പമാണ്. അത് കുറച്ച് പ്രാവശ്യം ആവർത്തിച്ച് വായിച്ചാൽ തന്നെ മനഃപാഠമാകും. അല്ലാഹു പറയുന്നു: "വിശുദ്ധ ക്വുർആനെ നീ ജനങ്ങൾക്ക് സാവകാശം (നിറുത്തി നിറുത്തി) ഓതിക്കേൾപ്പിക്കത്തക്കവിധം ഖണ്ഡങ്ങളും അധ്യായങ്ങളുമായി നാം വകതിരിച്ചിരിക്കുന്നു. ഒരു പ്രത്യേക ക്രമത്തിലത്രെ അതിനെ നാം അവതരിപ്പിച്ചിട്ടുള്ളത്" (ഇസ്റാഅ്:106). നമ്മുടെ കുട്ടികളെ ക്വുർആൻ മനഃപാഠമാക്കുന്നവരാക്കി മാറ്റുക. അത് പരലോകത്ത് നമുക്ക് ഒരു മുതൽക്കൂട്ടായി മാറും. നമ്മുടെ നാടുകളിൽ ഒരുപാട് സ്ഥാപനങ്ങൾ കുട്ടികൾക്ക് ക്വുർആൻ ഹിഫ്ളാക്കുവാനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. അത് നാം ഉപയോഗപ്പെടുത്തുക. അല്ലാഹു അനുഗ്രഹിക്കുമാറാവട്ടെ. ●

വിശുദ്ധക്വുർആനിനുസരിച്ച് ജീവിതം ക്രമീകരിച്ചത് കൊണ്ടാണ് പ്രവാചകാനുയായികൾ അല്ലാഹുവിന്റെ ഇഷ്ടത്തിനും, ഉത്തമസമുദായമെന്ന പ്രവാചക പ്രശംസക്കും പാത്രമായത്.

പി.എൻ. അബ്ദുല്ലത്വീഫ് മദനി

ഓർമ



# ഗതകാലത്തെ നോമ്പോർമകൾ

ഒരു റമദാൻ കൂടി ആഗതമായിരിക്കുന്നു. ലോകമെങ്ങും മുസ്‌ലിംകൾ ഭയഭക്തിയോടുകൂടി വ്രതമനുഷ്ഠിച്ചു തുടങ്ങി.

കേരളത്തിലെ നോമ്പനുഭവങ്ങൾ ഓർത്തെടുക്കുമ്പോൾ കൗതുകകരമായ പലതും മനോമുകുരത്തിൽ തെളിയുകയാണ്. വ്രത വൃത്താന്തവുമായി മാസപ്പിറവി പടികടന്നെത്തും മുമ്പ് തന്നെ മുസ്‌ലിം വീടുകൾ 'നനച്ചുകുളി'യെന്ന ശുദ്ധീകരണ പ്രക്രിയയിലേർപ്പെടും! സകല വീട്ടുപകരണങ്ങളും നമസ്‌കാരപ്പായയും നമസ്‌കാരക്കുപ്പായവുമെല്ലാം കഴുകി വൃത്തിയാക്കുന്നതിൽ സ്ത്രീകൾ വ്യാപൃതരാവും. സമ്പന്നർ വീടിന് പുതിയ പെയിന്റടിക്കും. ആണ്ടിലൊരിക്കൽ കടന്നുവരുന്ന അതിഥിയെ സ്വീകരിക്കാൻ വല്ലാത്തൊരു ആവേശമായിരിക്കും എല്ലാവർക്കും. ആന്തരിക വിശുദ്ധിയുടെ വ്രതം കടന്നുവരുന്നതിന് മുമ്പ് ബാഹ്യശുദ്ധീകരണത്തിന്റെ തത്രപ്പാട്!

നോമ്പൊരു കൗതുകമായി തീരുന്നത് കൊച്ചുകുട്ടികളിലാണ്. നമസ്‌കാരം പോലും മുറക്ക് ശീലിക്കുന്നതിനു മുമ്പ് അവരിൽ പലരും നോമ്പെടുത്തു തുടങ്ങും! അവരുടെ അത്താഴത്തിന് ആരെങ്കിലും 'കത്തി' വെച്ചാൽ നേരം പുലരുമ്പോൾ വിവരമറിയും! അത്താഴത്തിനുണർത്താത്തതിന്റെ പേരിൽ പരിഭവങ്ങളുടെ പെരുമഴയാണ് പിന്നെ. ചിലപ്പോൾ ആ പകൽ മുഴുവൻ അന്നം കഴിക്കാതെ പ്രതിഷേധിച്ച് കളയും കൊച്ചുപയ്യന്മാർ! ഈ ചെറുപ്പകാല ശീലങ്ങൾ വളരുന്ന തലമുറയിൽ മതനിഷ്ഠകളോട് വലിയ പ്രതിപത്തി പരിരക്ഷിച്ച് വന്നിരുന്നു.

നോമ്പും നമസ്‌കാരവും വലിയ ആത്മ ബന്ധം പുലർത്തുന്ന രണ്ടു ആരാധനകളാണ്. നോമ്പ് നോൽക്കുന്നവർ -കുട്ടികളടക്കം- നമസ്‌കാര കാര്യങ്ങളിൽ കൂടുതൽ ബദ്ധശ്രദ്ധരാവുന്നു. പള്ളികൾ പൂർവാഹ്ന സമാരംഭത്തോടെ സജീവമാകും. ക്വുർആൻ പാരായണത്തിന്റെ ശാന്തഗംഭീരമായ അലയടികൾ ഉയരും. ക്വുർആന്റെ താളുകളിൽ നിന്ന് അക്ഷരങ്ങൾ പെറുക്കിയെടുത്ത് കൂട്ടിഘടിപ്പിച്ച് ഉരുവിടുവാൻ സാഹസപ്പെടുന്നവർ റമദാനിലെ ഒരു പതിവ് കാഴ്ചയാണ്. ക്വുർആൻ പാരായണം യഥാവിധം പഠിക്കാനാവാത്തതിൽ ഖിന്നതയുണ്ടെങ്കിലും റമദാനിൽ പള്ളികളിൽ തമ്പടിക്കുന്ന പരിവട്ടത്തോടൊപ്പം ഓതിത്തീർക്കുമ്പോൾ അവരുടെ ഉൾഭയം മാറിയിരിക്കും. ക്വുർആൻ പാരായണത്തിന്റെ അവാച്യമായ ഒരാസ്വാദ്യത അത്തരക്കാർക്ക് അനുഭവപ്പെടും.

നോമ്പുതുറകളാണ് മുസ്‌ലിം വീടുകളിലും പള്ളികളിലുമെല്ലാം ഏറ്റവും സന്തോഷകരമായ നിമിഷങ്ങൾ സമ്മാനിച്ചിരുന്നത്. ആദിത്യൻ പടിഞ്ഞാറെ മാനത്തിന് ചെഞ്ചായം പൂശി യാത്രയാകുമ്പോൾ കുട്ടികൾ കാരക്കയും കൈയിൽ പിടിച്ച് ബാങ്കൊലി കേൾക്കാൻ കാതോർത്തിരിക്കും. "അല്ലാഹു അക്ബർ...അല്ലാഹു അക്ബർ" മഗ്‌രിബ് ബാങ്കിന്റെ ആദ്യവചനങ്ങൾ ഏത് ചെകിടനും കേട്ട് പോകും! കുട്ടിക്കാലത്ത് നോമ്പ് തുറക്കാൻ അപൂർവമായി കിട്ടിയിരുന്ന കാരക്ക ചീന്തി കഷണങ്ങളാക്കി വീട്ടംഗങ്ങൾക്ക് വിതരണം ചെയ്ത് നോമ്പ് തുറക്കുന്ന ആ വറുതിയുടെ കാലമൊക്കെ വിസ്മൃതിയിലായി. ഇന്ന് കേരളീയ തീൻമേശകളെ അലങ്കരിക്കുന്ന വിഭവപ്പെരുമകൾ വ്രതത്തിന്റെ പ്രഭ കെടുത്തുന്നുവോ എന്ന് ആ

ശമീർ മുണ്ടേരി

ലേഖനം

# ചില നോമ്പുകാർ ഇങ്ങനെയാണ് !

**ചി**ലർക്ക് റമദാൻ മാസം വരുന്നത് വെറുപ്പാണ്. അതു പെട്ടെന്ന് കഴിഞ്ഞുപോയെങ്കിൽ എന്നവർ വിചാരിക്കുന്നു. അത് വരുമ്പോൾ സന്തോഷിക്കുന്നവരുടെ കൂട്ടത്തിൽ അവരെ കാണില്ല. അതിന്റെ ശ്രേഷ്ഠതകൾക്കും അനുഗ്രങ്ങൾക്കും അവരുടെ മനസ്സിൽ സ്ഥാനമില്ല.

അവർ അതിനെ സ്വീകരിക്കുന്നത് വേദനയോടെയും ഖേദത്തോടയുമാണ്. നോമ്പ് കാരണം അവർ അല്ലാഹുവിനും ജനങ്ങൾക്കുമെതിരായി പ്രവർത്തിക്കുന്നു. ഈ അവസ്ഥയിലുള്ളവർക്ക് പെട്ടെന്ന് ദേഷ്യം പിടിക്കും. ഈ പ്രവർത്തനങ്ങൾ നോമ്പിന്റെ യുക്തിക്കെതിരാണ്. മഹാന്മാരായ മുൻഗാമികളുടെ ചര്യക്കെതിരാണ്. അവർ റമദാൻ വരുമ്പോൾ  സന്തോഷിക്കുമായിരുന്നു. അവർ റമദാൻ അല്ലാത്തപ്പോഴും ഓരോ ആഴ്ചയിലും ചില ദിവസങ്ങളിൽ നോമ്പ് അനുഷ്ഠിച്ചിരുന്നു.  മാസത്തിലെ ചില ദിവസങ്ങളിൽ അതു മുഖേന രക്ഷിതാവിലേക്ക് അടുത്തിരുന്നു. സത്യസന്ദേശം എത്തിക്കാൻ ശ്രമിച്ചിരുന്നു. വിശിഷ്ടവും മാന്യവുമായ ജീവിതം നയിച്ചിരുന്നു.

ലോകത്തെ ബഹുദൈവ വിശ്വാസത്തിൽ നിന്നും അക്രമത്തിൽ നിന്നും പരിശുദ്ധമാക്കിയ ആ സച്ചരിതരായ മുൻഗാമികളുടെ അവസ്ഥ വെച്ചു നോക്കുമ്പോൾ റമദാൻ മാസത്തെ വെറുക്കുന്ന ഇക്കൂട്ടർ എവിടെ കിടക്കുന്നു!

റമദാൻ മാസത്തെ സന്തോഷത്തോടും ആഗ്രഹത്തോടും കൂടി സ്വീകരിക്കൽ മുസ്ലിമിന് നിർബന്ധമാണ്. നോമ്പ് നോൽക്കുമെന്നും രാത്രി നമസ്ക്കരിക്കുമെന്നും റമദാൻ മാസത്തെ സൽകർമങ്ങൾ കൊണ്ട് നിറക്കുമെന്നും ഉറച്ച തീരുമാനം എടുക്കണം.  എന്നിട്ട് റമദാൻ വരികയും അതു പൂർത്തിയാക്കുകയും ചെയ്താൽ തീരുമാനിച്ചത് പ്രവർത്തിക്കാൻ അവന് സാധിക്കും. ഇനി മരണം പിടികൂടുകയാണെങ്കിലോ ഉദ്ദേശിച്ചത് കൊണ്ട് അവന് പ്രതിഫലം രേഖപ്പെടുത്തും.

*ചില നോമ്പുകാരോട് നിർദേശിക്കാനുള്ളത്:*

അവർ നോമ്പു നോൽക്കുന്നത് തുടർന്നു വരുന്ന ഒരു ആചാരം എന്ന നിലയിലാണ്. നോമ്പിന് അതിനപ്പുറം ഒരർഥവും അവർ കാണുന്നില്ല.  അവർ ഈ തെറ്റു ചെയ്യുന്നത് നോമ്പിന്റെ ലക്ഷ്യം ശരിക്കും മനലോചിക്കേണ്ടതാണ്. നോമ്പ് തുറയുടെ ആലസ്യത്തിൽ മഗ്രിബ് ജമാഅത്ത് നഷ്ടപ്പെടുത്തുന്നവരും കുറവല്ല.

റമദാനിന്റെ പുതുമകളിൽ ആകർഷകമായ മറ്റൊന്ന് തറാവീഹ് നമസ്കാരമാണ്. ഗ്രാമങ്ങളിലെ ഊടുവഴികളിൽ പോലും ഇന്ന് വൈദ്യുതി വിളക്കുകളാണ്. ടോർച്ചിന്റെ ആവശ്യംപോലുമില്ല രാത്രിയിൽ ഇറങ്ങി നടക്കാൻ. പണ്ട്, ചൂട്ടായിരുന്നു വെളിച്ചം പകർന്നിരുന്നത്. വഴിനടക്കുന്നവർ വീശുന്ന ഓലച്ചൂട്ടുകളുടെ വെളിച്ചം ദൂരെനിന്നും ദർശിക്കാനാകും. ആൾപെരുമാറ്റമറിയാൻ ഒരു വലിയ സഹായമായിരുന്നു ആ വെളിച്ചം.

മഹല്ലിലെ പ്രധാന പള്ളിയങ്കണങ്ങളിൽ തറാവീഹ് നമസ്കാരത്തിന് ശേഷം വഅള് പരമ്പര നടക്കാറുണ്ടായിരുന്നു. അന്ന് പള്ളിപ്പറമ്പുകൾ ഒരുത്സവ പ്രതീതി ഉണ്ടാക്കിയിരുന്നു. ഒരു ഭാഗത്ത് കടല വിൽപനക്കാരായ പയ്യന്മാരുടെ ആരവങ്ങൾ. ആന-മയിൽ-ഒട്ടകം കളിക്കാർ മറ്റൊരു ഭാഗത്ത്. ആണും പെണ്ണുമായി പലഭാഗങ്ങളിൽനിന്ന് വഅള് കേൾക്കാൻ വന്നു ചേരുന്ന ആൾക്കൂട്ടങ്ങൾ. മുസ്ലിയാരുടെ ഈണത്തിലുള്ള വഅളും ഇടക്കിടെ ലേലം വിളികളും അനുബന്ധ ദുആകളും മറ്റും കുട്ടിക്കാലത്തെ റമദാൻ അനുഭവങ്ങളായി മനോനുകരത്തിൽ തെളിഞ്ഞ് വരികയാണ്. നീട്ടിവലിച്ചും പാട്ടുപാടിയും തന്മയത്വത്തോടെ കിസ്സകളാവർത്തിച്ചു പറഞ്ഞും വഅള് പറയാൻ വൈദഗ്ധ്യം നേടിയ മുസ്ല്യാക്കൾക്ക് നോമ്പ് കാലത്ത് നല്ല ഡിമാന്റാണ്. മഹല്ലുകൾക്ക് നല്ലൊരു വരുമാനമാർഗമായിരുന്നു ഈ വഅള് പരമ്പരകൾ.

ഇഫ്താർ വിരുന്നുകൾ റമദാൻ മാസത്തിലെ മറ്റൊരു കൗതുകമാണ്. പ്രാദേശിക മാറ്റങ്ങൾക്കനുസരിച്ചുള്ള മാറ്റം ഇതിലുമുണ്ടാകും. സൂര്യവെളിച്ചത്തിന് നിറഭേദം വരുന്ന സായാഹ്നത്തിൽ കോഴിക്കോട് നിവാസികളുടെ പാരമ്പര്യമനുസരിച്ച് നോമ്പ് തുറക്കാനുള്ള 'വിഭവച്ചുമടുകൾ' റോഡിലിറങ്ങാൻ തുടങ്ങും. ബന്ധുവീടുകളിലേക്ക് 'റമദാൻ കാഴ്ച'കൾ കൊടുത്ത് വിടുന്ന ആചാരപരമായ ഒരു സ്നേഹസ്പർശം.

കാലം മാറി. എല്ലാറ്റിലും മാറ്റം വന്നു. അനാചാരങ്ങളും അത്യാചാരങ്ങളും ഒരുപാട് അപ്രത്യക്ഷമായി. കേട്ടുകേൾവിക്കപ്പുറം മതം പ്രമാണങ്ങളിലൂടെ പഠിച്ചറിഞ്ഞവരുടെ എണ്ണം വർധിച്ചു. അതിന്റെ വെളിച്ചം സമുദായത്തിൽ പ്രകടമാണ്. ●

സ്സിലാക്കാത്തതു കൊണ്ടാണ്. വിശ്വാസത്തോടും പ്രതിഫലേച്ഛയോടും കൂടി നോമ്പ് നോൽക്കൽ അവർക്ക് നിർബന്ധമാണ്. അല്ലാഹുവിന്റെ മതചിഹ്നങ്ങളെ ആദരിക്കണം. അല്ലാഹുവിൽ വിശ്വസിച്ച് കൊണ്ടും അവനെ ഭയന്നുകൊണ്ടും അവനെ ആദരിച്ചുകൊണ്ടും അവനിൽ നിന്നുള്ള പ്രതിഫലം പ്രതീക്ഷിച്ച് കൊണ്ടും നോമ്പെടുക്കുന്നവൻ സംതൃപ്തനും മനസ്സമാധാനമുള്ളവനുമായിരിക്കും. നോമ്പെടുക്കുന്നതിൽ അവൻ സന്തുഷ്ടനായിരിക്കും. ഈ മാസത്തിലും നോമ്പെടുക്കാൻ അവന്റെ ആയുസ്സ് നീട്ടിക്കിട്ടിയതിൽ അവന്റെ രക്ഷിതാവിനോട് അവൻ നന്ദിയുള്ളവനായിരിക്കും. അവന്റെ മനസ്സിൽ അസ്വസ്ഥതയോ ഹൃദയത്തിൽ പ്രയാസമോ ഇടുക്കമോ ഉണ്ടായിരിക്കുകയില്ല. ജനങ്ങളിൽ ഏറ്റവും ഹൃദയ വിശാലതയുള്ളവനായി അവനെ കാണാം.

*ചില നോമ്പുകാരോട് സൂചിപ്പിക്കാനുള്ളത്:*

നോമ്പു തുറക്കുമ്പോൾ നബിചര്യ നടപ്പിലാക്കുന്നതിൽ അവർക്ക് താൽപര്യക്കുറവാണ്. കാരക്ക കൊണ്ടോ വെള്ളം കൊണ്ടോ നോമ്പുതുറക്കുന്നതിനെ അവർ പരിഗണിക്കുന്നില്ല. അത് അവരുടെ മുന്നിലുണ്ടായാലും അവർ മറ്റുള്ളതിനെയാണ് തെരഞ്ഞെടുക്കുക. ഇത് അനുവദനീയമാണെങ്കിലും നബി ചര്യക്കെതിരാണ്. കാരക്ക കൊണ്ട് നോമ്പ് തുറക്കലാണ് നബിചര്യ. അതില്ലെങ്കിൽ വെള്ളം കൊണ്ട്.

കാരക്ക കൊണ്ട് നോമ്പു തുറക്കുന്നതിൽ വലിയ അനുഗ്രഹമുണ്ട്. അതിൽ ആരോഗ്യ സംബന്ധമായ ഉപകാരവുമുണ്ട്. വൈദ്യശാസ്ത്രം പറയുന്നത് ശരീരം മധുരമുള്ള ഉൽപന്നങ്ങളെ അഞ്ചുമിനുട്ട് കൊണ്ട് പിടിച്ചെടുക്കും എന്നാണ്. അപ്പോൾ വെള്ളത്തിന്റെയും പഞ്ചസാരയുടെയും കുറവ് മൂലമുണ്ടാകുന്ന പ്രയാസങ്ങൾ നീങ്ങുന്നു. നോമ്പെടുക്കുമ്പോൾ രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറയുന്നുണ്ട്. അത് വിശക്കാൻ കാരണമാകും. കാരക്ക കഴിക്കുമ്പോൾ ഈ പ്രയാസം പെട്ടെന്ന് തന്നെ നീങ്ങും.

*ചില നോമ്പുകാരോട് സൂചിപ്പിക്കാനുള്ളത്:*

കാരണം കൂടാതെ നോമ്പുതുറ വൈകിക്കുന്നവരാണവർ. ഇത് നബിചര്യക്കെതിരാണ്. അതിന് ധൃതി കാണിക്കലാണ് നബിചര്യ. 'അത്താഴം വൈകിക്കുകയും നോമ്പ് തുറക്കാൻ ധൃതിപ്പെടുകയും ചെയ്യുന്നിടത്തോളം ജനങ്ങൾ നന്മയിലായിരിക്കും' (ബുഖാരി, മുസ്‌ലിം).

ജനങ്ങൾ നോമ്പ് തുറക്കാൻ വൈകിയാൽ അവരിൽ നിന്ന് നന്മ നീങ്ങിപ്പോകാൻ കാരണമാകും. കാരണം അവർക്ക് മതപരമായ ഉപകാരം നൽകുന്ന നബിചര്യയെ അവർ ഉപേക്ഷിച്ചു. അല്ലാഹുവിന് അവന്റെ അടിമകളിൽ വെച്ചേറ്റവും ഇഷ്ടം അവരിൽ നോമ്പു തുറക്കാൻ ധൃതികാണിക്കുന്നവനോടാണെന്ന് സ്വഹീഹു ഇബ്നു ഖുസൈമയിലും സുനനു തിർമിദിയിലും വന്നിട്ടുണ്ട്.

സൂര്യൻ അസ്തമിച്ചു എന്നുറപ്പായാൽ നോമ്പ് തുറക്കാൻ ധൃതി കാണിക്കണം. നബിചര്യ പിൻപറ്റുന്നതിന്റെ മഹത്വം ലഭിക്കാൻ വേണ്ടിയാണത്. ജമാഅത്തായി മഗ്‌രിബ് നമസ്കരിക്കാൻ വേണ്ടിയും.

*ചില നോമ്പുകാരോട് സൂചിപ്പിക്കാനുള്ളത്:*

അവർ മക്കളെ നോമ്പെടുക്കാൻ പരിശീലിപ്പിക്കുന്നതിലൽ അശ്രദ്ധരാണ്. ചിലപ്പോൾ കുട്ടികൾക്ക് അതിന് കഴിയുമെങ്കിൽ പോലും അവരെ തടയുന്നു. ഇത് ശരിയല്ല. നന്മകൾ കുട്ടികളെ ശീലിപ്പിക്കുക എന്നത് നബി(സ്വ)യുടെ ചര്യയിൽ പെട്ടതാണ്.

**ചിലനോമ്പുകാർക്കു പറ്റുന്ന അബദ്ധം**

ഇശാഅ് നമസ്കാരം നഷ്ടപ്പെടുത്തുക എന്നതാണ് അത്. നല്ല ഈണത്തിൽ ക്വുർആൻ പാരായണം ചെയ്യുന്ന ഇമാമിന്റെ പിന്നിൽ നമസ്കരിക്കാൻ വേണ്ടി പോകുമ്പോഴാണ് ഇത് പലപ്പോഴും സംഭവിക്കുന്നത്. ഇശാഅ് നേരത്തെ നമസ്ക്കരിക്കുന്നതാണ് ഉത്തമം. ഇശാഅ് നമസ്കാരം നഷ്ടപ്പെടും എന്ന് തോന്നിയാൽ ഏറ്റവും അടുത്ത പള്ളിയിൽ വെച്ച് അത് നമസ്കരിക്കണം. തറാവീഹ് നമസ്കാരം സുന്നത്താണ്. ഇശാഅ് നിർബന്ധവും.

*തറാവീഹിന് പള്ളിയിൽ പോകുന്നവരോട്:*

അവർ പള്ളിയിൽ എത്തുമ്പോൾ ഇമാം ഇശാഅ് നമസ്കരിക്കുകയായിരിക്കും. അവർ അദ്ദേഹത്തിന്റെ കൂടെ കൂടാതെ ഒറ്റക്ക് നമസ്കരിക്കും. അല്ലെങ്കിൽ ഇമാം തറാവീഹ് നമസ്കരിക്കുമ്പോൾ ആയിരിക്കും അവർ പള്ളിയിൽ വരുന്നത്. അവർ ഇശാഅ് നമസ്കരിക്കാതെ തറവീഹ് പൂർത്തിയാക്കും. ഇശാഅ് നമസ്കരിക്കാതെ തന്നെ പള്ളി വിട്ട് പോകുകയും ചെയ്യും. ഇതെല്ലാം അജ്ഞതയും പിഴവുമാണ്. പള്ളിയിൽ പ്രവേശിക്കുമ്പോൾ ഇമാം നമസ്കരിക്കുകയാണെങ്കിൽ അദ്ദേഹത്തിന്റെ കൂടെ നമസ്കരിക്കുകയും അദ്ദേഹം സലാം വീട്ടിയതിന് ശേഷം എഴുന്നേറ്റ് നഷ്ടപ്പെട്ടത് നമസ്കരിക്കുകയുമാണ് വേണ്ടത്.

പള്ളിയിൽ പ്രവേശിക്കുമ്പോൾ നമസ്കാരം തുടങ്ങാൻ പോകുകയാണെങ്കിൽ, അല്ലെങ്കിൽ തുടങ്ങിയിട്ടുണ്ടെങ്കിൽ അതിൽ പ്രവേശിക്കുകയാണ് വേണ്ടത്. തഹിയ്യത്ത് നമസ്കരിക്കേണ്ടതില്ല. കാരണം ഇക്വാമത്ത് കൊടുത്തു കഴിഞ്ഞാൽ പിന്നെ നിർബന്ധ നമസ്കാരമല്ലാതെ മറ്റൊരു നമസ്കാരം ഇല്ല.

എന്നാൽ പള്ളിയിൽ പ്രവേശിക്കുമ്പോൾ നമസ്കാരം നടക്കുകയല്ലെങ്കിൽ രണ്ടു റക്അത്ത് തഹിയ്യത്ത് നമസ്കരിക്കാതെ ഇരിക്കാനും പാടില്ല. ഇനി പള്ളിയിൽ പ്രവേശിക്കുമ്പോൾ ഇമാം തറവീഹ് നമസ്കരിക്കുകയാണ്; നാം ഇശാഅ് നമസ്ക്കരിച്ചിട്ടില്ല എങ്കിൽ ഇശാഅ് നമസ്കാരത്തിന്റെ നിയ്യത്ത് കരുതി അദ്ദേഹത്തിന്റെ (ഇമാമിന്റെ) കൂടെത്തന്നെ നമസ്കരിക്കേണ്ടതാണ്. അദ്ദേഹം സലാം വീട്ടിയതിനു ശേഷം എഴുന്നേറ്റ് ബാക്കിയുള്ള റക്അത്തുകൾ പൂർത്തിയാക്കണം.

**ചില സഹോദരിമാരോട്**

അവർ പള്ളിയിൽ വെച്ച് വല്ലാതെ സംസാരിക്കുന്നവരാണ്. ചിലപ്പോൾ അവർ അവരുടെ ശബ്ദം ഉയർത്തും. അവരുടെ അടുത്തുള്ളവരെ പ്രയാസപ്പെടുത്തുകയും ദിക്റിൽ നിന്ന് അശ്രദ്ധരാക്കുകയും ചെയ്യും. പ്രാർഥിക്കുകയോ ക്വുർആൻ ഓതുകയോ ഉപദേശങ്ങൾ കേൾക്കുകയയോ ചെയ്യുന്നവരെ ഇക്കൂട്ടർ ശ്രദ്ധ തെറ്റിക്കും. പള്ളിയിൽ പ്രവേശിച്ചാൽ പ്രത്യേകിച്ചും സ്ത്രീക്ക് മര്യാദയും ശാന്തതയും അടക്കവും ലജ്ജയും അത്യാവശ്യമാണ്.

ലേഖനം

മുഹമ്മദ് ജാസിം

# ക്വുർആൻ പാരായണം ചില മര്യാദകൾ

മധുരമാണ് ക്വുർആൻ. വിശ്വാസിലോകത്തിന്റെ ആത്മീയ ഉത്തേജകം. സർവശക്തന്റെ വാക്കുകൾ. പാരായണം ചെയ്യുന്നവരുടെ പദവികൾ ഉയർത്തപ്പെടാൻ കാരണമാകുന്ന അത്ഭുത ഗ്രന്ഥം. തിന്മയുടെ പ്രതീകങ്ങളായി ജീവിച്ച ജനസഞ്ചയത്തെ നന്മയുടെ പ്രതീകങ്ങളാക്കി മാറ്റിയ വിസ്മയ ഗ്രന്ഥം. നൂറ്റാണ്ടുകളെ അതിജയിച്ച് നിത്യനൂതനമായി നിലനിൽക്കുന്ന വേദഗ്രന്ഥം. ആരെയും ആകർഷിക്കുന്ന സാഹിത്യശൈലി. അതുല്യമായ വാചക ഘടന. അതിലെ ഓരോ അക്ഷരവും ഉരുവിടുമ്പോൾ ഇരട്ടിയിരട്ടിയായി പ്രതിഫലം രേഖപ്പെടുത്തപ്പെടും. അതാണ് പരിശുദ്ധ ക്വുർആൻ. മനുഷ്യജീവിതത്തിന് അതിർവരമ്പുകളും നിയമങ്ങളും ചട്ടങ്ങളും കാണിച്ച് കൊടുക്കുന്നതോടൊപ്പം മരണത്തെക്കുറിച്ചും പരലോകത്തെക്കുറിച്ചും സ്വർഗം, നരകം, എന്നിവയെക്കുറിച്ചുമെല്ലാമുള്ള ബോധം വിശ്വാസിയുടെ ഹൃദയത്തിൽ നട്ടുപിടിപ്പിക്കുന്ന ഉത്തമ ഗ്രന്ഥം.

വിശ്വാസിയെ സംബന്ധിച്ചിടത്തോളം മറ്റു പുസ്തകങ്ങളോടുള്ള സമീപനമല്ല ക്വുർആനിനോടുള്ളത്. ഒരു വ്യക്തിയെ ആദരിക്കുന്നതിന്റെയും ബഹുമാനിക്കുന്നതിന്റെയും ഭാഗമാണല്ലോ അദ്ദേഹത്തിന്റെ വാക്കുകളെ മുഖവിലക്കെടുക്കുകയെന്നത്. എങ്കിൽ പ്രപഞ്ച സ്രഷ്ടാവിന്റെ വാക്കുകൾക്ക് നാം എത്ര ഗാംഭീര്യം കാണണം!

നൂഹ് നബി(അ) തന്റെ ജനതയോട് ചോദിച്ചത് ശ്രദ്ധേയമാണ്: "നിങ്ങൾക്കെന്തു പറ്റി? അല്ലാഹുവിന് ഒരു ഗാംഭീര്യവും നിങ്ങൾ പ്രതീക്ഷിക്കുന്നില്ല!.." (71: 13).

ക്വുർആൻ പാരായണം ചെയ്യുന്നത് ആദരവോടും ഗൗരവത്തോടും കൂടിയാവണം; കേവലം മനുഷ്യനിർമിത രചനകൾ വായിക്കുന്നതുപോലെയാവരുത്. പ്രവാചക വചനങ്ങളിലും ക്വുർആനിലും ധാരാളം മര്യാദകൾ ഇത് സംബന്ധമായി നമുക്ക് കാണാം. അതിൽ ചിലത് താഴെ കൊടുക്കുന്നു:

1). ക്വുർആൻ പാരായണം ചെയ്യുന്നതിന് മുമ്പ് അല്ലാഹുവിനോട് ശരണം തേടുക: അല്ലാഹു പറയുന്നു: "നീ ക്വുർആൻ പാരായണം ചെയ്യുകയാണെങ്കിൽ ശപിക്കപ്പെട്ട പിശാചിൽ നിന്ന് അല്ലാഹുവോട് ശരണം തേടിക്കൊള്ളുക" (16:98). 'അഊദു ബില്ലാഹി മിനശ്ശൈത്വാനിർറജീം' എന്നോ 'അഊദു ബില്ലാഹിസ്സമീഇൽ അലീമി മിനശ്ശൈത്വാനിർറജീം' എന്നോ പറയാവുന്നതാണ്.

2). ഓരോ അധ്യായം തുടങ്ങുമ്പോഴും ബിസ്മി ചൊല്ലുക.

3). ക്വുർആൻ ഓതുന്നത് കേട്ടുകഴിഞ്ഞാൽ മൗനം പാലിക്കുക: "ക്വുർആൻ പാരായണം ചെയ്യപ്പെട്ടാൽ നിങ്ങളത് ശ്രദ്ധിച്ചു കേൾക്കുകയും നിശ്ശബ്ത പാലിക്കുകയും ചെയ്യുക. നിങ്ങൽക്ക് കാരുണ്യം ലഭിച്ചേക്കാം" (7: 204).

എന്നാൽ ക്വുർആൻ പാരായണം ചെയ്യപ്പെടുന്ന സദസ്സിൽ ശബ്ദകോലാഹലങ്ങൾ ഉണ്ടാക്കുക എന്നത് ബഹുദൈവ വിശ്വാസികളുടെ ലക്ഷണമാണ്.

അല്ലാഹുപറയുന്നു: "സത്യനിഷേധികൾ പറഞ്ഞു: നിങ്ങൾ ഈ ക്വുർആൻ ശ്രദ്ധിച്ചു കേൾക്കരുത്. അത് പാരായണം ചെയ്യുമ്പോൾ നിങ്ങൾ ബഹളമുണ്ടാക്കുക. നിങ്ങൾക്ക് അതിനെ അതിജയിക്കാൻ കഴിഞ്ഞേക്കാം" (41:26).

4). ക്വുർആൻ പാരായണം ചെയ്യുന്ന വ്യക്തി തന്റെ ശബ്ദം നന്നാക്കണം. അതോടൊപ്പം പാരായണ ശൈലിയും തന്റെ കഴിവിനനുസരിച്ച് നന്നാക്കാൻ ശ്രമിക്കണം. എന്നാൽ നിഷിദ്ധമായ മ്യൂസിക് പോലുള്ളവ ഉപയോഗപ്പെടുത്തി ക്വുർആൻ പാരായണം ചെയ്യാവുന്നതല്ല.

5) ക്വുർആൻ പാരായണം ചെയ്യുമ്പോഴും കേൾക്കുമ്പോഴും ആയത്തുകളുടെ അർഥവും ലക്ഷ്യവും മനസ്സിലാക്കി ഉറ്റാലോചിക്കുക. അല്ലാഹു പറഞ്ഞു: "അപ്പോൾ അവർ ക്വുർആൻ ചിന്തിച്ചു മനസ്സിലാക്കുന്നില്ലേ? അതല്ല, ഹൃദയങ്ങളിൻമേൽ പൂട്ടുകളിട്ടിരിക്കയാണോ?" (47:24).

6). ക്വുർആൻ പാരായണം ചെയ്യുന്ന വ്യക്തി ക്വുർആനിന്റെ ആശയങ്ങൾക്ക് എതിരായി ജീവിക്കുന്നതിനെ തൊട്ട് ജാഗരൂകനാകണം. ക്വുർആനിന്റെ കൽപനാ നിർദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കഴിവിന്റെ പരമാവധി ജീവിക്കാൻ ശ്രദ്ധിക്കുകയും വേണം. അല്ലെങ്കിൽ നമ്മൾ ക്വുർആനിനെ അവഗണിച്ചവരുടെ കൂട്ടത്തിലായിത്തീരും. അല്ലാഹു പറയുന്നു: "(അന്ന്) റസൂൽ പറയും: എന്റെ രക്ഷിതാവേ, തീർച്ചയായും എന്റെ ജനത ഈ ക്വുർആനിനെ അഗണ്യമാക്കി തള്ളിക്കളഞ്ഞിരിക്കുന്നു" (25:30).

7). ക്വുർആൻ പാരായണത്തിന് വിരാമം കുറിക്കുമ്പോൾ പ്രാർഥനയോടെ നിർത്തുക.

8). അല്ലാഹുവിന്റെ പ്രീതി മാത്രം ഉദ്ദേശിച്ച് പാരായണം ചെയ്യാൻ ശ്രദ്ധിക്കുക. ഏതൊരു കർമവും ഉദ്ദേശ്യമനുസരിച്ചാണല്ലോ സ്വീകരിക്കപ്പെടുക.

9). ക്വുർആൻ പാരായണം ചെയ്യുന്നത് മറ്റെന്തെങ്കിലും ലക്ഷ്യം വെച്ചിട്ടാണെങ്കിൽ അത് നിഷിദ്ധമാകുന്നതാണ്; കൂലിക്ക് വേണ്ടിയോ മറ്റുള്ളവരാൽ പുകഴ്ത്തപ്പെടാൻ വേണ്ടിയോ പാരായണം ചെയ്യുന്നത് പോലെ.

# പീസ് റേഡിയോ രണ്ടാം വർഷത്തിലേക്ക്...




24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...

താങ്കൾ കേട്ടു തുടങ്ങിയോ?

peaceradio

Tune to reality

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio | Search peace radio App

www.peaceradio.com

Scan QR Code

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322

www.peaceradio.com | radiopeace | peaceradionow | +91 9544795099

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on 27 May 2017

Reg NO: KL/CT/225/2016-18
Price: ₹15/-

# Wisdom Books

PUBLISHING ■ DISTRIBUTION

E.K.P. Building, Calicut
web:www.wisdomislam.org
E-mail: publication@wisdomilsam.org
9497714525,9846048393,9895185814

## പുതിയ പുസ്തകങ്ങൾ

1 **വിശ്വാസിയുടെ നമസ്കാരം**
ഫദ്ലുൽ ഹഖ് ഉമരി
പേജ് :126 ❙ വില : 90

2 **ഇസ്‌ലാം നിർഭയത്വത്തിന്റെ മതം**
പി. എൻ. അബ്ദുറഹ്മാൻ
പേജ് :58 ❙ വില : 40

3 **നമസ്കാരത്തിലെ പ്രാർഥനകളും പ്രകീർത്തനങ്ങളും അർഥസഹിതം**
ഡോ. ജലാലുൽ ഹഖ് സലഫി
പേജ് :54 ❙ വില : 40

4 **റമദാൻ: നാം അറിയേണ്ടതും ചെയ്യേണ്ടതും**
അബ്ബാസ് ചെറുതുരുത്തി
പേജ് :48 ❙ വില : 40

5 **ക്വുർആൻ പഠന ക്വിസ്**
ഡോ. പി. കെ. അബ്ദുറസാഖ് സുല്ലമി
പേജ് : 90 ❙ വില : 70

6 **ലാ ഇലാഹ ഇല്ലല്ലാഹ്**
ഫദ്ലുൽ ഹഖ് ഉമരി
പേജ് :104 ❙ വില : 90

7 **ഇസ്‌ലാം അടിസ്ഥാന തത്ത്വങ്ങൾ**
ഇമാം അഹ്മദ് (വിവ: മൂസ സ്വലാഹി കാര)
പേജ് :100 ❙ വില : 90

**പ്രീ പബ്ലിക്കേഷൻ ആനുകൂല്യം**
**460 രൂപ വില വരുന്ന 7 പുസ്തകങ്ങൾ 350 രൂപക്ക്**

**റമദാൻ സ്പെഷ്യൽ ഡിസ്കൗണ്ട്**
**2460 രൂപയുടെ പുസ്തകങ്ങൾ 2000 രൂപക്ക്**